www.malankaralibrary.com

പാട്ടുകളുടെ പാട്ട് | കൗമാരപ്രണയം | ഇറോം ഷർമ്മിള | ബോബി ജോസ്

# കാരുണികൻ

Vol.7 No.01 Jan 2010

Rs. 25/-

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



www.malankaralibrary.com



ഒരാളിൽ ഉളവാകുന്ന പാഷനേറ്റ് സ്നേഹമാണ് പ്രണയം. അത് ഒരു വ്യക്തിയോടാകാം, സന്ദേശത്തോടാകാം, അഥവാ ഒരിടത്തോടാകാം. മനുഷ്യജീവിതത്തെ മുന്നോട്ടു നയിക്കുന്നത് ഈ ആന്തരിക ചൈതന്യമാണ്. അതവസാനിക്കുന്നിടത്താണ് ജീവിതം വഴിമുട്ടി നിന്നുപോകുന്നത്.

പ്രണയമാണ് ഇത്തവണത്തെ പ്രമേയം. ഫാദർ ബോബി കട്ടിക്കാടിന്റെ വിചിന്തനമാണ് ഈ ലക്കത്തിന്റെ വഴികാട്ടി. കൂടെ ഡോ. ഡേവിഡ് തെക്കേക്കരയുടെയും, ഡോ. മാത്യു ഇല്ലത്തുപറമ്പിലിന്റെയും കുറിപ്പുകൾ പ്രണയത്തിന്റെ വൈവിധ്യത്തിലേക്ക് വെളിച്ചം വിതറുന്നു. മണിപ്പൂരിലെ ഇറോം ഷാർമിളയെന്ന യുവതി അസാധാരണമായൊരു പ്രണയത്തിന്റെ രക്തസാക്ഷിയാണ്. കൂടാതെ പ്രണയത്തിന്റെ പ്രായോഗികതകളെ അവതരിപ്പിക്കുന്ന ചില കുറിപ്പുകളും.

കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com




# വായിക്കാനും സമ്മാനിക്കാനും

## കാരുണികൻ (വചനബോധിയോടൊപ്പം)

വാർഷിക വരിസംഖ്യ : Rs. 250/-
ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും
മതപഠനാധ്യാപകർക്കും: Rs. 150/-

വൈദികർ വരിസംഖ്യയ്ക്കു പകരം 5 കുർബാന നിയോഗം (കത്തയയ്ക്കുക)
സർക്കുലേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ബന്ധപ്പെടുക:

ഫാ. തോമസ് വാണിയപ്പുരക്കൽ
mobile: 9446944838

**വിലാസം:** എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ. എറണാകുളം - 682 015 ഫോൺ : 0484 - 2665233 ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com website: www.karunikan.com


**ബുക്ക് റിവ്യൂസ്** : പുസ്തക പരിചയത്തിന് പുസ്തകത്തിന്റെ രണ്ടു കോപ്പികൾ വീതം അയയ്ക്കുക.
ബുക്ക് റിവ്യൂ എഡിറ്റർ,
കാരുണികൻ
പെരുമാനൂർ പി.ഒ.
എറണാകുളം-682015.

**കോപ്പികൾക്ക്**
സർക്കുലേഷൻ മാനേജർ,
കാരുണികൻ
പെരുമാനൂർ പി.ഒ.
എറണാകുളം-682015.

**വരിസംഖ്യ :**
ഒരു കോപ്പിക്ക് 25.00 രൂപ.
ഒരു വർഷത്തേയ്ക്ക് 250.00 രൂപ.
ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും മതാദ്ധ്യാപകർക്കും 150 രൂപ
വിദേശത്തേക്ക് $ 40
5 വർഷത്തേക്ക് 1000 രൂപ
ആജീവനാന്ത സബ്സ്ക്രിപ്ഷൻ 5,000 രൂപ

**വാർത്തകളും പരസ്യങ്ങളും**
കാരുണികനിലേക്ക് വാർത്തകളും പരസ്യങ്ങളും സ്വാഗതം ചെയ്യുന്നു. പരസ്യ നിരക്ക് താഴെ കൊടുക്കുന്നു.
Back Cover (colour) : Rs. 10,000/-
Back Cover (inside) : Rs. 7,500/-
Full Page : Rs. 5,000/-
Half Page : Rs. 3,000/-

www.malankaralibrary.com



കാരുണികൻ
പുസ്തകം ഏഴ് ലക്കം ഒന്ന്
2010 ജനുവരി

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹ രക്ഷാധികാരി**
ഡോ. തോമസ് പ്ലാത്തോട്ടത്തിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
സി. ലീല പെരുമ്പള്ളിൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് വാണിയപ്പുരയ്ക്കൽ

**രൂപകല്പന**
അനിൽ Ad fx

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**കവർ ഫോട്ടോ**
നിയാസ് മരിക്കാർ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## ഇണക്കുരുവികൾ

ഈയിടെ ഇന്റർനെറ്റിൽ പ്രചരിച്ച ഒരു ഫോട്ടോ ഫീച്ചറുണ്ട്. ഒരു ജോഡി കുരുവികളുടെ ആറ് ഫോട്ടോകളാണത്. കുരുവിയെ നമുക്കറിയാമല്ലോ. വളര ചെറിയൊരു പക്ഷി. എന്നാലും ഏതു ഹൃദയത്തിന്റെയും ഓമനത്വം പിടിച്ചുപറ്റാനാവശ്യമായതെല്ലാം അവന്റെ പറക്കലിനും സ്വഭാവത്തിനും സ്വന്തം.

ഒന്നാമത്തെ പടം നിലത്തു വീണുകിടക്കുന്ന ഒരു പെൺ കുരുവിയുടേതാണ്. ചിറകൊടിഞ്ഞ് മാരകമായി പരിക്കുപറ്റിയാണ് കിടപ്പ്. റോഡിന് കുറുകെ താണുപറന്നപ്പോൾ കാറിടിച്ചതാണ്. രണ്ടാമത്തെ പടത്തിലാണ് കഥാനായകൻ രംഗപ്രവേശം ചെയ്യുന്നത്. താണു പറന്ന് ചിറകുവിരിച്ച് ഇണയുടെ ചുണ്ടിലേക്ക് ഭക്ഷണം പകർന്നുകൊടുക്കുന്ന കാമുകൻ. പ്രേയസിയുടെ അപകടമറിഞ്ഞ് അവളെ ശുശ്രൂഷിച്ച് രക്ഷിക്കാൻ എത്തിയതാണ്.

എന്നാൽ അവന്റെ പരിശ്രമങ്ങൾക്കൊന്നും ഇണയെ രക്ഷിക്കാനായില്ല. അവൾ തന്റെ പരിക്കുകൾക്ക് കീഴടങ്ങി, മരിച്ചു. അവിടെയാണ് മൂന്നാമത്തെ ഷോട്ട്. മരിച്ചു കിടക്കുന്ന ഇണയുടെ ശരീരത്തിലേക്ക് ഇരുകാലുകളും ചേർത്തുവച്ച് ചിറകുകൊണ്ട് ബാലൻസ് പിടിച്ച് അവളെ അവൻ കുലുക്കി ഉണർത്താൻ ശ്രമിക്കുന്നു. ഉണരുന്നില്ലെന്ന് തിരിച്ചറി

www.malankaralibrary.com



യുന്നിടത്താണ് അവന്റെ ഹൃദയവിലാപം. ഇണക്കിളിയുടെ മൃതശരീരത്തിനരികെയിരുന്ന് അവൻ ഹൃദയം തകർന്ന് കരയുന്ന ചിത്രങ്ങളാണ് പിന്നീടുള്ളത്. മരിച്ചെന്നറിഞ്ഞിട്ടും, ഇനി ഉണരില്ലെന്ന് ഉറപ്പായിട്ടും, ഇനി കൂടെ പറക്കില്ലെന്നറിഞ്ഞിട്ടും വിട്ടുപോകാതെ നിന്ന് വിലപിക്കുന്ന ഇണക്കുരുവി. ഇതല്ലാതെ മറ്റെന്താണ് പ്രണയത്തിന്റെ ഭാവം.

ഈയിടെ നടന്ന ഒരു ശവസംസ്ക്കാരം. 82 കഴിഞ്ഞ അമ്മച്ചിയാണ് മരിച്ചത്. കുറെക്കാലമായി അപ്പച്ചനും അമ്മച്ചിയും മാത്രമായിരുന്നു വീട്ടിൽ. മക്കളെല്ലാം അകലെയും വിദേശത്തും. രണ്ടുപേർക്കും പ്രായാധിക്യവും രോഗങ്ങളും. എന്നാലും അപ്പച്ചന്റെ കാര്യം അമ്മച്ചി അന്വേഷിക്കും, അമ്മച്ചിയുടെ കാര്യം അപ്പച്ചനും. കൊന്തചെല്ലുമ്പോൾ ഒന്നാം രഹസ്യം അപ്പച്ചൻ; രണ്ടാമത്തേത് അമ്മച്ചി. കുർബാന കൊടുക്കാൻ കൊണ്ടുചെല്ലുമ്പോൾ അപ്പച്ചന് കൊടുത്തിട്ടുമതി തനിക്കെന്ന് അമ്മച്ചിക്ക് നിർബന്ധം. ശവമഞ്ചത്തിനരികിൽ നിന്ന് മാറാതെ നീണ്ടമണിക്കൂറുകൾ അപ്പച്ചനിരുന്നു. അടക്കിക്കഴിഞ്ഞിട്ടും കല്ലറക്കരികിൽ ചുറ്റിപ്പറ്റി നിന്നു, വിട്ടിട്ടു പോരാൻ മനസ്സില്ലാതെ. ഇന്റർനെറ്റിലെ ഇണക്കുരുവികൾക്ക് മാനുഷരൂപം കിട്ടിയതുപോലെ!

യേശുവിന്റെ ജീവിതത്തെയും പഠനങ്ങളെയും സ്നേഹമെന്ന ഒറ്റവാക്കിൽ ഒതുക്കാമെന്ന് നമ്മൾ സാധാരണ പറയാറുണ്ട്. അത് ശരിയാണുതാനും. അതിലൂടെനമ്മൾ അറിയാതെ പ്രഖ്യാപിക്കുന്നൊരു സത്യമുണ്ട്- പ്രണയമാണ് ക്രിസ്തീയതയുടെ ആത്മാവ്. നിർവ്വചനത്തിനും വിശദീകരണത്തിനുമപ്പുറം അനുഭവമാണ് പ്രണയത്തിന്റെ കളരി.

ഗലീലിത്തീരമായിരുന്നു യേശുവിന്റെ പ്രധാന പ്രവർത്തന രംഗം. ഇന്നവിടെ സന്ദർശകരെ ഏറ്റവും ആകർഷിക്കുന്നത് തടാകത്തീരത്ത് തകർന്ന് കിടക്കുന്ന കഫർണാ പട്ടണവും അതിന്റെ നടക്കുള്ള ദേവാലയവുമാണ്. ദേവാലയത്തിനടിയിൽ പത്രോസിന്റെ വീടിന്റെ അവശിഷ്ടങ്ങളാണ്. തൊട്ടടുത്ത് ഒരു മൂലക്ക് ഒരു കല്ലറയുണ്ട്; ഇറ്റലിക്കാരൻ വിർജിലിയോ കോർബോയെന്ന ഫ്രാൻസിങ്കൽ വൈദികന്റെ. പതിറ്റാണ്ടുകൾ നീണ്ടുനിന്ന അദ്ദേഹത്തിന്റെ ഗവേഷണഫലമായിട്ടാണ് പത്രോസിന്റെ ഭവനവും കഫർണാമിലെ സിനഗോഗുമൊക്കെ വീണ്ടും വെളിച്ചം കണ്ടത്. “കഫർണാമുമായി അദ്ദേഹം പാഷനേറ്റ് സ്നേഹത്തിലായിരുന്നു” പറയുന്നത് അദ്ദേഹത്തിന്റെ സഹപ്രവർത്തകനും ആർക്കിയോളജിസ്റ്റുമായിരുന്ന ഫാ. സ്റ്റനിസ്ലവോ ലൊഫ്രേദ.

അപരനന്മയും അതിനായുള്ള ആത്മാനുഹൂതിയുമായിരുന്നു യേശു പഠിപ്പിച്ച സ്നേഹത്തിന്റെ ഹൃദയം. യഥാർത്ഥ പ്രണയത്തിലെല്ലാം ഇത്തരമൊരു പരോന്മുഖത ഒളിഞ്ഞിരിപ്പുണ്ടെന്നതാണ് സത്യം. ജീവിതത്തിന്റെ ഏതെങ്കിലും സന്ദർഭങ്ങളിലൊക്കെ

www.malankaralibrary.com

ഇത് അനുഭ വിക്കാത്തവരായി ആരും തന്നെ കാണുമെന്നും തോന്നുന്നില്ല. അത്തരം ജീവിതാനുഭവങ്ങളിലേക്കുള്ള തിരിച്ചുപോക്കിനും അവയുടെ ശക്തിപ്പെടുത്തലിനും ഈ ലക്കം പ്രേരകമായാൽ ഈ ഓർമ്മപ്പെടുത്തൽശ്രമം ഫലവത്തായിയെന്നർത്ഥം.

ആധ്യാത്മിക സാഹിത്യത്തിൽ കൈരളിയുടെ പുല്ലാങ്കുഴലാണ് ഫാ. ബോബി ജോസ് കട്ടിക്കാട്. അതേപോലെ, ക്രിസ്തീയ ധിഷണയുടെ മറ്റൊരു പുണ്യമാണ് ഫാ. മാത്യു ഇല്ലത്തുപറമ്പിൽ. മൂന്നാമത് ഒരു വാചകം കൂടി പറയട്ടെ. ആക്ടിവിസം എന്ന് വിളിക്കുന്ന ക്രൈസ്തവ കർമ്മസാധനയുടെ പ്രതിരൂപമാണ് ഫാ. അഗസ്റ്റിൻ വട്ടോളി. പ്രണയ സ്മരണകളിലേക്ക് ഇത്തവണ കൈപിടിച്ചു നടത്തുന്നത് ഇവർ മൂവരുമാണ്. മൂന്നുപേരും പ്രണയത്തെ മൂന്നു തലങ്ങളിൽ നിന്ന് അവതരിപ്പിക്കുന്നു. വൈവിധ്യമാർന്ന ഈ വായനാനുഭവത്തിലേക്ക് വായനക്കാരെ സ്വാഗതം ചെയ്യുന്നു.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


12

## പാട്ടുകളുടെ പാട്ട്

ആധ്യാത്മികസാഹിത്യത്തിൽ കൈരളിയുടെ പുല്ലാംകുഴലാണ് ബോബി ജോസ് കപ്പൂച്ചിൻ. ഇക്കുറി അതിൽ നിന്ന് ഒഴുകുന്ന ആത്മഗീതം പ്രണയത്തെക്കുറിച്ചാണ്. പ്രണയത്തെക്കുറിച്ചുള്ള ഫാ. ബോബിയുടെ വിചിന്തനങ്ങളാണ് ഈ ലേഖനം.

18

## ഇറോം ഷാർമിള

മണിപ്പൂരിലെ ഇറോം ഷാർമിളയെന്ന യുവതിയുടെ നിരാഹാരസമരം 10-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ഗാന്ധിയൻ സഹനസമരത്തിന്റെ ഏറ്റവും ദൈർഘ്യമേറിയ പതിപ്പാണിത്. 10-ാം വാർഷികത്തിൽ പങ്കെടുത്ത ഫാ. അഗസ്റ്റിൻ വട്ടോളി എഴുതുന്നു.

21

## പ്രണയിക്കുന്ന ദമ്പതികൾ

കാലപ്പഴക്കത്തിൽ പലരിലും പ്രണയം വറ്റിപോകുന്നു. ദാമ്പത്യത്തിലെ പ്രണയഭാവം നിലനിർത്തുകയാണ് ദാമ്പത്യവിജയത്തിന്റെ രഹസ്യം. ഇത് എങ്ങനെ സാധിക്കാമെന്ന് പ്രഗത്ഭ സൈക്യാട്രിസ്റ്റ് ഡോ. സി. ജെ ജോൺ വിശദീകരിക്കുന്നു.




21


24

## കൗമാര പ്രണയം


ജീവിതത്തിന്റെ വസന്തമാണ് കൗമാരം. പ്രണയം മുളയെടുക്കുന്ന ഈ കാലത്ത് മക്കളെ വഴി നടത്തേണ്ടത് എങ്ങനെ? രക്ഷിതാക്കളും അദ്ധ്യാപകരും, ആത്മീയപാലകരും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ കുറിക്കുന്നത് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. പോൾ തേർലി.

28

## പ്രണയ പുണ്യങ്ങൾ

പ്രണയത്തിന്റെ ധാർമ്മികതകളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ ലേഖനം. എപ്പോഴാണ് പ്രണയം ആത്മീയതയെ തൊടുന്നതും ദൈവികമാകുന്നതും എന്ന് വിശദീകരിക്കുന്നത് ഡോ. മാത്യു ഇല്ലത്തുപറമ്പിൽ.

www.malankaralibrary.com





3 എഡിറ്റോറിയൽ

8 പ്രതികരണങ്ങൾ

40 കാനോനിക്കൽ കൗൺസെൽ
ഡോ. ജോസ് ചിറമേൽ

45 നേർമൊഴി

46 അന്ത്യവിധി

12



24



**കവർ മോഡൽ**

മീരാ നന്ദൻ

''സ്വകാര്യപ്രണയമില്ലെങ്കിലും പ്രണയത്തോട് എനിക്ക് എതിർപ്പൊന്നുമില്ല. പ്രണയത്തെക്കുറിച്ചുള്ള എന്റെ ഓർമ്മ. സ്കൂളിൽ പഠിക്കുന്ന കാലം. പലരുടെയും പ്രണയത്തെ ശക്തിപ്പെടുത്തുന്നതിൽ പലപ്പോഴും എന്റെ സാന്നി ധ്യം ഉണ്ടായിട്ടുണ്ട്''

32

## നാളത്തെ ശുശ്രൂഷകൾ

സമർപ്പണ ജീവിതം ഏറെ വെല്ലുവിളികൾ നേരിട്ടു കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. കേരളത്തിലെ ചിലപ്രമുഖ സന്യാസിനി സമൂഹങ്ങളുടെ ജനറാളമ്മമാരായി അടുത്ത കാലത്ത് തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റേഴ്സ് സന്യാസ ജീവിതത്തെക്കുറിച്ചു നടത്തിയ അവലോകനം.

36

## പ്രണയഗീതം

ബൈബിളിലെ പ്രണയഗീതമാണ് പാട്ടുകളുടെ പാട്ടെന്ന ഉത്തമഗീതം. ഇതിന്റെ അർത്ഥതലങ്ങളെ അക്കാദമിക്കായി വിശകലനം ചെയ്യുന്നത് ഡോ. ഡേവിഡ് തെക്കേക്കര.

www.malankaralibrary.com

# പ്രതികരണങ്ങൾ

കാരുണികനിലെ വിഭവങ്ങളോട് പ്രതികരിക്കുന്നവർ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ മുതൽ സാധാരണക്കാർ വരെയുണ്ട്. ക്രിയാത്മകമായ ഒരു ചർച്ചയാണ് പ്രതികരണങ്ങളിലൂടെ പുറത്തുവരുന്നത്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റുപറയുന്നു. തുറന്ന ആശയപ്രകടനത്തിലൂടെയും പ്രതിപക്ഷ ബഹുമാനത്തോടെയുമുള്ള സംവാദത്തിലൂടെയും സമൂഹത്തിലെ മൂല്യശ്രേണിക്ക് ക്രിസ്തീയമായ ദിശാബോധം നൽകുന്ന പ്രക്രിയയിൽ നാം പങ്കുചേരുകയാണ്.




## യേശുവിനെപ്പോലെ സംസാരിക്കാൻ

'യേശുവിനെപ്പോലെ സംസാരിക്കാം' എന്ന നാലുപറയിലച്ചന്റെ വെല്ലുവിളി വളരെ ഹൃദ്യമായി. ഒറ്റശ്വാസത്തിൽ വായിച്ചു... പിന്നെ വീണ്ടും വീണ്ടും വായിച്ചു. ഞാനടക്കമുള്ള സന്യസ്തരും വൈദികരുമൊക്കെ യേശുവിനെപ്പോലെ സംസാരിക്കാൻ, പ്രവർത്തിക്കാൻ വിളിക്കപ്പെട്ടവരാണല്ലോ എന്ന് അല്പം കുറ്റബോധത്തോടെ തന്നെ ഓർത്തുപോയി. യേശു പറഞ്ഞുതരുന്ന സുവിശേഷം എത്ര ലളിതം. അതു ജീവിക്കുക ദുഷ്ക്കരമായതുകൊണ്ടാണോ നാം അതിനെ കടിച്ചാൽ പൊട്ടാത്ത ദൈവശാസ്ത്ര ഗുളികകൾ ആക്കുന്നത് എന്ന സംശയവും തോന്നി. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് പുതുവർഷം തുടങ്ങാം എന്നു തീരുമാനിച്ചിരിക്കുകയാണ് ഞാൻ. കാരുണികനു നന്ദി.




**സി. സ്റ്റെല്ല ജയിംസ്,**
ന്യൂഡൽഹി

## കൊച്ചുതിരി

ഡിസംബർ ലക്കത്തിലെ കാരുണികൻ എല്ലാം കൊണ്ടും മികവുറ്റതായി തോന്നി. ആകർഷകമായ കവർ. അതിലും ഹൃദ്യമായ എഡിറ്റോറിയൽ. സഭയുടെ സുവിശേഷവത്ക്കരണ ദൗത്യത്തിൽ മാധ്യമങ്ങൾ, പ്രത്യേകിച്ച് ജനപ്രിയ മാധ്യമങ്ങൾ ടി. വി. സിനിമ എത്ര വലിയ സ്വാധീനമാണെന്നു സമർത്ഥിക്കുവാൻ കഴിഞ്ഞു. കോടികൾ മുടക്കി എൻജിനീയറിങ് കോളേജുകളും മെഡിക്കൽ കോളേജുകളും നടത്തുന്ന സഭയ്ക്ക് തീർച്ചയായും മീഡിയാ രംഗത്ത് വളരെ വലിയ ഒരു സംഭാവന നല്കാൻ കഴിയും, കഴിയണം. എല്ലാ രംഗങ്ങളിലും ജീർണ്ണത സംഭവിക്കുന്നു എന്ന് വിളിച്ചുപറയുന്നതിനേക്കാൾ എത്രയോ ശ്രേഷ്ഠമാണ് മനുഷ്യമനസ്സുകളിൽ നന്മ പ്രസരിപ്പിക്കുന്നത്. അതും മാധ്യമശൈലിയിൽ, ആകർഷകമായി, തിരസ്ക്കരിക്കാൻ പറ്റാത്ത രീതിയിൽ. ഇരുട്ടിനെ പഴിക്കുന്നതിലും നന്ന് ഒരു കൊച്ചു വെളിച്ചം തെളിക്കുന്നതല്ലേ?

**ഫ്രാങ്കോ വി.**
തൃശ്ശൂർ

www.malankaralibrary.com

## ഉൾക്കാഴ്ച തരുന്ന ലേഖനം

ഡോ. ജോസ് പാലക്കീൽ 'സഭയുടെ മാധ്യമവീക്ഷണത്തെക്കുറിച്ച് നടത്തിയ അവലോകനം പുതിയ അറിവും കാഴ്ചപ്പാടും നല്കി. നിഷേധാത്മക സമീപനത്തിൽ നിന്നും മാത്സര്യത്തിലേയ്ക്കും ഇപ്പോൾ സഹവർത്തിത്വത്തിലേയ്ക്കും സഭ നീങ്ങി എന്നു കാണുമ്പോൾ മാധ്യമങ്ങളുടെ കാര്യത്തിൽ സഭയുടെ തുറവി ആണ് മനസ്സിലാക്കുന്നത്. എന്നിട്ടും ആധുനികമാധ്യമരംഗത്ത് സഭ ഇന്നും ഏറെ പിന്നിലാണെന്നു പറയാതെ വയ്യ; പ്രത്യേകിച്ച് ഇന്ത്യയിൽ. യേശുവിൽ വിശ്വസിക്കുന്ന നമുക്ക് നല്ല കാര്യങ്ങൾക്കായി ഒന്നിച്ചു നിന്നുകൂടെ? ഞാനാണോ നീയാണോ വലുത് എന്ന വികലമായ ഈശോ സഭയുടെ ശുശ്രൂഷയെ തീർച്ചയായും ബാധിക്കും. ഏതായാലും ഒരു അല്മായനായ എനിക്ക് തീർച്ചയായും ഉൾക്കാഴ്ച തരുന്നതായിരുന്നു പ്രസ്തുത ലേഖനം. ക്രിസ്തുവിലേയ്ക്ക് സാമൂഹിക വിനിമയത്തിന്റെ വാതിൽ തുറന്നിടുന്നതിൽ സഭയോ പുരോഹിതരോ ഭയപ്പെടേണ്ടതില്ല എന്ന ശബ്ദം കേൾക്കപ്പെട്ടിരുന്നെങ്കിൽ.

**ഗിൽബർട്ട് രൊസാരിയോ**
കൊല്ലം

## നഗ്നമായ ശിരസ്സും പുനർജീവിച്ച പൂന്തോട്ടവും

കാരുണികനിലെ ഫിലിം റിവ്യു ഞങ്ങളുടെ ജീവിത റിവ്യൂ ആയി എന്നറിയിക്കട്ടെ. 'നുറുങ്ങു വെട്ടങ്ങൾ' അതും വിവാദങ്ങളിലൂടെ അടുത്തകാലത്ത് ശ്രദ്ധനേടിയ cmc സമൂഹത്തിൽനിന്ന് ചിതറിയപ്പോൾ കുറച്ചൊക്കെ ജിജ്ഞാസ യോടെയാണ് സമീപിച്ചത്. എന്തായിരിക്കും ഈ വെട്ടത്തിന്റെ പ്രത്യേകത എന്നോർക്കാതിരുന്നില്ല.

പക്ഷെ മുക്കാൽ മണിക്കൂർ ദൈർഘ്യമുള്ള ഈ ചിത്രം കണ്ടവേളയിൽ ഒരു നിമിഷംപോലും ബോറടിച്ചില്ല, എന്നു മാത്രമല്ല ഒരു ബിംബത്തിൽ നിന്നു ഞങ്ങൾ അനായാസം അടുത്തതിലേയ്ക്കു നീങ്ങി. ലിയോയ്ക്ക് അഭിമാനിക്കാം. വളരെ സുന്ദരമായ പ്രതീകങ്ങൾ ശക്തമായി സംവേദിച്ചു. ഒഴിഞ്ഞപെട്ടിയും നഗ്നമായ ശിരസ്സും പുനർജീവിച്ച പൂന്തോട്ടവും മധുരം കിനിയുന്ന പായസവും മൂടിക്കിടക്കുന്ന പ്രകൃതിയും എല്ലാം... എന്നാൽ ഞങ്ങൾക്ക് വഴിത്തിരിവായത് ഒരു വാചകമാണ്. "ആദ്യമുണ്ടായിരുന്ന സ്നേഹം. അതെത്രശക്തമായിരുന്നു".

ഫിലിം കണ്ടശേഷം ഞങ്ങൾ രണ്ട് കമ്മ്യൂണിറ്റി മീറ്റിങ്ങുകൾ നടത്തി. എല്ലാവരും അവർക്ക് കിട്ടിയ ഉൾക്കാഴ്ചകൾ പങ്കുവച്ചു. അവസാനം, ഈ ആഗമനകാലം ഞങ്ങളുടെ സമൂഹം ആദ്യസ്നേഹത്തിലേയ്ക്ക് മടങ്ങുന്നതിന് മുൻകൈ എടുത്തു. ക്രിസ്തുമസ്സ് സമ്മാനങ്ങൾക്കുപരി ക്രിസ്തുവിനെസമ്മാനമായി സ്വീകരിക്കാൻ ഒരുങ്ങി. വളരെ തീക്ഷ്ണമായ ഒരുക്കത്തിന്റെ ഒരു ആഗമനകാലമായിരുന്നു ഇത്. ബാഹ്യമായ കോലാഹലങ്ങളെല്ലാം മാറ്റിവെച്ച് വചനത്തിന്റെ ഉറവിയിലേക്ക്, ആദ്യസ്നേഹത്തിന്റെ ഊഷ്മളതയിലേക്ക് തിരിച്ചെത്തണം... ഓരോരുത്തരും തീരുമാനിച്ചു. ഹൃദയത്തിലെ പൂന്തോട്ടം കാടുപിടിച്ചുകിടക്കുന്നത് തിരിച്ചറിയുവാൻ തുടങ്ങി.

## മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ നിലവിളി

സഭയുടെ മാധ്യമശക്തി ഭാരതീയസഭയുടെ മുമ്പിലേക്ക് വരുന്ന ഒരു നല്ല വെല്ലുവിളി തന്നെ. വളരെ ക്രിയാത്മകമായ ഒരു സമീപനം ഈ ലേഖനത്തിലുണ്ട്. മാധ്യമരംഗത്ത് വിനിമയരംഗത്ത് ശ്രദ്ധേയനായ ശ്രാമ്പിക്കലിന്റെ ശബ്ദം 'മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ നിലവിളി' ആയി അവശേഷിക്കല്ലേ എന്നാണെന്റെ പ്രാർത്ഥന. ജനങ്ങളുടെ കാതലായ ജീവിതസാഹചര്യങ്ങളോടും പ്രശ്നങ്ങളോടും സംവേദിക്കുന്ന ഒരു ടി. വി. ചാനൽ പ്രൊഫഷനൽ ആയി നടത്തുവാനുള്ള ചങ്കൂറ്റം സഭ കാണിക്കുമോ?

**ഫാ. ജോസ് മുരിക്കൻ**
ബാംഗ്ലൂർ

www.malankaralibrary.com



അങ്ങനെദിവസങ്ങൾ കടന്നുപോയി. ആഗമന കാലത്തെ അവസാനആഴ്ച ആഗതമായി. പതിവുപോലെ കേക്കുകളും സമ്മാനങ്ങളും എത്തിത്തുടങ്ങി. എന്നാൽ പതിവിനു വിപരീതമായി എല്ലാ സമ്മാനങ്ങളും ഞങ്ങൾ പാവപ്പെട്ടവർക്കായി വീതിച്ചുകൊടുത്തു. ക്രിസ്മസ് ദിനവും അതിന് അടുത്ത ദിനങ്ങളിലും മഠത്തിന്റെ വാതിൽ എല്ലാവർക്കുമായി തുറന്നിട്ടു. വന്നവരെല്ലാം ഞങ്ങളുടെ ഊട്ടുമുറിയിൽ സ്വീകരിക്കപ്പെട്ടു. ലളിതമായൊരു പുൽക്കൂടും സമയം അധികം വ്യർത്ഥമാക്കാതെ നടത്തിയ അൽപംമോടിപിടിപ്പിക്കലും കൂടെ. ആന്തരിക സന്തോഷത്തിന്റെ ബഹുസ്ഫുരണമായി ത്തീർന്ന പങ്കുവയ്ക്കൽ ഉള്ളതെല്ലാം എല്ലാവർക്കുമായി ഒരുക്കിവെച്ച ദിനങ്ങൾ.

അങ്ങനെകമ്പോളവൽക്കരണത്തിന്റെ ഊരാളിപ്പിടുത്തത്തിൽ വീഴാതെ യേശുവെന്ന 'ദൈവത്തിന്റെ സമ്മാനം'ഞങ്ങൾക്ക് സമൃദ്ധമായി അനുഭവപ്പെട്ടു.

അതുകൊണ്ട് ഞങ്ങളുടെ ക്രിസ്തുമസ്സ് വളരെ സുന്ദരമായിരുന്നു. "ഇത്തരം ഒരു ക്രിസ്തുമസ്സ് ആദ്യമായിട്ടാണ്" എന്ന അനുഭൂതിയിലേയ്ക്ക്, അനുഭവത്തിലേയ്ക്ക് എത്തുന്നതിന് ഞങ്ങൾ ഓരോരുത്തർക്കും പ്രചോദനമായ 'നുറുങ്ങുവെട്ടങ്ങൾ'ക്കു നന്ദി.

മനസ്സുനിറയെ 'ആദ്യസ്നേഹവുമായി' എല്ലാവർക്കുമായി (സ്റ്റാറ്റസ് നോക്കാതെ) വാതിൽ തുറന്നിടുവാനും, 'ഇമ്മാനുവൽ, ദൈവം നമ്മോടുകൂടെ'എന്ന അനുഭവം ഉൾക്കൊള്ളുവാനും പങ്കുവയ്ക്കു വാനും ഈ ക്രിസ്തുമസ്സ് സഹായിച്ചു.

**സി. ലില്ലി ജോസ്**

എറണാകുളം

## വഞ്ചി തിരുനൽക്കര തന്നെ

വെള്ളമടിച്ച് പൂസായിട്ട് കെട്ടിയിട്ട വള്ളം രാത്രി മുഴുവൻ തുഴയുകയും രാവിലെ മണ്ടത്തരം മനസ്സിലാക്കുകയും ചെയ്ത കുടിയന്റെ കഥ നമുക്ക് പരിചയമാണ്. സഭയിലെ പരിശീലനകാലത്തുള്ള മാധ്യമ പരിശീലനത്തെക്കുറിച്ചു വായിച്ചപ്പോൾ 'വഞ്ചി തിരുനൽക്കര തന്നെ' ആണല്ലോ എന്നു ചിന്തിക്കാതിരുന്നില്ല. ഏതാനും വർഷങ്ങൾക്കുമുമ്പ് UND-AOCIC യുടെ ലേബലിൽ സ്രാപിക്കലച്ചനും മറ്റും ചില സെമിനാരികളിൽ ക്ലാസ്സുകൾ നടത്തി

### നിർദ്ദേശം

കാരുണികൻ നടത്തിവരുന്ന പുസ്തകപരിചയം അതിന്റെ മുഴുവൻ പ്രാധാന്യവും ഉൾക്കൊണ്ടുകൊണ്ടാണോ എന്നു ചിലപ്പോൾ സംശയം തോന്നാറുണ്ട്. റിവ്യു വായിക്കുന്നവർക്കു പുസ്തകം കിട്ടണമെന്നാഗ്രഹമുണ്ടെങ്കിലും അച്ചടിശാലകളെക്കുറിച്ച് പരിചയം കുറവായിരിക്കും. അതുകൊണ്ട് കൂടുതൽ വിവരങ്ങൾക്ക് 'കാരുണികനെ' വിളിക്കേണ്ടിവരുന്നു. പുസ്തകം ലഭ്യമായ സ്ഥലത്തിന്റെ അഡ്രസ്സോ, ടെലഫോൺ നമ്പറോ കൂടി കൊടുക്കുകയാണെങ്കിൽ വളരെ പ്രയോജനകരമാകും.

മറ്റൊന്ന് കാരുണികനിൽ പുസ്തകം, ഓഡിയോ വീഡിയോ കാസെറ്റുകൾ, ഡോക്യുമെന്ററികൾ എന്നിവ റിവ്യു ചെയ്യുവാൻ എന്തുചെയ്യണം എന്നുകൂടി അറിയിച്ചാൽ നന്നായിരുന്നു.

**ഫാ. ജയ്സൻ യു. പി**

www.malankaralibrary.com

യിരുന്നു. അതിൽ പങ്കെടുത്തിയിട്ടുള്ള ഒരാളാണ് ഞാൻ. പക്ഷെ, ലോകം മുഴുവൻ മീഡിയ കിടക്കുമ്പോഴും, വിനിമയം എല്ലാ മേഖലകളിലും അവശ്യഘടകമായി മാറുമ്പോഴും സഭ കാര്യമായ നേട്ടം ഈ മേഖലയിൽ വരിച്ചിട്ടില്ല എന്നതു ഖേദകരം തന്നെ. 'പണമില്ലാഞ്ഞിട്ടല്ല, പ്രയോരിറ്റി കൊടുക്കാത്തതുകൊണ്ടാണ്, ബോധ്യമില്ലാഞ്ഞിട്ടാണ്' എന്നൊക്കെ ചർച്ചയിൽ കണ്ടു. കമ്മ്യൂണിക്കേഷനെക്കുറിച്ചും അതിലുള്ള പരിശീലനത്തെക്കുറിച്ചും ഒക്കെ നിർദ്ദേശങ്ങൾ വ്യക്തമായി സഭയ്ക്കുണ്ടായിട്ടും എന്തേ വഞ്ചി അഴിച്ചു പണിയാനൊരു മടി? ഈ ചർച്ചയും "ഏട്ടിലെ പശു" ആയി അവശേഷിക്കുമോ? CBCI യുടെ പുതിയ സംരംഭം ആരംഭ..രത്വത്തിൽ ഒതുങ്ങുമോ? മാറ്റങ്ങളെ ഭയപ്പെടുന്നതാരാണ്? എന്തുകൊണ്ടാണ്?

**ഫാ. നെൽസൻ ജെ.**

## വിതയുടെ പാഠങ്ങൾ ശ്രദ്ധേയമായി.

'വിത്ത്, വിതക്കാരൻ' എന്ന ലേഖനം പ്രായോഗികതകൊണ്ട് ധന്യമായി എന്നു പറയാതെ വയ്യ. സ്വന്തമായ ഒരധ്വാനവും ഇല്ലാതെ കേൾവിക്കാരെ മുമ്പിൽകിട്ടാനുള്ള മഹാഭാഗ്യം വൈദികർക്കല്ലാതെ മറ്റാർക്കാണുള്ളത്. ദൈവവചനത്തിന്റെ ശക്തി അവരിൽ അനുഭവപ്രദമാക്കുവാൻ തീർച്ചയായും ഞായറാഴ്ച പ്രസംഗം ഒരുക്കുന്ന വൈദികന് സാധിക്കും. സാധിക്കേണ്ടതാണ്. എന്നിരുന്നാലും പലപള്ളികളിലും ഇന്നും പള്ളിപ്രസംഗം കർണ്ണകഠോരമായ ശബ്ദ മലിനീകരണമായി തുടരുന്നു. ദൈവവചനത്തിന്റെ ശക്തിയാലല്ല, പ്രഘോഷണത്തിന്റെ 'അമിട്ടി'ലാണ് ഹൃദയപരിവർത്തനം നടക്കുക എന്ന് ചില വൈദികരെങ്കിലും ചിന്തിക്കുന്നില്ലേ എന്നു സംശയിക്കുകയാണ്. രാഷ്ട്രീയ പ്രസംഗത്തിന്റെ രീതിയിലാണ് ചിലരുടെ പ്രഘോഷണം. തനിക്കുവ്യക്തി ബന്ധമുള്ളവരോട് ഹൃദയത്തിന്റെ ഭാഷയിൽ സംവേദിക്കുന്ന നല്ല 'വിതക്കാർ'ഇന്നിന്റെ ആവശ്യമാണ്. മാത്യു അച്ചനും കാരുണികനും നന്ദി.

**വിൻസന്റ് സേവ്യർ**
ആലപ്പുഴ

## പൂച്ചക്കാരു മണികെട്ടും?

'മാധ്യമപ്രവർത്തനത്തിൽ മുതൽ മുടക്കണം' എന്ന ചക്കാലക്കൽ പിതാവിന്റെ പ്രസ്താവന കാരുണികന്റെ താളുകളിൽ ഉറങ്ങല്ലേ എന്നു പ്രാർത്ഥിക്കുകയാണ്. കേരളത്തിലെ എല്ലാ പിതാക്കന്മാരും ഇങ്ങനെ ചിന്തിച്ചുതുടങ്ങേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. മാധ്യമ സ്വാധീനത്തെക്കുറിച്ച് ഒരുവ്യക്തമായ ധാരണ അവരുടെ ഇടയിൽ ഉരുത്തിരിഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഉറങ്ങുന്നവനെ ഉണർത്താം ഉറക്കം നടിക്കുന്നവനെയോ? മാധ്യമഭാഷയിലൂടെ തന്റെ വചനത്തെ ലളിതമാക്കിയ യേശു ഇന്നുപയോഗിക്കുന്ന മാധ്യമം എന്തായിരിക്കും? സ്നേഹത്തെക്കുറിച്ച്, വിശ്വാസത്തെക്കുറിച്ച് കണ്ഠകഠോരം പ്രസംഗിക്കുന്ന പിതാക്കന്മാർക്ക് സ്നേഹത്തിന്റെ ഐക്യത്തിൽ ഒറ്റക്കെട്ടായി ഒരു ടി.വി ചാനൽ നടത്തിക്കൂടെ? പ്രഗത്ഭരായ അൽമായരെ ഇതിനായി നിയോഗിച്ചുകൂടെ?

**റെനിമോഹൻ**, കണ്ണൂർ

## മജ്ജയും മാംസവുമുള്ള ഞായറാഴ്ച സന്ദേശം

കാരുണികനിൽ ഡോ. ജേക്കബ് നാലുപറയിൽ അവതരിപ്പിക്കുന്ന ബൈബിൾ വിശകലനം വളരെ ചിന്തോദ്ദീപ്തമാണ്. പലപ്പോഴും ഈ എക്സിജെസും തുടർന്നുവരുന്ന പ്രസംഗവും കാര്യമായ ബന്ധം കാണുന്നില്ല. എന്നിരുന്നാലും ബൈബൾ വാക്യങ്ങളുടെ പശ്ചാത്തലവും സന്ദേശവും ഉൾക്കൊള്ളാൻ അച്ചന്റെ കുറിപ്പ് ഏറെ പ്രയോജനപ്പെടുന്നുണ്ട്. പിന്നെ അതിന് മജ്ജയും മാംസവും നല്കി ഹൃദ്യമായ ഒരു ഞായറാഴ്ച സന്ദേശമാക്കാൻ എളുപ്പമാണ്. നവംബർ/ഡിസംബർ ലക്കത്തിൽ ലത്തീൻക്രമത്തിലെ പ്രത്യക്ഷീകരണത്തിരുന്നാൾ സൂചിപ്പിക്കുവാൻ വിട്ടുപോയിട്ടുണ്ട്. അത്തരം കാര്യങ്ങൾ കുറച്ചുകൂടി ശ്രദ്ധിക്കണം. കാരുണികന് എല്ലാവിധ ആശംസകളും നേരുന്നു.

**ഫാ. ജോർജ് എം.**
എറണാകുളം

www.malankaralibrary.com

# പാട്ടുകളുടെ പാട്ട്

ഫാ. ബോബി ജോസ് കട്ടിക്കാട്

B[ymßnI kmlnXy¯nÂ ssIcfnbpsS ]pÃmwIpgemWv t_m_n tPmkv. AXnÂ \ns¶mgpIp¶tXm BßKoX§fpw. AXn\mÂ¯s¶ {]Wbs¯¡pdn¨v kwkmcn¡m³ Gähpw tbmKy³ ^m. t_m_nbmWv. At±l¯nsâ hnNn´\§fnte¡v......

B tcm ]mSnb Hcp {]WbKoXw Hcp sNdnb KWw k¶ymkn\nIfnep-m¡nb KpW]camb A\pcW§sf¡pdn¨v hnIvSÀ lyqtKm FgpXnbn«p-v. GIXm \XsIm-v hnckhpw, ITn\\njvTsIm-v Dujvchpw Bb HcmhrXnbnÂ kw`hn¨X XmWv. AhcpsS A´n{]mÀ°\bpsS \nÈ_vZbv¡nSbnembncp¶p AXv. Ip¶nsâ NcphnÂ \n¶v B Km\w Ahsc tXSnsb¯pIbmbncp¶p: "Fsâ skXpÂt] hcqþ Fsâ a\ÊnÂ hmgq'.

]dªv ]Xnª Hcp \mtSmSn¡Ybnse {]Wbn\nbmWv skXpÂ¸v. AÛpXIcam bncp¶ AXnsâ {]Xn[z\nIÄ. Pohsâ \nehdbnset¶m Hfn¸n¨v sh¡pIbpw ]ns¶ Imem´sc ad¶pXpS§pIbpw sN bvX {]Wb`mhs¯ hos-Sp¡m³ ]cym ]vXambncp¶pAXv. AXhcpsS Ne\§Ä

www.malankaralibrary.com

¡v D³tajhpw. angnIÄ¡v \\hpw XncnsI sImSp¯p. XqhmebnÂ ]q¡Ä s\¿p¶ Xpt]mse GIm{KXbnepw ]p©ncnbnepw AhÀ X§fpsS A\pZn\IÀ½§fnteÀ s¸«p. CcpÄhoW CS\mgnIfnÂ aqfn¸m «pw, s]m«n¨ncnbpw ]ns¶ hm¡ns\¡mÄ {]`bpÅ au\hpw D-mbn. AhÀ bYmÀ° aWhmfsâ {]kmZapÅ kvt\lnXI fmbn... GXm\pw kÔyIfnÂ am{Xta Ahc XptI«n«pÅp. {Kma¯nsâ {]im´X \in¸n ¡p¶psh¶v ]dªv Bscms¡tbm IqSn Abmsf AhnsS \n¶v HmSn¨p Ifªp! F¶mÂ AhcpsS injvS PohnXs¯ Zo]vXam¡m³ B ]m«nsâ HmÀ½ aXnbm bncp¶p... B {]WbKoXs¯bpw KmbI s\bpw `qanbpsS kakvXtaJeIfnte¡pw XncnsI hnfn¡pIbmWv hÀ¯am\Imew A`napJnIcn¡p¶ \ncpt·jXbpsS {]Xn {Inbsb¶ a«nÂ "skXpÂ¸ns\' B[mcam ¡nbpÅ ]n.F³ Zmknsâ Hcp Ipdn¸pw HmÀ½n¡p¶p.

FÃm ]Z§fpsSbpw Bßmhv \jvSam Ip¶ Hcp sI«ImeamWnXv. icoc¯nÂ Bcw`n¨v icoc¯nÂ Ahkm\n¡p¶ {]nb§sfbpw aaXIsfbpw hntijn¸n¡m \mWv Cu ]Zw C¶p]tbmKn¡s¸Sp¶ Xv. Cu s^{_phcnbnÂ hessâ³ Zn\¯n Â kw`hn¡p¶h {i²n¨mÂ IrXyambn a\Êmem¡mhp¶ ImcyamWXv. Hcp Imc Wt¯msSm, hyàntbmtSm, CSt¯msS sbms¡ HcmÄ cq]s¸Spt¯- ]mj tWävþ AKm[hpw Xo{hhpw AfhnÃm¯Xp ambþ kvt\ls¯ hnfnt¡- hm¡mWv {]Wbw.

Zm, A\]Xy ZpxJ¯nÂ Fcnbp¶ B km[pkv{Xosb AbmfpsS `À¯mhv Biz kn¸n¡p¶ coXn t\m¡pI. l¶m, F´n \mWv \o IcbpIbpw `£n¡mXncn¡p



“നിന്റെ അധരം എന്നെ ചുംബനം
കൊണ്ടുപൊതിയട്ടെ!
നിന്റെ പ്രേമം വീഞ്ഞിനെക്കാൾ
മാധുര്യമുള്ളതാണ്.”
(ഉത്തമഗീതം 1:2)

www.malankaralibrary.com

Ibpw sN¿p¶Xv. F´n\v ZpxJn¡p¶p? Rm³ \n\¡v ]¯p]p{X³amcnepw D]cnbtÃ? (1. kmaphÂ 1.8).

BtcmsS¦nepw, F´nt\msS¦nepw {]Wb¯nemhpIbmWv {][m\wþ AXv kJntbm, Ipªpa¡tfm, sXmgntem, ssZhtam F´pamIs«. HcmÄ¡v AbmtfmSv tXm¶p¶ aXn¸vt]mepw {]Wbw Xs¶. AsÃ¦nÂ shfn]mSnsâ ]pkvXI¯nÂ t{Im[¯nsâ ZqX³ Ft^kqkv tZi¯n\p aosX Btcm]n¨ Imcy§Ä \½fnÂ ]eÀ¡pw _m[IamIpw; \n¶nÂ NqtSm XWpt¸m CÃ. AXpsIm-v Rm³ \ns¶ ]pd´Åpw!. Hcp ]mk©À Xoh-nbp tSXpt]mepÅ Htc Xmf¯nepÅ \½psS ]Xnª PohnXw ssZhk¶n[nbnÂ hn[n¡s¸Spsa¶v kmcw. hnckX, aSp¸v XpS§nb ]Z§Ä Ct¸mÄ an¡hmdpw t]À D]tbmKn¨p ImWp¶p-v. Btcm KyamknIIfnÂ ]dbp¶Xpt]mse AsXmcp tcmKamtWm kmÀ. AÃþ tcmK e£WamWv. {]Wbw ]Snbnd§n bt¸mbXnsâ....

HcmÄ {]Wb¯nembncn¡pt¼mfmWv AbmfpsS Gähpw \Ã km²yXIÄ {]Im inXamIp¶sX¶v tXm¶p¶p. AsÃ¦nÂ F´pam{Xw KoX§fpsS kamlmcamWv \½psS thZw. F¶n«pw ]m«pIfpsS ]m«v (song of songs) F¶dnbs¸Sp¶Xv AXpam {XamWv þ ietamsâ {]WbKoX§Ä! HcmfpsS Gähpw \ÃXv AbmÄ Xsâ {]WbIme¯n\pth-n amänhbv¡p¶p -mhWw! tkmfa\mtWm AtXm At±l¯nsâ \ma¯nÂ GtXm ARvPmXIhn Ipdn¨XmtWm B {]WbKoXw XpS§nb XÀ¡§Ä \ne\nÂ¡pt¼mÄ Xs¶ AXv tkmfa³ Xs¶sb¶v hnizkn¡m\msW \n¡njvSw.

tkmfa\pth-n Gsd A]Zm\§Ä IcpXnsh¡p¶ thZ¯nÂ \n¶v Hcphcn Bscbpw sImXn¸n¡pwþ ssZhw ISÂ¯ocw IWs¡mcp a\ÊbmÄ¡v sImSp¯p. AXmbncp¶p AbmfpsS icn¡papÅ aqe[\w. A§s\ AbmfpsS a\ÊnÂ FÃm¯n\pw CSap-mbn. Bg¡SenÂ \n¶v XncsbbSp¯psIm-ph¶v k½m\n¨ {]Wb¯nsâ Hcp hew]ncn iwJpÄ¸sS.

{]mhn³IqSnteXp t]mse lrZb¯nÂ sNdnb sNdnb AdIÄ am{XapÅhÀ¡v t]mcmSm\pw, {]m]n¡m\pw am{Xta Ignbq {]Wbn¡m\mhnÃ. lrZbhnimeXbpsS kpKÔamWv {]Wbw. AbmÄ thWw ]m«pIfpsS ]m«v Be]n¡phm³. t{]aw hoªns\¡mÄ am[pcyapÅXmsW¶pw (D¯aKoX 1:2) acWs¯¡mÄ iàam sW¶pw (D¯ 8:6) AbmÄt¡ ]mSm\m Iq... Pek©b§Ä¡v AXnsâ Xosb sISp¯m\mhnÃ. apgph³ [\wsIm-pw hm§m\mhnÃ. Htc Ipfw ]ckv]cw Ieln¨ tZi¡mÀ¡v th-n s]cp´¨³ hr¯¯nepw NXpc¯nepw XoÀ¯Xpt]mse. ImÂ]\nI KoXsat¶m tbmKmßIa{´sa t¶m hmbns¨Sp¡mhp¶XmWv. PbtZhcp sS KoXmtKmhnµ¯nepw, dqanbpsS IhnX Ifnepw hnip² Ipcninsâ tbml¶m\n epsams¡ kw`hn¡p¶Xpt]mse D¯aKo X¯nsâ DÅScpIfnÂ \ndsb {]WbamWv.

ssI apjvSntbmfw hep¸apÅ lrZb¯nÂ ISÂ¯ocaÃ apgph³ {]]©hpap -mbXpsIm-mhWw {]Wbw {InkvXphnsâ Ømbnbmb `mhambncp¶psh¶p tXm¶p¶p. HcmÄ¡v e`n¡p¶ B´cnI {]`bpsS tXmX\pkcn¨v AbmfpsS {]Wbhr¯¯nsâ hymkw hÀ²n¡p¶p. {]Wbw ]XsªmgpIp¶ `mjbmbncp¶p

www.malankaralibrary.com

{InkvXphntâXv. Fsâ ]nXmhnsâ lnXw ]qÀ¯nbm¡pIbmsWsâ `£Ww. ho-pw ImWpthmfw Rm³ ap´ncnbpsS ^e¯nÂ \n¶p IpSn¡nÃ. inatbms\ \osb\n¡v Npw\_\w \ÂInbnÃ, H¯ncn kvt\ln¨XpsIm-v AhfpsS H¯ncn]m ]§Ä s]mdp¡s¸«ncn¡p¶p XpS§nb hm¡pIÄ {ihn¡pI. "]mjtWäv' F¶v hntijn¸nt¡- ASp¸amWv {InkvXp FÃm¯nt\mSpw ]peÀ¯nbXv. AXv hbense C¯ncn¸q¡tfmSmbmepw, BIm i§fnencn¡p¶ X¼pcmt\mSmbmepw... Xsâ GIPmXs\ \ÂIpamdv ssZhw `qansb A{Xam{Xw kvt\ln¨p F¶ hN \w ]Xps¡ ]Xps¡ a\ÊnÂ a{´n¨mÂ kphntijw asämcp D¯aKoXambn cq]s¸ Sp¶Xv ImWmw.

sSw]nÄ {Km³Un³ Fs¶mcp imkv{X Úbp-v. arK§fpsS kz`mhcoXnbnemWv AhcpsS KthjWw. ITn\amb "Hm«nkw' D-hÀ¡v. AhtcmSv {]Wbs¯¡pdn¨v Btcm tNmZn¨p. AhÀ ]dªp. F\n¡n ¯cw A\p`h§sfm¶panÃ. F¶mepw F´mWv {]Wbsas¶\n¡dnbmwþ taking care of others! ssZhta, B GIIw sh¨pt\m ¡pt¼mÄ kphntijw {]Wb¯nsâ \mÄ hgntbSv Bhp¶p.

Zzµ§sf¶v \mw hnNmcn¡p¶sXm s¡ GIamIp¶Xv HcmfnemWvþ B ]ca ssNX\y¯nÂ. F¶pap-mIpw Ah\n te¡v X]Ênsâbpw {]Wb¯nsâbpw hgnIÄ. \ncmk¯nsâbpw, aaXbpsSbpw, D]hmk¯nsâbpw hncp¶nsâbpw, Zm¼ Xy¯nsâbpw, {_ÒNcy¯nsâbpw hgnIÄ, Np«ps]mÅp¶ aWenepbÀ¯nb kvXq] ¯n\paosX Hä¡menÂ \n¶v {]mÀ°n¡p ¶ B Xm]kt\m ]\n\oÀ¸p¡fpsS at²ybncp¶v kvt\ln¡pIsb¶XmWv

X\n¡pth-nsbm¶pw amänsh¡msX a\pjyÀ X§fpsS PohnX Ipw`§sf asämcmfpsS ]mZ§fnÂ DS¨p Ifbp¶ {]{InbbmWv {]Wbsa¶p tXm¶p¶p. FhnsSsbms¡ a\pjyÀ X§sf ]qÀ®ambn \ÂIp¶pt-m AhnsS sbms¡ B ]cnafw ]Scp¶p-v.

Fsâ ssZhhnfnsb¶v a{´n¡p¶ sXtck sb¶ B sNdnb s]¬Ip«ntbm BcmWv ssZht¯mSv ]än \nÂ¡p¶Xv? AsÃ¦nÂ Xs¶ PohnX¯nsâ Hmtcm hgnIsf Xmc Xays¸Sp¯phm³ \½sf BcmWv NpaX es¸Sp¯nbXv. {]Wbn¡pt¼mÄ \n§Ä ssZh¯nsâ DÅnemsW¶Ã ]dtb-Xv adn¨v \n§fpsS DÅnemWv ssZhw At¸m sg¶ Pn{_msâ hcnIÄ HmÀ½n¡pI.

{]Wbw \n\s¡´p\ÂIn F¶mcw`n ¡p¶ Hcp IhnXbp-v. {]Wbw F´mWv F\n¡v k½m\n¡m¯Xv? AsXsâ Zn\§sf kpKÔ]qcnXam¡n. thZ{KÙ¯nÂ Gähpw IqSpXÂ ]cnafw ]Scp¶Xv D¯a KoX¯nsâ XmfpIÄ adn bpt¼mfmWv ""Fsâ {]nbt\ kpKÔ{Zhy §fpsS aeIfnte¡pw, ZqZmbn¸g§Ä ]cnafw ]c¯p¶ tXm«§fnte¡pw sNdpam³t]Ssbt¸mse thKw hcpI''. B ]cnafw ]ns¶ \madnbp¶Xv kphntij¯nemWv. ap¶qdp Z\mdsb¦n epw hne hcp¶ ]cnafssXe `cWn

www.malankaralibrary.com



DS¨`ntjIw sN¿p¶ B kv{XobneqsS. hÀj§Ä¡v tijhpw hmsamgnbmtbm hcsamgnbmtbm B kÔysb tcJs¸Sp¯pt¼mÄ s]mXpth hniZmwi§Ä ]dbm¯ tbml¶m³ "`h\w apgph³ \ndªp \n¶ ]cnafs¯' HmÀ½ns¨ Sp¡p¶p-v. X\n¡pth-nsbm¶pw amänsh¡msX a\pjyÀ X§fpsS PohnX Ipw`§sf asämcmfpsS ]mZ§fnÂ DS¨p Ifbp¶ {]{InbbmWv {]Wbsa¶p tXm¶p¶p. FhnsSsbms¡ a\pjyÀ X§sf ]qÀ®ambn \ÂIp¶pt-m AhnsS sbms¡ B ]cnafw ]Scp¶p-v. Actbmfw tNmdnÂ \n¶v ]pgtbmc¯v I-Â sNSnIÄ \«psIm -ncn¡p¶ s]m¡pSs\¶ B hr²IÀjIs¯mgn emfn¡v Ct¸msg´p kpKÔw... Akm [mcWamb hnizkvXXbpw, GIm{KXbpw AÀ¸WhpamWv {]Wb¯nsâ ^e{ipXn. ]ns¶sb§s\ kpKÔap-mImXncn¡pw.

{]Wbw ITn\hne AÀln¡p¶p. {]Wb¯n\v th-n a\pjyÀ \ÂIp¶ hnebmWv bYmÀ° {`m´v! CjvSs¸« s]¬Ip«n¡v th-n IncoSw ths-¶v sh¨ FtUzÀUv cmPmhnsâIqSn `qanbmWnXv. NXnbs\¶pw, kzmÀ°s\¶pw Hs¡ ]gb\nba¯nse bmt¡m_ns\ ]cnK Wn¡pt¼mÄ dt_¡sb¶ Hcp s]¬Ip«n¡v th-n AbmÄ \ÂInb hnbÀ¸n sâbpw Im¯ncn¸nsâbpw \o- ]Xn\m ephÀj§Ä ImWmsX t]mIcpXv. {]WbIqSmc¯nte¡pÅ CSp§nb hgnIfnÂ Btcm F¶pw I\Â]mInbn«p -v. F´nt\mSv {]Wb¯nembmepw \n§ Ä¡v ]cpt¡Â¡msX XcanÃ. kzmX {´y¯nsâ Im\³tZit¯¡v a\pjysc Iq«ns¡m-pt]mb GsXmcp a\pjysâbpw icoc`mj hmbn¡q, AbmÄ Htckab¯v

BtcmsS¦nepw, F´nt\msS¦nepw {]Wb¯nemhpIbmWv {][m\wþ AXv kJntbm, Ipªpa¡tfm, sXmgntem, ssZhtam F´pamIs«. HcmÄ¡v AbmtfmSv tXm¶p¶ aXn¸vt]mepw {]Wbw Xs¶.

www.malankaralibrary.com

ITn\ Xm]k\pw, sImSnb {]Wbnbp amWv... "Rm³ Ahs\ At\zjn¨p, Is-¯nbnÃ. Rm³ Ahs\ hnfn¨p tI«nÃ. ImhÂ¡mÀ \Kc¯neqsS Npän¡d§p t¼mÄ Fs¶ I-p. Ahscs¶ XÃn apdn thÂ¸n¨p. AhÀ Fsâ A¦n IhÀs¶ Sp¯p' (D¯aKoXw 5:7þ8).

PohnXw bm{´nIambnt¸mIp¶psh¶ XmWv \½psS Imew A\p`hn¡p¶ Gähpw henb B´cnI {]XnkÔnsb¶v tXm¶p¶p. Ipªns\ Npw_n¡pt¼mÄ hmÂkeyapWcp¶nÃ. kwlib\¯nÂ icocw icocs¯ sXmSp¶p-v, Bßmhv Bßmhns\ Adnbp¶nÃ. Znhy_en bÀ¸n¡pt¼mÄ lrZbw {]`m]qcnXamhp ¶nÃ... {InkvXphnsâ `mjbnÂ `£n ¡pt¼mÄ `£n¡pItbm ]m\w sN¿pt¼m Ä ]m\w sN¿pItbm sN¿m¯ \½Ä. bm{´nIXbpsS Cu acp`qansb§s\ \½Ä IpdpsI IS¡pw {]Wb¯nsâ ]mZc£ IfnÃmsX. lrZb]qÀÆambncn¡pI F¶ XmWv {]Wb¯nsâ \m\mÀ°§fn sem¶v.

ti_mbnse cmÚnsb¡pdn¨pÅ IYtI«n«pt-m. tNmZy§Ä tNmZn¡ms\ ¯nbXmbncp¶p AhÄ. C¯hWbpw c-p ]q¡Ä IcpXnbncp¶p. CXnteXmWv Ir{Xna ]qhv F¶ ]gb tNZyhpambn. cm Pmhv ]p©ncn¨p. ]-t¯Xpt]mse tXm« ¯n\`napJamb PmeIw Xpd¡m\mhiy s¸«p. h-pIÄ aqfnbIt¯¡v h¶p. F¶mÂ cmPmhns\ A¼c¸n¨psIm-v Ah c-p]q¡fpsSbpw aosXbncp¶p tX³ Xncªp. AhÄ ]p©ncntbmsS cmPmhnt\mSv ]dªp: Úm\nIÄ Adnbm¯ Hcp clkyap-v. GXp Ir{Xna ¸qhpw lrZbt¯mSv tNÀ¯psh¨mÂ AXn\v kpKÔhpw kv\nKv[Xbpw D-mhpw! Úm\nIfnÂ \n¶v ad¨psh¨ PohnX \nKq VXIÄ ssZhw Ct¸mÄ {]WbnIÄ¡v shfns¸Sp¯n s¡mt-bncn¡p¶p...

Xncnªpt\m¡pt¼mÄ kmam\yw `mc s¸Sp¯p¶ `qXImeapsÅmcmÄ C\n F´p sN¿pw? Rm³ I_fn¸n¨ N§mXn, ]mXnhgnbnÂ Dt]£n¨ Iq«pImcn, kwc £n¡msXt]mb hr£§Ä... Xncp¯m\m hm¯ C¶seIÄ. ap¼nsemcp hgnsb DÅq. Xs¶ ssXem`ntjIw sNbvX kv{XotbmSv {InkvXp ]dªXpXs¶, IqSpXÂ kvt\ ln¨XpsIm-v ChfpsS henb A]cm [§Ä s]mdp¡s¸«ncn¡p¶p. {]Wbam Wv hcpw Ime¯nsâ A\pXm]ip{iq jsb¶p tXm¶p¶p. inatbms\ \o Chsc¡mf[nIw kvt\ln¡p¶pt-m sb¶h³ tNmZn¡pw. {]Wb¯nsâ {]Wmaw. {]WbKoX§fmWv Gähpw \Ã {]mÀ°\Isf¶pw tXm¶p¶p-v. AXv dqanbptSXmbmepw, sk_mÌytâXmbmepw...

""BcmWv ]pd¯v''

""Rm³, \nsâ ImapI³. hmXnÂ Xpd¡q''

""CÃ, c-pt]À¡nhnsS CSanÃ''

hÀj§Ä¡ptijw

""]pd¯v, BcmWv''

""\o Xs¶''þ hmXnÂ Xpd¡s¸«p

(dqan)

*   *   *   *

hm\nse Hä \£{Xta
Cu cmhnÂ \nÀ\ntajw \ns¶ t\m¡n
\S¡p¶p, X«nbpw XSªpw
ssIIfpw ap«pIfpw apdnªv
F¦nepw
\n¶nÂ \n¶pw I®pIÄ amänbnÃ.
GI \£{Xta adbcptX. (sk_mÌy³).

■

www.malankaralibrary.com

ഫീച്ചർ

# ഇറോം ഷാർമിള

ഫാ. അഗസ്റ്റിൻ വട്ടോളി

മണിപ്പൂരിലെ ഇറോം ഷാർമിളയെന്ന യുവതിയുടെ നിരാ ഹാരസമരം 10-ാം വർഷ ത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ഗാന്ധിയൻ സഹനസമരത്തിന്റെ ഏറ്റവും ദൈർ ഘ്യമേറിയ പതിപ്പാണിത്. 10-ാം വാർഷികത്തിൽ പങ്കെടുത്ത ഫാ. അഗസ്റ്റിൻ വട്ടോ ളി എഴുതുന്നു.

തെലുങ്കാനയിൽ ചന്ദ്രശേഖർ റാവുവിന്റെ നിരാഹാര സമരം. പത്താം ദിവസത്തിലെത്തിയപ്പോൾ റാവുവിന്റെയും തെലുങ്കാന രാഷ്ട്രസമിതിയുടെയും വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ കീഴടങ്ങി.

മണിപ്പൂരിലെ ഇറോം ഷാർമിളയെന്ന യുവതിയുടെ നിരാഹാരസമരം 10-ാം വർഷത്തിലേക്ക് കടന്നിരിക്കുന്നു. കേൾക്കുമ്പോൾ അവിശ്വസനീയമായി തോന്നാം. അവിശ്വസനീയതയുടെ പല ഇതളുകൾ ഇറോം ഷാർമിളയെ പൊതിഞ്ഞുനിൽപ്പുണ്ട്.

നിരാഹാരസമരം പത്താം വർഷത്തിലേക്കു കടക്കുന്നതിന്റെ അനുസ്മരണം 2009 നവംബർ 3-5 നായിരുന്നു. അതിൽ പങ്കെടുക്കാനാണ് ഞാൻ ഇംഫാലിലെത്തിയത്. എന്നെ ആകുലപ്പെടുത്തിയ പ്രധാനചോദ്യം തെലുങ്കാനയിൽ നിരാഹാരം 10 ദിവസമായപ്പോൾ കേന്ദ്രസർക്കാർ പ്രശ്നപരിഹാര ത്തിന് തയ്യാറായപ്പോൾ, എന്തുകൊണ്ടാണ് മണിപ്പൂരിൽ നിരാഹാരം 10 വർഷമായിട്ടും ഒരു പരിഹാരത്തിനും കേന്ദ്രം മനസ്സുവയ്ക്കാത്തത്?

ഇറോം ഷാർമിളക്കിന്ന് 36 വയസ്സുണ്ട്. കഴിഞ്ഞ ഒമ്പതു വർഷങ്ങളായി നിരാഹാര സത്യാഹാരം നടത്തുന്ന ഈ യുവതിയെ മലയാള മാധ്യമങ്ങൾ അവഗണിച്ചതാണ് എന്നെ ഏറെ അത്ഭുതപ്പെടുത്തിയ രണ്ടാമത്തെ സംഗതി. എന്തിനും ഏതിനും ഗാന്ധിയൻ സമരമുറകളെ മ്ലേച്ഛമായി പ്രയോഗിക്കുന്ന മലയാളി സമൂഹം എന്തുകൊണ്ടാണ് 10 വർഷം നീളുന്ന ഈ വിരോചിത നിരാഹാര സമരത്തെ കണ്ടില്ലെന്നു വച്ചത്?

തുടക്കം 2000 നവംബർ 4ന് ആയിരുന്നു. മാലോം കൂട്ടക്കുരിതിയുടെ അന്തരീക്ഷത്തിലായിരുന്നു അത്. ഇംഫാലിനടുത്തുള്ള ചെറിയൊരു പട്ടണമാണ് മാലോം. 2000 നവംബർ 1ന് ബസ്സ് കാത്തുനിന്ന പത്ത് നിഷ്കളങ്കരെ ആസ്സാം റൈഫിൾസിലെ പട്ടാളക്കാർ നിഷ്കരുണം വെടിവെച്ചു കൊന്നു. 18 വയസ്സുകാരുമുതൽ 62 വയസ്സുള്ള വൃദ്ധർ വരെയുണ്ടായിരുന്നു അക്കൂട്ടത്തിൽ. പിറ്റെ ദിവസം മുതൽ മണിപ്പൂരിലെങ്ങും പ്രതിഷേധമുയർന്നു. ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യം എല്ലാഭാഗത്തു നിന്നും ഉയർന്നു. എന്നിട്ടും ന്യായമായ ആ ജനകീയാവശ്യം പട്ടാളനിയമം (AFSPA= Armed Forces Special powers Act 1958) ഉപയോഗിച്ച് നിഷേധിക്കപ്പെട്ടു.

സഖീദേവിയുടെ ഇളയ മകളായിരുന്നു ഷാർമിള.

www.malankaralibrary.com



നവംബർ 4. അവൾക്കന്ന് 28 വയസ്സായിരുന്നു. മനുഷ്യോദ്ധാരണത്തിനായി പ്രവർത്തിക്കാൻ അമ്മയുടെ ആശീർവാദവും വാങ്ങി അവൾ വീടുവിട്ടിറങ്ങി. അവൾ നേരെ പോയത് കൂട്ടക്കുരുതി നടന്ന സ്ഥലത്തേക്ക് ആയിരുന്നു. അവിടെ വച്ച് ഷാർമിള മരണംവരെ നിരാഹാരം പ്രഖ്യാപിച്ച് തന്റെ സമരം തുടങ്ങി. അവളുടെ ആവശ്യം ലളിതമായിരുന്നു. AFSPA എന്ന കിരാ തമായ പട്ടാള നിയമം പിൻവലിക്കുക.

ഷാർമിളയുടെ സഹനസമര സങ്കൽപ്പവും അതിന്റെ കരുത്തും ആദ്യം മാലോം നിവാസികൾക്കുപോലും മനസ്സിലായില്ല. ചിലരൊക്കെ അവളെ പരിഹസിക്കുകവരെ ചെയ്തു. അവളുടെ നിശ്ചയദാ ർഢ്യവും നിരാഹാര സത്യഗ്രഹത്തിന്റെ കരുത്തും തിരിച്ചറിയുന്നതിൽ സകലരും പരാജയപ്പെട്ടു. പടിപടി യായി മണിപ്പൂരി ജനതയുടെ ആത്മാഭിമാനത്തിന്റെ പ്രതീകമായി മാറി ഷാർമിളയും അവളുടെ നിരാഹാര വ്രതവും. തൽഫലമായി സംസ്ഥാനത്ത് ഉടനീളം അവളുടെ സമരത്തിന് ജനകീയ പിന്തുണ ഏറിവന്നു. അങ്ങനെ നവംബർ 21ന് ഷാർമിളയെ അറസ്റ്റ് ചെയ്ത് ആശുപത്രിയിലേക്ക് മാറ്റുകയും അവളുടെ ഇംഗിതത്തിന് വിരുദ്ധമായി കൃത്രിമായി ജീവൻ നിലനിർത്താനുള്ള പോഷണ സംവിധാനം (nasal feed) ഏർപ്പെടുത്തുകയും ചെയ്തു.

ഷാർമിളക്കെതിരെ കോടതി ആരോപിച്ച കുറ്റം ആത്മഹത്യാശ്രമമായിരുന്നു. അതിനുള്ള ഏറ്റവും കൂടിയ ശിക്ഷ ഒരുവർഷത്തെ തടവുശിക്ഷയാണ്. അതിനാൽ ശിക്ഷാ കാലാവധി പൂർത്തിയാകുമ്പോൾ എല്ലാ വർഷവും ഷാർമിളയെ വിട്ടയക്കുകയും, വീണ്ടും അറസ്റ്റ് ചെയ്യുകയും വിചാരണ ചെയ്യുകയും വീണ്ടും ശിക്ഷ വിധിക്കുകയും ചെയ്യുന്നു. കഴിഞ്ഞ ഒമ്പതു വർഷങ്ങളായി ഈ നീതിന്യായ നാടകം ആവർത്തിക്കുകയാണ്.

നാലുവർഷങ്ങൾക്ക് ശേഷം മാത്രമാണ് ഷാർമിളയുടെ സമരം പുറംലോകം അറിയുന്നത്. 2004 ലായിരുന്നു അത്. പട്ടാളനിയമം പിൻവലിക്കണമെന്ന ആവശ്യവുമായി നടത്തിയ സമരത്തിൽ മനോരമയെന്ന യുവതി കൊല്ലപ്പെട്ടത് നിർണ്ണായകമായി.

2004 നവംബർ 15. അന്നാണ് ഒരു ഡസനോളം ബഹുമാന്യരായ മണിപ്പൂരി വനിതകൾ ചരിത്രപ്രസിദ്ധമായൊരു സമരരീതി ആവിഷ്ക്കരിച്ചത്. "Indian Army Rape Us" എന്ന ബാനറും പിടിച്ച് അവർ നഗ്നരായി സൈനിക ഓഫീസിലേക്ക് മാർച്ച് ചെയ്തു. വനിതകളുടെ നഗ്നതാ മാർച്ച് ജനകീയ പ്രതിഷേധത്തെ വളർത്തി.

2006 ഒക്ടോബറിൽ ഷാർമിള ഡൽഹിക്ക് യാത്രയായി. തന്റെ ആരാധ്യപുരുഷന്റെ സമാധിയായ രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്താനായി. മഹാത്മഗാന്ധിയുടെ നിരാഹാരസത്യാഗ്രഹം ഇത്രയും ആഴമായി പിന്തുടർന്ന മറ്റാരുമുണ്ടാവില്ല. അതുകൊണ്ടുതന്നെ രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്താൻ ഏറ്റവും യോഗ്യയായവളും ഷാർമിള തന്നെയായിരിക്കണം.

*ഇറോം ഷാർമിളയുമായി നടത്തിയ ഒരഭിമുഖത്തിന്റെ പ്രധാനഭാഗങ്ങൾ:*

**● എന്തിനാണ് നിരാഹാര സമരം തുടങ്ങിയത്?**

എന്റെ അമ്മനാടിനുവേണ്ടി പട്ടാളനിയമം മാറ്റുന്നതുവരെ ഞാൻ നിരാഹരസമരം തുടങ്ങും

**● സമരം തുടങ്ങിയ സാഹചര്യം വിശദീകരിക്കാമോ?**

ഞാൻ മാലോമിൽ ഒരു മീറ്റിങിന് പോകുകയായിരുന്നു. ഒരു സമാധാനറാലി സംഘടിപ്പിക്കുന്നതിനെക്കുറിച്ചായിരുന്നു മീറ്റിങ്. പത്രങ്ങളിൽ വന്ന മൃതശരീരങ്ങളുടെ ചിത്രങ്ങൾ എന്നെ ഞെട്ടിച്ചു. ഞാൻ എന്തെങ്കിലും കാര്യമായി ചെയ്തില്ലെങ്കിൽ സമാധാനറാലി

www.malankaralibrary.com




പോലും അപ്രസക്തമാണെന്ന് എനിക്ക് തോന്നി.

**● എന്തിനാണ് മരണംവരെ നിരാഹാരം കിടക്കുന്നത്?**

എന്റെ കയ്യിലുള്ള ആയുധം ഇതാണ്. നിരാഹാരസമരത്തിനൊരു ആദ്ധ്യാത്മികതയുണ്ട്.

**● ശരീരത്തെ ഇങ്ങനെ പീഡിപ്പിക്കുന്നത് ശരിയാണെന്ന് തോന്നുന്നുണ്ടോ?**

ഇതൊരു പീഡനമല്ല. ഞാനിതിനെ എന്റെ ധർമമായിട്ടാണ് കരുതുന്നത്.

**● വീട്ടുകാർ എന്തു പറയുന്നു?**

എന്റെ അമ്മ നിരക്ഷരയാണെങ്കിലും അമ്മക്ക് എന്റെ തീരുമാനത്തിന്റെ അർത്ഥം അറിയാം. എന്റെ ധർമം ചെയ്യാൻ എന്നെ അനുവദിക്കാനുള്ള ധൈര്യം അമ്മക്കുണ്ട്.

**● എന്നാണ് അമ്മയെ കണ്ടത്?**

ഏകദേശം ഏഴ് വർഷങ്ങൾക്കപ്പുറം. ഞങ്ങൾ തമ്മിലൊരു ധാരണയുണ്ട്. എന്റെ ദൗത്യം പൂർത്തിയാക്കി കഴിഞ്ഞേ ഞങ്ങൾ ഇനി കാണുകയുള്ളുവെന്ന്.

**● എത്രകാലം ഇങ്ങനെ മുന്നോട്ടു പോകും?**

എനിക്കറിയില്ല. എനിക്കിപ്പോഴും പ്രത്യാശയുണ്ട്. സത്യത്തിനുവേണ്ടിയാണ് ഞാൻ സമരം ചെയ്യുന്നത്. ആത്യന്തിക വിജയം സത്യത്തിനായിരിക്കും.

**● ഇഷ്ടപ്പെടുന്നതായി തോന്നുന്ന ഏറ്റവും വലിയ കാര്യമെന്താണ്?**

ജനങ്ങളുമായുള്ള ബന്ധം. ഞാനൊരു ജയിൽ പുള്ളിയായതിനാൽ ആർക്കും എന്നെ സന്ദർശിക്കാനാവില്ല. പ്രത്യേക അനുവാദം വേണം. ജനങ്ങളുമായുള്ള ബന്ധമാണ് എനിക്കിവിടെ ഇഷ്ടമായിരിക്കുന്നത്.

**● സമരം വിജയിക്കുമെന്ന് പ്രതീക്ഷയുണ്ടോ?**

മുമ്പോട്ടുള്ള പാത കഠിനമാണെന്ന് എനിക്കറിയാം. എങ്കിലും ഞാൻ പിടിച്ചു നിൽക്കും, ക്ഷമയോടെ. ഒരിക്കൽ ആ സുന്ദരദിവസം ഉദയംചെയ്യും. അതുവരെ ക്ഷമയോടെ സഹിച്ചു നിൽക്കണം. ■

എന്റെ അമ്മ നിരക്ഷരയാണെങ്കിലും അമ്മക്ക് എന്റെ തീരുമാനത്തിന്റെ അർത്ഥം അറിയാം. എന്റെ ധർമം ചെയ്യാൻ എന്നെ അനുവദിക്കാനുള്ള ധൈര്യം അമ്മക്കുണ്ട്. എനിക്കിപ്പോഴും പ്രത്യാശയുണ്ട്. സത്യത്തിനുവേണ്ടിയാണ് ഞാൻ സമരം ചെയ്യുന്നത്. ആത്യന്തിക വിജയം സത്യത്തിനായിരിക്കും.

www.malankaralibrary.com



# പ്രണയിക്കുന്ന ദമ്പതികൾ

ഡോ. സി. ജെ ജോൺ
*സൈക്ക്യാട്രിസ്റ്റ്/ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ എറണാകുളം*

ദാമ്പത്യത്തെ പൂവണിയിക്കുന്നത് പ്രണയമാണ്. എന്നാൽ കാലപ്പഴക്കത്തിൽ പല ദാമ്പത്യത്തിലും പ്രണയം വാടിപ്പോകുകയാണ് പതിവ്. ദാമ്പത്യത്തിൽ പ്രണയഭാവം എങ്ങനെ നിലനിർത്താം?

Don't walk in front of me, for I may not be able to follow you. Don't walk behind me, for I may not be able to lead you. Be beside me, Be my friend"

ദാമ്പത്യസൗഹൃദത്തെ ഭംഗിയായി അവതരിപ്പിക്കുന്ന ഒരു ഉദ്ധരണിയാണിത്. തുല്യതയിലും പരസ്പര ബഹുമാനത്തിലും അടിസ്ഥിതമായ സഹവാസത്തിനും സൗഹൃദത്തിനും മാത്രമേ ദീർഘകാലം സന്തോഷം പകർന്ന് നിലനിൽക്കാനാവുകയുള്ളു.

## ദാമ്പത്യത്തിലെ ചങ്ങാത്തം

കുടുംബബന്ധ തകർച്ചക്കു കാരണം ചങ്ങാത്തമില്ലായ്മയാണ്. ദാമ്പത്യപൊരുത്തം ഉണ്ടാക്കാൻ സ്പെഷ്യലായി ചിന്തിക്കുമ്പോഴാണ് പ്രശ്നം. നല്ല ചങ്ങാത്തമുണ്ടായാൽ പൊരുത്തമുണ്ടാവും. ലൈംഗിക തകർച്ചപോലും ചങ്ങാത്തത്തിന്റെ പരാജയമാണ്. ലൈംഗികതാളപ്പിഴകൾ, സാമ്പത്തികപ്രശ്നങ്ങൾ തുടങ്ങി പരിഹരിക്കാൻ വയ്യെന്നു തോന്നുന്ന പ്രശ്നങ്ങൾപോലും ദാമ്പത്യത്തിലെ ചങ്ങാത്തം വഴി മാറ്റിയെടുക്കാമെന്നത് അതിശയോക്തിയല്ല. ദാമ്പത്യ പ്രശ്നങ്ങൾ പലപ്പോഴും പരിഹരിക്കപ്പെടാതെ വരുന്നതിനു കാരണം ഇവർ തമ്മിൽ ചങ്ങാത്തമില്ലാത്തതാണ്.

ഭാര്യ-ഭർത്താവ് എന്ന പദവിവെച്ച് ഓരോ കാര്യങ്ങൾ അടിച്ചേൽപിക്കുന്നത് ഇനിയുള്ള കാലത്ത് നടക്കില്ല. താലി കെട്ടിയ പെണ്ണായതിനാൽ ഞാൻ എന്തു ചെയ്താലും അവൾ സഹിക്കണമെന്ന് ഭർത്താവും, സ്ത്രീധനം കൊടുത്തതിനാൽ എന്റെ ചൊൽപ്പടിക്ക് ഭർത്താവ് നിൽക്കണമെന്ന് ഭാര്യയും ശഠിച്ചിട്ടു കാര്യമില്ല.

## കണ്ടറിഞ്ഞു ചെയ്യുക

ആവശ്യപ്പെടാതെതന്നെ വേണ്ട കാര്യങ്ങൾ തിരിച്ചറിഞ്ഞു ചെയ്യുമ്പോൾ ബന്ധത്തിലെ ഊഷ്മളത വർധിക്കും. ഇത്രയൊക്കെ വായിക്കുമ്പോൾ ഒരു ചോദ്യം മനസ്സിലുയരാം. സുഹൃത്തിനോട് ചോദിക്കുകയും ചെയ്യുന്നതുമൊക്കെപോലെ ദാമ്പത്യത്തിലും വേണോ എന്ന്. വേണം. മറിച്ചുള്ള മനോഭാവം പലപ്പോഴും ദാമ്പത്യചങ്ങാത്തത്തെ ഇല്ലാതാക്കും.

ഓരോ ചങ്ങാത്തങ്ങൾക്കും അതിന്റേതായ ധർമ്മങ്ങളുണ്ട്. ഇങ്ങനെയുള്ള ബന്ധത്തിലൂടെ വളരുന്നത് നമ്മളും കൂടിയാണ്. സ്വന്തം വ്യക്തിത്വത്തെ ആദ്യം തിരിച്ചറിയണം. അതുപോലെ വ്യക്തിത്വവികാസ ത്തി

www.malankaralibrary.com




നുവേണ്ട ഇടം ചങ്ങാത്തത്തിലൂടെ ഉണ്ടാക്കണം. പരസ്പരം ചിന്തകൾ പങ്കിട്ടാൽ മാത്രമേ ഏതുചങ്ങാ ത്തവും നല്ലരീതിയിൽ നിലനിൽക്കൂ.

## ശാന്തമായി കേൾക്കുക

പങ്കാളിയെ കേൾക്കാൻ തയ്യാറാവുന്നതും ദാമ്പത്യത്തിലെ ചങ്ങാ ത്തത്തിന് അത്യന്താപേക്ഷി തമാണ്. ഒരു വിഷമമു ണ്ടാവുമ്പോൾ അത് മനസ്സിലാക്കിയശേഷം ആരുടെ ഭാഗത്താണോ വീഴ്ച എന്നുവച്ചാൽ ചൂണ്ടിക്കാണിക്കണം. ഒപ്പം എന്റെ അവസ്ഥ ഒന്നു മനസിലാക്കൂ എ ന്നുകൂടി പറയുമ്പോൾ ര ണ്ടാളുടെയും വിഷമങ്ങൾ പുറ ത്തുവരും. "നീ പറയുന്നത് മുഴുവൻ അസംബന്ധമാണ്. ഞാനാണ് ശരി" എന്നു ഭാവിച്ച് സംസാരിച്ചാൽ പ്രശ്നങ്ങൾ തീരില്ല. ഒരു പ്രശ്നമുണ്ടാവുമ്പോൾ സ്വന്തം ഭാഗത്തുനിന്ന് എന്താണ് സംഭവിച്ചതെന്ന് ആത്മവിമർശനം നടത്തണം. അപ്പോൾ പല പ്രശ്നങ്ങളും പരിഹരിക്കാനാവും. സ്വയം നോക്കാതെ മറ്റുള്ളവരെ മാത്രം നോക്കി ചിന്തിക്കുമ്പോഴാണ് പ്രശ്നങ്ങൾ പെരുകുന്നത്.

ചങ്ങാത്തത്തിലായാലും ദാമ്പത്യത്തിലായാലും കുറച്ച് കാര്യങ്ങൾ പറഞ്ഞശേഷം ഇങ്ങനൊക്കെ തന്നെയല്ലേ എന്ന് ഉറപ്പ് വരുത്തുന്നത് നല്ലതാണ്. എന്നാൽ വിധികർത്താവിന്റെ റോളിലേക്ക് പോവരുത്. പങ്കാളി ഒരുകാര്യം പറയാൻ വരുമ്പോൾ സമയമില്ല എന്നതരത്തിൽ ഭാവിക്കുകയുമരുത്. അപ്പോൾ തിരക്കാണെങ്കിൽ അക്കാര്യം നയപൂർവ്വം പറഞ്ഞു മനസി

www.malankaralibrary.com

ലാക്കി പിന്നെ കേൾക്കാം എന്നു ബോധ്യപ്പെടുത്ത ണം. പകരം നിഷേധാത്മകസമീപനമാണെങ്കിൽ ബ ന്ധത്തിൽ കരട് വീഴും. ആശയവിനിമയം വാക്കുകൾ കൊണ്ടു മാത്രമല്ല, ശരീരചലനത്തിലുമുണ്ട്. മുഖം വാടിയിരിക്കുമ്പോൾ എന്താണ് കാര്യം എന്നന്വേഷി ക്കുന്നത് പോലും ദാമ്പത്യചങ്ങാത്തത്തിൽ പ്രധാന പ്പെട്ടതാണ്.

> തുല്യതയിലും പരസ്പര ബഹുമാനത്തിലും അടിസ്ഥിതമായ സഹവാസത്തി നും സൗഹൃദത്തിനും മാത്രമേ ദീർഘകാലം സന്തോഷം പകർന്ന് നിലനിൽക്കാ നാവുകയുള്ളു.

## കുറ്റപ്പെടുത്താതെ പറയുക

നമ്മുടെ ഫീലിങ്സ് കുറ്റപ്പെടുത്തലുകളില്ലാതെ പറയുക എന്നതാണ് പ്രധാനം. തെറ്റുകുറ്റങ്ങൾ ചൂ ണ്ടിക്കാണിക്കുകയും തിരുത്തുകയും ചെയ്യുക ആവ ശ്യമാണ്. സ്വന്തം വികാര വിചാരങ്ങൾ പങ്കുവയ്ക്കാ നുള്ള വൈകാരിക ഇടം ഉണ്ടാക്കുക എന്നതാണ് കുടുംബജീവിതത്തിന്റെ അടിസ്ഥാനധർമം. പല ദമ്പ തികളും തങ്ങളുടെ ഫീലിങ്സിനെക്കുറിച്ച് പറയാ റില്ല. പകരം, അതിൽ നിന്ന് സ്വന്തം നിഗമനങ്ങൾ കണ്ടെത്തി പങ്കാളിയെ കുറ്റപ്പെടുത്താറാണ് പതിവ്. അതിനുപകരം ഇങ്ങനെയാണ് എനിക്ക് ആ സാഹ ചര്യത്തിൽ തോന്നിയതെന്ന് പറയുകയാണെങ്കിൽ, കുറ്റപ്പെടുത്തലുകൾ ഒഴിവാക്കാൻ കഴിയും.

## പറച്ചിലിന്റെ രീതി

നന്മകളിൽ ഊന്നൽ കൊടുത്തുകൊണ്ടുവേണം നെഗറ്റീവായിട്ടുള്ള വിചാരങ്ങൾ പറയാൻ. കാടുക യറി പറയാതെ വളരെ കൃത്യമായിട്ട് കാര്യങ്ങൾ അവ തരിപ്പിക്കണം. വിരുന്നുകാരൻ വന്ന ദിവസം അ ങ്ങനെ പറഞ്ഞത് എനിക്ക് വിഷമം ഉണ്ടാക്കിയെന്ന് പറയുമ്പോൾ അത് കൃത്യമായി. അല്ലാതെ "നിന്നെ സഹിക്കാൻ എനിക്കു പറ്റില്ല" എന്നു ആ ക്രോശി ക്കരുത്. ഒരു കാര്യം പറഞ്ഞശേഷം പങ്കാളിക്ക് അതി നു മറുപടി ആയി എന്താണു പറയാനുള്ളതെന്നുകൂടി കേൾക്കണം. കുറ്റപത്രം വായിക്കും പോലെ പറഞ്ഞു പോവരുത്. അക്കാര്യം പറയാനുള്ള സമയവും സന്ദർ ഭവുമാണോ എന്നും പങ്കാളിയുടെ മൂഡ് ശരിയാണോ എന്നും മനസിലാക്കിവേണം പറയാൻ. മാത്രമല്ല, പറ യാനുള്ളത്, പറയേണ്ടതരത്തിൽ പറയാനുള്ള ശൈലി സ്വായത്തമാക്കുന്നതും നല്ലതാണ്. എല്ലാ ചങ്ങാ ത്തത്തിലും ഇക്കാര്യങ്ങൾക്ക് പ്രസക്തിയുണ്ട്.

## കൂട്ടുകൂടാൻ സമയമില്ല

ചില ദമ്പതികൾ പറയാറുണ്ട്: ഞങ്ങൾക്ക് നല്ല സുഹൃത്തുക്കളാകാൻ സമയം കിട്ടാറില്ല എന്ന്. എ ന്നാൽ ചങ്ങാത്തമുണ്ടാവാൻ ജോലിത്തിരക്കോ, അക ലങ്ങളോ ഒന്നും പ്രശ്നമല്ല. കിട്ടുന്ന സമയം വേണ്ട വിധം വിനിയോഗിച്ചാൽ ആ അനുഭവം എത്രയോ കാലം നിലനിൽക്കുന്നതാണ്. 'ആറു ദിവസവും ജോ ലിയാണ്. ഞായറാഴ്ച ഞാൻ കിടന്നുറങ്ങും' എന്നു പറയുന്നവർക്ക് ദാമ്പത്യം പരാജയമാകുമ്പോഴും പരാ തി പറയാൻ അവകാശമില്ല. എത്ര തിരക്കിനിടയിലും കുറച്ചുസമയമെങ്കിലും ജീവിതത്തിലെ പ്രധാനബന്ധ ത്തിനുവേണ്ടി ചിലവഴിക്കാൻ സമയമില്ലെങ്കിൽ ദാമ്പ ത്യത്തിൽ അസ്വാരസ്യം, കല്ലുകടി, അവിഹിതബന്ധം എന്നിവ ഉണ്ടാകുമ്പോൾ അസ്വസ്ഥരായിട്ടു കാര്യമില്ല. അവിഹിതബന്ധം ഒരിക്കലും പാടില്ലാത്തതാണ്. അ ത് ധാർമ്മികമായ ഘടകമാണ്. പക്ഷേ ധാർമ്മികത പോലും നിലനിൽക്കുന്നത് നല്ല വ്യക്തിബന്ധങ്ങളു ടെ ഉറപ്പിലാണ്.

വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയി ല്ലെങ്കിൽ സാമൂഹ്യസ്ഥാപനങ്ങളൊന്നും നിലനിൽക്കില്ല. വ്യ ക്തിബന്ധങ്ങളും സ്നേഹങ്ങളും ഉണ്ടെങ്കിൽ മാത്രമേ ഏവർക്കും നിലനിൽപുള്ളു. സാമൂഹ്യസ്ഥാപനങ്ങൾ നിലനിന്നില്ലെങ്കിൽ സമൂഹത്തിന് സമാധാനമില്ലാതാ വും. ഇവയുടെ തകർച്ച അണുവിസ്ഫോട നത്തേ ക്കാൾ ഭീകരമാണ്. ചങ്ങാത്തമില്ലാത്ത-സ്നേ ഹമി ല്ലാത്ത സമൂഹം എന്നു പറഞ്ഞാൽ ജീവിച്ചുകൊ ണ്ട് വിനാശത്തെ വിതക്കുന്നതിനു തുല്യമാണ്. സ്വത്തി ലോ ഷെയറിലോ അല്ല നാം നിക്ഷേപിക്കേണ്ടത്, വ്യ ക്തിബന്ധങ്ങളിലാണ്. അങ്ങനെയുള്ളവരെ സംബ ന്ധിച്ചിടത്തോളം ജീവിതം സന്തോഷകരമായിരിക്കും. അല്ലാത്തവർക്ക് നരകതുല്യവും. ■

www.malankaralibrary.com



# കൗമാരപ്രണയം

ഡോ. പോൾ തേർലി
*ക്ലിനിക്കൽ സൈക്കോളജിസ്റ്റ്*

പ്രണയം മുളയെടുക്കുന്നത് കൗമാരകാലത്താണ്– ജീവിതത്തിന്റെ വസന്തകാലത്ത്. പ്രണയം വന്നുനിറയുന്ന കാലത്ത് മക്കളെ വഴിനടത്തുന്നത് എങ്ങനെ? രക്ഷിതാക്കളും, അദ്ധ്യാപകരും, ആത്മീയപാലകരും അറിഞ്ഞിരിക്കേണ്ടവ.

പ്ലസ് വൺകാരൻ പ്രദീപ്. വൈകുന്നേരം പതിവായി പള്ളിയിൽ പോക്കു തുടങ്ങിയപ്പോൾ വീട്ടിൽ എല്ലാവർക്കും സന്തോഷമായി; കൂടെ ചെറിയ വിസ്മയവും. പരീക്ഷ അടുത്തതുകൊണ്ടാകാം എന്ന് അമ്മ സമാധാനിച്ചു. ഒരു മാസം കഴിഞ്ഞപ്പോൾ അനുജത്തി വിസ്മയയാണ് കള്ളി പൊളിച്ചത്. വൈകുന്നേരത്തെ കുർബാനയക്ക് പ്രദീപിന്റെ ക്ലാസ് മേറ്റ് വിനയയും പതിവായി പോകുന്നുണ്ടെന്ന്!

കൊച്ചി നഗരത്തിലെ വലിയൊരു പള്ളി. ഉച്ചകഴിഞ്ഞ് പതിവായി പ്രാർത്ഥിക്കാൻ വരുന്ന ചെറുപ്പക്കാരനെ കണ്ടപ്പോഴാണ് വികാരിയച്ചന് സംശയം തോന്നിയത്. കൂടുതൽ ശ്രദ്ധിച്ചപ്പോൾ സംഗതി പിടികിട്ടി. അവന്റെ കൂട്ടുകാരിയുമായി സ്വസ്ഥമായി സംസാരിക്കാനുള്ള സ്ഥലമായിരുന്നു പള്ളിയിലെ ഏകാന്തത.

## പ്രണയകാലം

പള്ളിയും പള്ളിക്കൂടവും പ്രണയത്തിന്റെ വേദികളാകുന്നത് അസാധാരണമല്ല. ഇത്തരം പ്രണയസാഹചര്യങ്ങളിൽ അസ്വസ്ഥരാകുന്നവരാണ് കമിതാക്കൾ ഒഴിച്ച് മറ്റെല്ലാവരും– അധ്യാപകരും, മാതാപിതാക്കളും, വികാരിയച്ചന്മാരും. അസ്വസ്ഥരാകുന്നതിന് അപ്പുറം, പ്രണയത്തിലാകുന്ന കൗമാരക്കാരെ കൈകാര്യം ചെയ്യേണ്ടത് എങ്ങനെയാണെന്നതിനെക്കുറിച്ച് പലർക്കും അറിയില്ലെന്നതാണ് സത്യം. ഒന്നുകിൽ കണ്ണടച്ച് കണ്ടില്ലെന്ന് വച്ച് അസ്വസ്ഥരാകും. അല്ലെങ്കിൽ അമിതമായി പ്രതികരിച്ച് കമിതാക്കളെ കൂടി അസ്വസ്ഥതയിലേക്ക് തള്ളി വിടും. ഈ സാഹചര്യത്തിലാണ് പ്രണയം പൂക്കുന്ന കൗമാരത്തെ ക്രിയാത്മകമായി കൈകാര്യം ചെയ്യുന്നതിലേക്ക് സമൂഹം വളരേണ്ടത്.

മനുഷ്യ ജീവിതത്തിലെ വസന്തകാലമാണ് കൗമാരം. ശാരീരികവും മാനസികവുമായ വലിയ മാറ്റങ്ങൾക്ക് കുട്ടികൾ വിധേയമാകുന്ന കാലം. ജീവിതം തളിർക്കാനും പൂക്കാനും തുടങ്ങുന്ന കാലം. ആൺകുട്ടികൾക്ക് പെൺകുട്ടികളോടും തിരിച്ചും തോന്നുന്ന ആകർഷണമാണ് ഈ പ്രായത്തിന്റെ ഏറ്റവും വലിയ

www.malankaralibrary.com



പ്രത്യേകത. ചില ഹോർമോണുകളുടെ പ്രവർത്തനമാണ് ഇതിന് നിദാനം. ആണും പെണ്ണും പരസ്പരം ആകർഷിക്കപ്പെടുന്നു; സംസാരിക്കാൻ തുടങ്ങുന്നു; സൗഹൃദം രൂപപ്പെടുന്നു. ചിലപ്പോൾ ഇത് കൗമാര പ്രണയമായും തീക്ഷ്ണമായ അനുരാഗമായും വളരുന്നു. ഇതൊക്കെ അവരുടെ കുറ്റമല്ല; അവരുടെ പ്രായത്തിന്റെ പ്രത്യേകതയാണെന്ന തിരിച്ചറിവാണ് രക്ഷിതാക്കൾക്കും അധ്യാപകർക്കും സമൂഹനേതാക്കൾക്കും ആദ്യം വേണ്ടത്.

പ്രണയിക്കാനുള്ള പ്രവണതയോടൊപ്പം കൗമാരത്തിന്റെ പ്രത്യേതകയാണ് എതിർക്കാനുള്ള പ്രവണതയും. പാരമ്പര്യങ്ങളോടും നിയമങ്ങളോടും മാതാപിതാക്കളോടും എതിർക്കുകയെന്നത് കൗമാരത്തിൽ സ്വാഭാവികമാണ്. അപകടകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ത്വരയും, സാഹസികത കാണിക്കാനുള്ള വ്യഗ്രതയും ഈ പ്രായത്തിന്റെ പ്രത്യേകതകളാണ്. ബൈക്ക് അമിത വേഗത്തിൽ ഇവർ ഓടിക്കുന്നത് ഇതുകൊണ്ടാണ്.

## യാഥാർത്ഥ്യ ബോധമുള്ളവരാകുക

രക്ഷിതാക്കളും സമൂഹവും ചെയ്യേണ്ട പ്രഥമ കാര്യം യാഥാർത്ഥ്യ ബോധമുള്ളവരാകുക എന്നതാണ്. കുട്ടികൾ കൗമാരത്തിലെത്തിയെന്ന വസ്തുത ബന്ധപ്പെട്ടവർ അംഗീകരിക്കണം. കൗമാരപ്രായത്തിന്റെ പ്രത്യേകതകളെയും അവർ അംഗീകരിക്കാൻ തയ്യാറാകണം. ലൈംഗികാർഷണം തോന്നുകയും പ്രണയത്തിലാകുകയും ചെയ്യുക ഈ പ്രായത്തിന്റെ പ്രത്യേകതയാണെന്ന് അവർ മനസ്സിലാക്കണം. കൗമാരപ്രണയത്തെ ജീവിതത്തിലുടനീളം നിലനിർത്തിക്കൊണ്ടുപോകേണ്ട നിത്യപ്രേമമായി കൗമാരക്കാർ കരുതുകയും ചെയ്യുമെന്ന് മാതാപിതാക്കൾ തിരിച്ചറിയണം. മക്കളോട് സ്നേഹപൂർവ്വമായ ബന്ധം നിലനിർത്തുന്നതിലൂടെയേ അവരെ സഹായിക്കാനാവുകയുള്ളൂ എന്നും ഓർത്തിരിക്കണം.

www.malankaralibrary.com



ത്തിന്റെ അതിരുകളും അതിരുകടക്കുന്നതിലെ അപകടങ്ങളും കുട്ടികൾക്ക് രക്ഷിതാക്കളും സമൂഹവും ബോധ്യമാക്കി കൊടുത്തിരിക്കണം.

## പേരന്റൽ ബോണ്ട്

കൊച്ചായിരിക്കുമ്പോൾ മക്കൾ എന്തിനും ഏതിനും മാതാപിതാക്കളെ ആശ്രയിക്കും. ക്രമേണ അവർ സ്വന്തം കാലിൽ നിൽക്കാൻ തുടങ്ങും. കൗമാരക്കാർ ഇക്കാര്യത്തിൽ കുറേക്കൂടി മുമ്പോട്ടുപോകും. വളർച്ചയുടെ ഈ പ്രത്യേകത തിരിച്ചറിഞ്ഞ് മക്കളുമായുള്ള വൈകാരിബന്ധം വളർത്തിയെടുക്കാൻ ശ്രദ്ധിക്കേണ്ടത് രക്ഷിതാക്കളും അധ്യാപകരുമാണ്.

മക്കളുമായി ചിലവഴിക്കാൻ സ്ഥിരമായി സമയം കണ്ടെത്തേണ്ടത് മാതാപിതാക്കളുടെ ചുമതലയാണ്. സംലഭ്യരായിരിക്കുക എന്നതാണ് പ്രധാനം. അഭിപ്രായ വ്യത്യാസം പ്രകടിക്കുമ്പോഴും അവരെ മനസ്സിലാക്കാനും പിന്തുണക്കാനുമുള്ള സന്നദ്ധത അവർക്ക് ബോധ്യമാക്കി കൊടുക്കണം. വീട്ടിൽ മാത്രമല്ല സ്കൂളിലും, സൺഡേ സ്കൂളിലും പള്ളിയിലും ഇത്തരം അന്തരീക്ഷമായിരിക്കണം കൗമാരക്കാർക്ക് ലഭിക്കേണ്ടത്.

## ലൈംഗിക വിദ്യാഭ്യാസം

മക്കളുമായി നല്ല ബന്ധം പുലർത്തുന്ന മാതാപിതാക്കളും അധ്യാപകരും സമൂഹവും ശ്രദ്ധിക്കേണ്ട പ്രധാന മേഖല ലൈംഗിക വിദ്യാഭ്യാസത്തിന്റേതാണ്. കുട്ടികൾ വളരുന്നതിനനുസരിച്ച് ലൈംഗിക കാര്യങ്ങളെക്കുറിച്ചുള്ള ജിജ്ഞാസയും വളർന്നുകൊണ്ടിരിക്കും. അതിനാൽ തന്നെ ഓരോ പ്രായത്തിലും അതിന് അനുസരിച്ചുള്ള ലൈംഗിക വിദ്യാഭ്യാസം കുട്ടികൾക്ക് പകർന്ന് കൊടുക്കാൻ സമൂഹവും രക്ഷിതാക്കളും പ്രാപ്തരാകണം. ഈ കാര്യത്തിൽ പല ആദിവാസികളെപ്പോലും ലജ്ജിപ്പിക്കുന്ന വിധത്തിൽ മലയാളികൾ ഏറെ പിമ്പിലാണ്.

സെക്സും ലൈംഗിക വിഷയങ്ങളും മലയാളി സമൂഹത്തിൽ ഇന്നും ടാബൂ (Taboo) ആണ്. എന്നാൽ ദൈവം തന്നെ മനുഷ്യനിൽ വച്ചിരിക്കുന്ന അടിസ്ഥാന ഭാവമാണിത്. ഇത് അംഗീകരിക്കാനും അതിന് അനുസരിച്ച് മാറാനും മലയാളി സമൂഹം ഇനിയും തയ്യാറായിട്ടില്ല.

വീട്ടിൽ മാതാപിതാക്കൾ മക്കൾക്ക് ലൈംഗികവി

## സൗഹൃദം ആരോഗ്യകരമാണ്

കൗമാര ആകർഷണത്തെ ആരോഗ്യകരമായ സൗഹൃദങ്ങളായി രൂപപ്പെടുത്താനും നിലനിർത്താനുമുള്ള സംവിധാനമാണ് സമൂഹം ക്രമീകരിക്കേണ്ടത്. കേരളസമൂഹം ഈ കാര്യത്തിൽ എത്രമാത്രം പ്രാകൃതമാണെന്ന് തിരിച്ചറിയാൻ അസാമാന്യബുദ്ധിയൊന്നും വേണ്ട. സൗഹൃദത്തോടും പ്രണയത്തോടും അസഹിഷ്ണുത പുലർത്തുന്ന രീതിയാണ് മലയാളി സംസ്ക്കാരത്തിലുള്ളത്. ഇത് മാറ്റിയെടുത്തില്ലെങ്കിൽ അനാരോഗ്യകരമായ കാപട്യങ്ങളിലേക്ക് ഒരു സമൂഹത്തെ മുഴുവൻ നയിക്കുകയായിരിക്കും ഫലം.

രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും കൺവെട്ടത്ത് തന്നെ സൗഹൃദബന്ധങ്ങൾ രൂപപ്പെടുത്താനും, സൗഹൃദം തുറവിയോടെ പ്രകടിപ്പിക്കാനുമുള്ള അന്തരീക്ഷമുണ്ടാകണം. വീട്ടിലും, സ്കൂളിലും, സൺഡേ സ്കൂളിലും ഇത്തരം സാഹചര്യമായിരിക്കണം വളർത്തിയെടുക്കേണ്ടത്. കൗമാരസൗഹൃദ

www.malankaralibrary.com

ദ്യാഭ്യാസം കൊടുക്കുന്നില്ല. എങ്ങനെയാണ് ഇത്തരം വിഷയങ്ങൾ മക്കളുമായി സംസാരിക്കേണ്ടതെന്ന്പോലും പലർക്കും അറിയില്ലെന്നതാണ് സത്യം. അതിന് അവർ പ്രാപ്തരല്ല. അതിനാൽ ഇത്തരം ചോദ്യങ്ങൾ മക്കളിൽനിന്നു വന്നാൽ അവയെ ഒഴിവാക്കാനാണ് പല രക്ഷിതാക്കളും ശ്രമിക്കുക. ഫലമോ മാതാപിതാക്കളിൽ നിന്നും കിട്ടാത്തപ്പോൾ മക്കൾ ജിജ്ഞാസയോടെ മറ്റു മാർഗ്ഗങ്ങളിലേക്ക് തിരിയുന്നു. ഇന്റർനെറ്റിലൂടെയും മാസികകളിലൂടെയുമുള്ള ലൈംഗിക അറിവിലേക്ക് കുട്ടികൾ തിരിയുന്ന സാഹചര്യമിതാണ്. ലൈംഗിക വിദ്യാഭ്യാസം മക്കൾക്ക് കൊടുക്കാൻ മാതാപിതാക്കളെ പ്രാപ്തരാക്കാനുള്ള കടമ കേരള സമൂഹത്തിനുണ്ട്.

ലൈംഗികവിദ്യാഭ്യാസ പാഠങ്ങളെ സംബന്ധിച്ച് കേരളത്തിൽ കഴിഞ്ഞവർഷം നടന്ന കോലാഹലം ഓർക്കണം. വലിയൊരു മാധ്യമബഹളം നടന്നതല്ലാതെ കുട്ടികൾക്ക് ആരോഗ്യകരമായ ലൈംഗികവിദ്യാഭ്യാസം നൽകുന്നതിൽ ഒരു പടിപോലും മുന്നോട്ടു പോകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് തോന്നുന്നില്ല. സ്കൂൾ കരിക്കുലത്തിന്റെ ഭാഗമായി മാറണം ലൈംഗിക വിദ്യാഭ്യാസം. മനഃശ്ശാസ്ത്രജ്ഞർക്കും വിദ്യാഭ്യാസ വിദഗ്ദർക്കും ഗവേഷണബുദ്ധിയോടെ ഈ കാര്യത്തിൽ സമൂഹത്തിന് നേതൃത്വം കൊടുക്കാനാവണം. അതിനുള്ള പരിപാടികൾ ഉണ്ടാകണം. അവ പാഠ്യപദ്ധതിയുടെ ഭാഗമായി രൂപാന്തരപ്പെടണം. അതിന്റെ ഗുണമേന്മ കാലാകാലങ്ങളിൽ വിലയിരുത്തി അവയെ മെച്ചപ്പെടുത്തണം. കേരള സമൂഹത്തിന്റെ നേതാക്കൾ – രാഷ്ട്രീയ മേഖലയിലേയും, മതമേഖലയിലെയും, സാംസ്ക്കാരിക മേഖലയിലെയും– ഇതിനുള്ള തുറവിയും സന്നദ്ധതയും കാണിച്ചില്ലെങ്കിൽ ഇക്കാര്യത്തിലുള്ള മലയാളിയുടെ പിന്നോക്കാവസ്ഥ ഒരിക്കലും പരിഹരിക്കപ്പെടുകയില്ല.

## കാത്തിരിക്കുക

കുട്ടികളുടെ ഉത്തരവാദിത്വങ്ങൾ അവയുടെ പ്രാധാന്യക്രമത്തിൽ വളർച്ചയുടെ ഓരോ ഘട്ടത്തിലും അവർക്ക് ബോധ്യമാക്കി കൊടുക്കണം. കളിക്ക് പ്രാധാന്യമുള്ള ഒരു പ്രായമുണ്ട്; പഠനത്തിന് പ്രാധാന്യം നൽകേണ്ട പ്രായമുണ്ട്; നല്ലൊരു തൊഴിൽ കണ്ടെത്തേണ്ട പ്രായമുണ്ട്; വിവാഹത്തിനും കുടുംബജീവിതത്തിനും പ്രാധാന്യമുള്ള പ്രായമുണ്ട്. ഈ തിരിച്ചറിവ് കുട്ടികൾക്ക് കൈമാറേണ്ടത് മാതാപിതാക്കളും അധ്യാപകരും സമൂഹവുമാണ്.

കൗമാരത്തിൽ സൗഹൃദബന്ധങ്ങൾ ആകാമെങ്കിലും ഒന്നാം സ്ഥാനം പഠനത്തിന് തന്നെയായിരിക്കണം. പഠിക്കാനും വളരാനും സ്വന്തം കാലിൽ നിൽക്കാനുള്ള പ്രാപ്തി ആർജിച്ചെടുക്കാനുമുള്ള കാലമാണത്. പ്രേമിക്കാനും ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനുമുള്ള സ്വാതന്ത്ര്യം ഓരോർത്തർക്കുമുണ്ട്. എന്നാൽ ആ സ്വാതന്ത്ര്യം വളരെയേറെ ഉത്തരവാദിത്വങ്ങളും പേറുന്നതാണ്. അവ നിറവേറ്റണമെങ്കിൽ ആവശ്യമായിരിക്കുന്നത് സാമ്പത്തികസുരക്ഷിതത്വവും അതിന് ഉപകരിക്കുന്ന ജോലിയുമാണ്. നല്ല ജോലി ലഭിക്കണമെങ്കിൽ നല്ല വിദ്യാഭ്യാസം ആവശ്യമാണ്. അതിനാൽ പഠനവും നല്ല കരിയർ നേടിയെടുക്കലുമാണ് മക്കളുടെ പ്രധാന ചുമതല. അതിന് തടസ്സമാകുന്ന തരത്തിൽ കൗമാര പ്രണയം ഉണ്ടാകുന്നത് അപകടകരമാണ്. അതിനാൽ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്നതിനും, വിവാഹത്തിനുമായി കാത്തിരിക്കുക എന്ന സന്ദേശമാണ് രക്ഷിതാക്കളും സമൂഹവും കൗമാരക്കാർക്ക് നൽകേണ്ടത്.

## കാരണങ്ങൾ പറയുക

കാര്യങ്ങളെക്കാൾ കൂടുതലായി അവയ്ക്കു പിറകിലുള്ള കാരണങ്ങളാണ് മക്കൾക്ക് ബോധ്യമാക്കി കൊടുക്കേണ്ടത്. പ്രേമിക്കുന്ന പയ്യനോടു മിണ്ടരുത് എന്ന് മകളോട് കൽപ്പിക്കരുത്. അങ്ങനെ ചെയ്താൽ അവൾ പ്രതിഷേധിച്ച് നിങ്ങളെ അനുസരിക്കാതിരിക്കാനാണ് കൂടുതൽ സാധ്യത. അവളുടെ ചിന്ത “എന്തുകൊണ്ട് എനിക്ക് അവനുമായി സംസാരിച്ചു കൂടാ” എന്നായിരിക്കും. അതിനാൽ നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ നിലപാടിന്റെ കാരണങ്ങൾ മക്കളെ ബോധ്യപ്പെടുത്തുകയാണ്.

പ്രണയവും ലൈംഗികതയും സൗഹൃദവും ജീവിതത്തിന്റെ സൗന്ദര്യങ്ങളാണ്. ക്രിയാത്മകമായി ഇവയെ വികസിപ്പിക്കുന്നിടത്താണ് ജീവിതം സന്തോഷകരമാകുന്നത്. ഇതിന് വ്യക്തികളെ സഹായിക്കേണ്ടത് സമൂഹമാണ്. സമൂഹവും സമൂഹത്തിന്റെ സംവിധാനങ്ങളും ഇതിന് സജ്ജമാകുമ്പോഴാണ് ആരോഗ്യമുള്ള പുതിയ തലമുറ രൂപപ്പെടുന്നത്. ഈ കാര്യത്തിൽ കേരള സമൂഹം വളർന്ന് കയറേണ്ട വഴികൾക്ക് ആരു മുൻകൈ എടുക്കും? ■

www.malankaralibrary.com



# പ്രണയപുണ്യങ്ങൾ

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*


പ്രണയത്തിന്റെ ധാർമ്മികതകളിലേക്ക് വെളിച്ചം വീശുന്നതാണീ ലേഖനം. എപ്പോഴൊക്കെയാണ് പ്രണയം ധാർമ്മികമാകുന്നത്? എപ്പോഴാണ് അത് ആത്മീയതയെ തൊടുന്നത്? എപ്പോഴാണ് അത് ദൈവികമാകുന്നത്?

സമൂഹത്തിനു മുമ്പിൽ അടക്കിപ്പിടിക്കേണ്ട സ്നേഹഭാവമാണ് ഇന്നും നമ്മുടെ നാട്ടിൽ പ്രണയാനുഭവങ്ങൾ. കലാ-സാഹിത്യഭാവനയിലേ ഇവിടെ പ്രണയത്തിനു പൂർണ്ണ സഞ്ചാരസ്വാതന്ത്ര്യമുള്ളൂ. പ്രണയത്തിനുമേലുള്ള സാമൂഹിക പിടിമുറുക്കത്തിന് സമാന്തരമായി ക്രിസ്തീയ മുഖ്യധാരാ ആദ്ധ്യാത്മിക പാരമ്പര്യവും പ്രണയത്തിനു നേരെ നെറ്റിചുളിക്കാറാണ് പതിവ്. ശരീരത്തെയും വികാരങ്ങളെയും ലൈംഗികതയെയും ഭയപ്പെട്ട പൗരാണിക സന്യാസപാരമ്പര്യം പ്രണയത്തെ ആത്മീയതയുടെ ചുറ്റുമതിലിനകത്തുപോലും കയറ്റാത്തതിൽ അത്ഭുതമില്ല. ദൈവസ്നേഹം വളരാൻ ഊഷ്മളമായ എല്ലാ സ്നേഹപക്ഷങ്ങളേയും ഉപേക്ഷിക്കണം എന്നായിരുന്നു സന്യാസ ആത്മീയതയുടെ ആദ്യപാഠങ്ങളിലൊന്ന്. ദാമ്പത്യസ്നേഹത്തെ ദൈവസ്നേഹത്തിലേക്കുള്ള വഴിയാക്കാം എന്ന് ഉറക്കെപ്പറഞ്ഞവർപോലും കുറവാണ്. ബന്ധങ്ങളുടെ പശിമയറ്റ വരണ്ട മണ്ണിലെ മാൻപേട മാത്രമല്ല, സ്നേഹപ്രവാഹത്തിൽ കുതിർന്ന ആറ്റുതീരത്തെ വൃക്ഷവും ദൈവത്തെ തേടുന്നുണ്ട്. ഇത് അംഗീകരിക്കുന്നവർ മാത്രമേ പ്രണയത്തെയും ആത്മീയതയെയും ഒരേ തോണിയിൽ ധൈര്യപൂർവ്വം കയറ്റിവിടൂ. അല്ലാത്തവർ ഒന്ന് മറ്റതിനെ ഉടൻ മുക്കിക്കളയും എന്ന് ഭയപ്പെട്ടുകൊണ്ട് കരയിലിരിക്കും.

## പ്രണയവായു

പരമോഹം ആവേശിച്ച സ്നേഹമാണ് പ്രണയം. കൗമാരപ്രണയത്തിന് കൂടുതലും ശരീരപ്രധാനമായ ഒരുതരം അഭിനിവേശത്തിന്റെ മുഖമാണുള്ളത്. എന്നാൽ ജീവിതാവബോധങ്ങൾ പാകപ്പെടുത്തിയ പ്രണയത്തിൽ, ജർമ്മൻ ചിന്തകനായ നീത്ഷേ പറയുംപോലെ, ആത്മാവ് ശരീരത്തെ പൊതിഞ്ഞു നില്ക്കുന്നു. പ്രണയബന്ധങ്ങളിൽ ഭാവനാവിലാസങ്ങ

www.malankaralibrary.com



ൾക്ക് ഉറക്കമില്ല. അതുകൊണ്ടുതന്നെ പലരും പ്രണയിക്കുന്നത് മിക്കപ്പോഴും യഥാർത്ഥ വ്യക്തിയെ എന്നതിനേക്കാൾ സ്വപ്നങ്ങളിൽ മിനുക്കിയെടുത്ത സങ്കല്പത്തെയായിരിക്കും. മനുഷ്യജീവിതത്തിൽ പ്രാണവായുപോലെയൊന്നുമല്ല പ്രണയം. പ്രണയംപോയിട്ട് ആരോടും ഹൃദയബന്ധങ്ങളൊന്നുമില്ലാതെയും ജീവിക്കുന്നവരുണ്ട്. എനിക്കെല്ലാറ്റിനോടും പ്രണയമാണെന്ന് പറയുന്നവരുമുണ്ട്. കാറ്റിനോടും കല്ലുപെൻസിലിനോടും വരെ പ്രണയം എന്നു പറഞ്ഞ് പ്രണയത്തെ തികച്ചും 'അമാനുഷിക'മാക്കുന്നവരാണിവർ. ആരോഗ്യകരമായ പ്രണയം പങ്കിടാനുള്ള ഭാഗ്യമോ പക്വതയോ എല്ലാവർക്കും ഉണ്ടാകണമെന്നില്ല. എന്നിരുന്നാലും പ്രണയം പ്രസാദിച്ച ജീവിതത്തിൽ അത് അനുപമമായ ഊർജ്ജസ്രോതസ്സുതന്നെയാണ്. ഏതു രോഗക്കിടക്കയിലും കരുത്തുപകരുന്ന ആത്മാവിന്റെ കൂട്ടാണത്.

ഉപാധികളില്ലാത്ത സ്വാതന്ത്ര്യമാണ് ശരിയായ പ്രണയത്തിന്റെ കൂടപ്പിറപ്പ്. പരസ്പരം ഏറ്റെടുക്കുന്നു എന്ന ഉറപ്പുള്ളതുകൊണ്ടാണ് ഉള്ളുതുറന്ന് ചിരിക്കാനും കരയാനുമുള്ള സ്വാതന്ത്ര്യം പ്രണയം തരുന്നത്. ആത്മാവിന് മൂടുപടമിടാത്ത പ്രണയബന്ധങ്ങളിൽ തങ്ങളുടെ കുറവുകൾപോലും പറഞ്ഞുചിരിക്കാനൊരു ഭാരമില്ലാത്ത വിഷയം മാത്രമേ ആകൂ. സ്നേഹിക്കുന്നവരുടെ കണ്ണിലൂടെ നമ്മെ നോക്കിക്കാണുന്നത് സന്തോഷകരമാണ്. പ്രണയത്തിൽ ഈ അനുഭവം ആകാശം തൊടുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും രണ്ടുപേർ തമ്മിൽ പ്രണയിക്കാനുള്ള കാരണം എല്ലാബന്ധങ്ങളിലും ഒരു സുഖരഹസ്യമായി നിലകൊള്ളും. റഷ്യൻ സാഹിത്യകാരനായ ബോറിസ് പാസ്റ്റർനാക്ക് അദ്ദേഹത്തിന്റെ ഡോക്ടർ ഷിവാഗോ എന്ന നോവലിൽ എഴുതിയതേ ഏതു പ്രേമബന്ധത്തിന്റെയും കാരണത്തെക്കുറിച്ച് പറയാനാവൂ: "അവർ പരസ്പരം സ്നേഹിച്ചു. കാരണം എല്ലാവരും അതാഗ്രഹിച്ചു. മുകളിലുള്ള ആകാശവും താഴെയുള്ള ഭൂമിയും, പിന്നെ

www.malankaralibrary.com

മേഘങ്ങളും മരങ്ങളും."

ഒരുവനിലെ ഏറ്റവും നല്ലത് പുറത്തുകൊണ്ടുവരുന്ന കാലാവസ്ഥയാണ് പ്രണയം. സംസാരത്തിലും പെരുമാറ്റത്തിലും ആഭിമുഖ്യങ്ങളിലും ഉത്തമമായത് പ്രണയകാലത്ത് പുഷ്പിക്കും. പ്രണയകാലത്ത് പതിവില്ലാത്തവിധം വൃത്തിയും മെനയുമായി നടക്കാൻ തുടങ്ങുന്ന ചെറുപ്പക്കാർ ഇതിന്റെ ഒരുദാഹരണമാണ്. ജർമ്മൻ കവിയായ റിൽക്കെ എഴുതി, 'ആകാശത്തിൽ നിന്ന് പാനംചെയ്യുന്ന വേരുകൾ കണക്കെ ശിഖരങ്ങളുള്ള വൃക്ഷംപോലെയാണ് പ്രണയബന്ധങ്ങൾ.' ഇത്തരത്തിൽ അത്യുന്നതങ്ങളിലേയ്ക്ക് കൈനീട്ടുന്ന പ്രണയമാണ് ആത്മീയതയുടെ ആകാശത്ത് എത്തിച്ചേരുന്നത്.

## പ്രണയവും ആത്മീയതയും

പ്രണയബന്ധങ്ങളെ ഒരു പ്രാർത്ഥനാദൂരം അകലെ നിറുത്തിയ ആദ്ധ്യാത്മിക പാരമ്പര്യമാണ് പൊതുവേ നമുക്കുള്ളത്. അതേസമയം അത്മീയതയുടെ ഉന്നതസോപാനങ്ങൾ കയറിയവരെല്ലാം ഗാഢബന്ധങ്ങൾ എന്തെന്നറിയാത്ത ഉണക്കക്കൊള്ളികളാണെന്ന് നിനയ്ക്കുന്നത് മുഴുത്ത തെറ്റാണ്. വി. ബനഡിക്റ്റും വി. സ്ക്കൊളാസ്റ്റിക്കയും, വി. ഫ്രാൻസീസും വി. ക്ലാരയും, വി. ഫ്രാൻസീസ് സാലസും ജയ്ൻ ഫ്രാൻസ് ഷന്താളും, കുരിശിന്റെ വി. യോഹന്നാനും വി. അമ്മത്രേസ്യയും പരസ്പരം ആത്മാവിന്റെ കൂട്ടുകാരായി വർത്തിച്ചവരാണ്. സ്നേഹസാന്ദ്രമായ ബന്ധങ്ങൾ സൃഷ്ടിക്കുന്നതിൽനിന്ന് ബ്രഹ്മചര്യവ്രതം ഇവരെ തടഞ്ഞില്ല.

തീവ്രവും ശുദ്ധവുമായ പ്രണയം ദൈവസ്നേഹത്തിന്റെ ചെറുപതിപ്പാണ്. പ്രണയിനി ദൈവമല്ല. പക്ഷേ ദൈവത്തിന്റെ പ്രതിരൂപമായി മാറാം. ഇറ്റാലിയൻ മഹാകവി ഡാന്റെ എഴുതി: "അവൾ ദൈവത്തെ നോക്കിനിന്നു. ഞാനാകട്ടെ അവളുടെ കണ്ണുകളിൽ ദൈവത്തിന്റെ പ്രതിബിംബം കണ്ടു". ദമ്പതികൾ തമ്മിലുള്ള പ്രണയം ദൈവസ്നേഹത്തിന്റെ ലാളനയാണ്. പ്രണയിനിയുടെ സ്നേഹത്തെ ദൈവസ്നേഹാനുഭവമായി കാണാൻ സാധിക്കുമ്പോൾ പ്രണയം ആത്മീയതയുടെ മേലങ്കി ധരിക്കുന്നു. പരസ്പരമുള്ള തീവ്രബന്ധം പാപത്തിന്റെ മണ്ണിൽ പുതഞ്ഞുപോകണം എന്നൊന്നുമില്ല. രാഗബദ്ധമല്ലാത്ത തീവ്രസ്നേഹം പുലർത്തിയ വി. ഫ്രാൻസീസും വി. ക്ലാരയും



സംസാരിച്ചിരുന്നപ്പോൾ അസ്സീസ്സിക്ക് മുകളിൽ തീജ്വാലകൾ കണ്ട് ആളുകൂടിയ കഥയുണ്ട്. രണ്ടുപേരുടെ പരസ്പര സ്നേഹം ഒന്നിച്ചുകത്തിയപ്പോൾ ദൈവസ്നേഹത്തിന്റെ ജ്വാലകളുയർന്നു.

യാഥാർത്ഥ്യബോധമുള്ള പ്രണയം മഹാപ്രാർത്ഥനയായി മാറാം. ദൈവം തന്ന പ്രണയദാനത്തിന്റെ നന്മകൾ നിലക്കാത്ത ദൈവസ്തുതികൾക്ക് നിമിത്തമാകുന്നു. കളങ്കമറ്റ പ്രണയാനുഭവമുള്ളവർ ഒരിക്കലും സ്ത്രീവിരുദ്ധതയുടെ ചെളി തെറിപ്പിക്കുകയില്ല. നിർദ്ദോഷമായ ഫലിതങ്ങൾകൊണ്ടുപോലും അവർ സ്ത്രീകളുടെ അഭിമാനത്തിന് വിലപറയുകയില്ല. പരിശുദ്ധ കന്യാമറിയത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്ന പുരുഷൻ മാതൃഭക്തനായി നിലകൊള്ളുന്നു; ആത്മാർത്ഥ പ്രണയത്തിൽ സ്നാനം ചെയ്തവൻ പരസ്ത്രീകളെ പരിശുദ്ധ മറിയത്തിന്റെ സ്ഥാനത്തുനിറുത്തി ആ

www.malankaralibrary.com

ദരിക്കുന്നു. ആദ്യത്തേതിന് ഭക്തി മതി; രണ്ടാമത്തേതിന് ആഴമുള്ള ആത്മീയത വേണം.

മായം ചേരാത്ത പ്രണയം സ്വയംദാനമാകുന്നു. തേൻ നുകർന്നകലുന്ന പൂമ്പാറ്റവേഷമല്ല പ്രണയികളുടേത്. വാഗമൺ, മൈസൂർ, ബാംഗ്ലൂർ, ഊട്ടി വഴികളിൽ മാത്രമല്ല പ്രണയം സഞ്ചരിക്കുന്നത്. ജോലിഭാരത്തിന്റെയും രോഗക്കിടക്കയുടെയും പരീക്ഷണങ്ങളുടെയും കഠിനപാതകളിലും ശരിയായ പ്രണയം ചരിച്ചുകൊണ്ടിരിക്കും. ദമ്പതികളുടെ പ്രണയത്തിൽ മരണവും ഉത്ഥാനവുമുണ്ട്. തങ്ങളുടെ സ്വകാര്യ വ്യക്തിത്വത്തോടുള്ള മരണവും പ്രണയിക്കുന്ന വ്യക്തിത്വത്തിലേക്കുള്ള ഉയിർപ്പും. ദാമ്പത്യപ്രണയത്തിൽ അവർ മരിച്ചുയിർത്ത ക്രിസ്തുവിനെസ്നേഹിക്കുന്നു. സ്നേഹിച്ച് പരസ്പരം ഒന്നാകാൻ ആഗ്രഹിക്കവേ, ആദവും ഹവ്വയും തങ്ങൾ മൂന്നു പേരാണെന്ന് അറിയുന്നു. കാരണം അവർക്കൊപ്പം ദൈവം ചേരുന്നു. കാരണം ദൈവം ആഗ്രഹപ്രധാനമായ (erotic) സ്നേഹംകൂടെയാണ്.

> തീവ്രവും ശുദ്ധവുമായ പ്രണയം ദൈവസ്നേഹ ത്തിന്റെ ചെറുപതിപ്പാണ്. പ്രണയിനി ദൈവമല്ല. പക്ഷേ ദൈവത്തിന്റെ പ്രതിരൂപമായി മാറാം.

മറ്റുള്ളവരുടെ പ്രണയത്തെ മനസ്സിലാക്കാൻ പറ്റുന്നതിലുമുണ്ട് ആത്മീയത. ഗാഢബന്ധങ്ങൾ അന്യമായവർക്ക് സ്നേഹത്തിന്റെ വിലോല ബന്ധങ്ങൾ മനസ്സിലാക്കാൻ പറ്റണമെന്നില്ല. ക്രിസ്തു ദൈവരാജ്യത്തെ താരതമ്യപ്പെടുത്തിയത് വിവാഹവിരുന്നിനോടാണ്. മണവാളന്റെയും മണവാട്ടിയുടെയും സ്നേഹസാഫല്യത്തിൽ അയല്ക്കാരും ചങ്ങാതിമാരും സന്തോഷിക്കുന്നതാണ് വിവാഹവിരുന്നിന്റെ മധുരം. പരിശുദ്ധ ത്രിത്വത്തെ സഭാപിതാക്കന്മാർ ഇങ്ങനെവ്യാഖ്യാനിച്ചിട്ടുണ്ട്. പിതാവും പുത്രനും തമ്മിലുള്ള സ്നേഹത്തിൽനിന്നുണ്ടാകുന്ന സന്തോഷമാണ് പരിശുദ്ധാത്മാവ്. വിവാഹം സ്വർഗ്ഗത്തിന്റെ പ്രതീകമാണെന്ന് പറയാൻ ധൈര്യപ്പെട്ട വി. ജോൺ ക്രിസസ്റ്റോമിന് സ്തുതി. രണ്ടുപേർ തമ്മിലുള്ള പ്രണയം മറ്റൊരുവനിൽ അസൂയ, മന:പ്രയാസം തുടങ്ങിയ കയ്പുരസങ്ങളാണ് ഉണ്ടാക്കുന്നതെങ്കിൽ അവന്റെ ആത്മീയതക്ക് സാരമായ കുഴപ്പമുണ്ട്.

## അസത്യപ്രണയങ്ങൾ

എവിടെ സ്നേഹമുണ്ടോ അവിടെ ദൈവമുണ്ട് (Ubi caritas et amor, ibi Deus est) എന്നുപോലും ഒരു ബെനഡിക്റ്റെൻ ഗീതം പാടുന്നുണ്ട്. പക്ഷേ പ്രണയത്തിന് കിട്ടുന്ന കാവ്യസ്തുതികൾ അതിനെ പരമമായ മൂല്യമാക്കുന്നില്ല. എന്നുപറഞ്ഞാൽ, വിശ്വാസം, കുടുംബബന്ധങ്ങൾ, പ്രണയികളുടെ ആത്യന്തിക നന്മ തുടങ്ങിയവയെല്ലാം അവഗണിച്ചും സംരക്ഷിക്കേണ്ടതല്ല പ്രണയബന്ധങ്ങൾ. അത്തരം ബന്ധങ്ങൾ ആത്മീയതക്ക് ഉപകരിക്കണമെന്നില്ല. അപരന്റെ സ്വാതന്ത്ര്യത്തെ മാനിക്കാത്ത ബന്ധങ്ങൾ ക്രിസ്തീയമല്ല. സ്വന്തം സ്നേഹമെന്ന കയ്യിലിരിപ്പുമായി മറ്റൊരാളുടെ ജീവിതത്തിന്റെ മേല്ക്കൂര തകർത്ത് ഇടിച്ചിറങ്ങുന്നതിന്റെ പേരല്ല പ്രണയം. പിടിച്ചുമേടിച്ചോ ഇരന്നുവാങ്ങിയോ പ്രണയമുണ്ടാക്കാൻ ശ്രമിക്കുന്നത് മനോരോഗത്തിന്റെ വകഭേദം മാത്രമാണ്. ഇവയൊക്കെ പ്രണയത്തിന്റെ പേരിലുള്ള പൈശാചികമായ ഹിംസകളാണ്. അപരന്റെ ശരീരം ലക്ഷ്യമിടുന്ന പല്ലും നഖവും അവ ഒളിപ്പിക്കുന്നുണ്ട്. പ്രണയം ഒരുവനെകൂടുതൽ സ്വാർത്ഥനാക്കുന്നെങ്കിൽ ആ ബന്ധത്തിന്റെ നന്മ സംശയിക്കപ്പെടണം. ചുരുക്കത്തിൽ, ദൈവത്തിന്റെ മുമ്പിൽ സത്യമല്ലാത്ത ബന്ധങ്ങൾക്കൊന്നിനും പുണ്യത്തിന്റെ നിറമോ മണമോ ഉണ്ടാവുകയില്ല.



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com

ചർച്ച

# നാളത്തെ ശുശ്രൂഷകൾ

"മഠത്തിലേക്കുള്ള ദൈവവിളികൾ കേരളത്തിൽ കുറയാൻ തുടങ്ങിയിരിക്കുന്നു". സാധാരണ കേൾക്കുന്ന ഒരു വിലയിരുത്തലാണത്. അതോടൊപ്പമാണ് കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെ മുഖ്യധാരാമാധ്യമങ്ങൾ സന്യാസജീവിതത്തിനെതിരെ സജീവമായത്. സമർപ്പണജീവിതം ഇന്ന് പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞമാസം ജനറാളമ്മമാരായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റേഴ്സ് പ്രതികരിക്കുന്നു.

**പത്രാധിപർ**

### പങ്കെടുത്തവർ

- സിസ്റ്റർ സിൻക്ലെയർ, FCC
- സിസ്റ്റർ സാൻക്ട്സ, CMC
- സിസ്റ്റർ റോസ് കെയ്റ്റ്, SABS
- സിസ്റ്റർ ത്രേസ്യാമ്മ പി. SH
- സിസ്റ്റർ ബഞ്ചമിൻ പി. SIC

**● സന്യാസിനികൾക്കെതിരെ മാധ്യമങ്ങളിൽ ഈ അടുത്തകാലത്ത് വ്യാപകമായ നിഷേധാത്മക സമീപനം ദൈവവിളിയെ ബാധിച്ചിട്ടുണ്ടോ?**

**സി. സിൻക്ലെയർ:** വലിയൊരു കുറവ് ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. മാധ്യമങ്ങളുടെ വിശകലനങ്ങൾ പരിശീലനത്തിനുള്ളവരുമായി ചർച്ച ചെയ്യാൻ ഇത് ഇടയാക്കി. അത് ഒരു വിശകലനത്തിനും വിലയിരുത്തലിനും അവസരമായി എന്നാണ് തോന്നുന്നത്.

**സി. സാൻക്ട്സ:** ദൈവവിളിയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാന്ദ്യത്തിന് പല കാരണങ്ങളുണ്ട്: കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു. പെൺകുട്ടി വീട്ടിലെ സാമ്പത്തിക നെടുംതൂണായി മാറി. മാതാപിതാക്കൾക്ക് അവരെ മഠത്തിൽ അയക്കാനുള്ള താത്പര്യം കുറഞ്ഞു. ഇങ്ങനെ പല കാരണങ്ങൾ.

**സി. ബഞ്ചമിൻ:** മാധ്യമങ്ങൾ പകർന്നുകൊടുക്കുന്ന സെക്കുലർ ശൈലികൾ, പുതിയ മൂല്യങ്ങൾ, ഇവ കൂടുതൽ ബാധിക്കുന്നത് പെൺകുട്ടികളെയാണ്. വീടുകളിലെ അമിത സ്വാതന്ത്ര്യത്തിൽ നിന്നു വരുന്നവർക്ക് സന്യാസത്തിന്റെ 'അരുതു'കൾ സ്വാതന്ത്ര്യധ്വംസനം ആയി തോന്നുന്നു.

**സി. ത്രേസ്യാമ്മ:** ദൈവവിളിയിൽ കുറവുണ്ടാകുന്നുണ്ട്. സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങൾ ഇതിനു പിന്നിലുണ്ട്. നമ്മുടെ സാക്ഷ്യത്തിന്റെ പോരായ്മയും ഇല്ലെന്നു പറഞ്ഞുകൂടാ.

**സി. റോസ് കെയ്റ്റ്:** സന്യാസത്തെക്കുറിച്ചു മാധ്യമങ്ങൾ നടത്തിയ പ്രചാരണങ്ങൾ കത്തോലിക്കരുടെ ഇടയിൽ കുറച്ചൊക്കെ അസ്വസ്ഥത ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ദൈവവിളി കുറയാനുള്ള ഏകകാരണം ഇതുമാത്രമല്ല. കുടുംബത്തിലും സമൂഹത്തിലും ധാരാളം മാറ്റങ്ങൾ വന്നുപോയി. സഹനവും സമർപ്പണവും വിലമതിക്കപ്പെടുന്ന മൂല്യങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

**● സന്യാസത്തിലേക്കുള്ള ദൈവവിളികൾ കുറയുന്നതിനെ എങ്ങനെ പ്രതിരോധിക്കും? ക്രിസ്തീയ സന്യാസത്തെക്കുറിച്ചുള്ള സാമൂഹ്യസങ്കല്പം മെച്ചപ്പെടുത്തിയെടുക്കുവാൻ എന്തു ചെയ്യാനാകും?**

www.malankaralibrary.com

**സി. സിൻക്ലെയർ:** സമൂഹത്തിലെ പ്രശ്നങ്ങളെക്കുറിച്ച് നമ്മൾ ബോധവതികളാവണം. പ്രതിസന്ധികളിൽ ഉൾവലിയാതെ പ്രതികരിക്കാൻ പഠിക്കണം. അതോടൊപ്പം ആധുനിക സമ്പർക്ക മാധ്യമങ്ങളുടെ ഭാഷയും രീതികളും മനസ്സിലാക്കുവാനും അവ ഉപയോഗിച്ച് വിനിമയം നടത്തുവാനും പഠിക്കണം. അതായത് മാധ്യമങ്ങളോട് സംസാരിക്കുവാനും മാധ്യമങ്ങളിൽ സംസാരിക്കുവാനും പഠിക്കണം.

**സി. സാൻക്ട:** ജീവിതസാക്ഷ്യമാണ് ഏറ്റവും വലിയ പ്രതിവിധി. മായം ചേർക്കാതെ സന്യാസത്തിന്റെ അന്തഃസത്തയിൽ ജീവിക്കുകയും ആളുകളോട് സംവദിക്കുകയും വേണം. സമഗ്രമായ ഒരു മാറ്റം നമ്മുടെ സമീപനങ്ങളിൽ, ശൈലികളിൽ ആവശ്യമാണ്. ഇന്നത്തെ അർത്ഥിനികളെ പഴയ അച്ചിലിട്ട് വാർക്കാനും പറ്റില്ല. നാം എന്തിനായി നില്ക്കുന്നു? നമ്മുടെ ദൗത്യം എന്താണ്? ദൈവജനത്തോടുള്ള കടപ്പാട് എന്താണ്? എന്ന് വ്യക്തമായ ധാരണ നമുക്കുണ്ടാകണം.

**സി. ബഞ്ചമിൻ:** നമ്മൾ ദൈവജനത്തിന്റെ മധ്യത്തിലുണ്ടാവണം. ഇത് സാധ്യമാക്കുന്നതിനായ് ഞങ്ങൾ ഓരോ പ്രൊവിൻസിലും മിഷൻ ഹോമുകൾ തുടങ്ങിയിട്ടുണ്ട്. ഇവിടെ സിസ്റ്റേഴ്സിനു വചനപ്രഘോഷണത്തിനു പ്രത്യേക പരിശീലനം കൊടുത്ത് നിയോഗിച്ചിട്ടുണ്ട്. അവരുടെ ദിനചര്യതന്നെ വ്യത്യസ്തമാണ്. അവർ ജനങ്ങളുടെ കൂടെ പ്രാർത്ഥിക്കുന്നു, അവരുമൊത്ത് സമയം ചിലവഴിക്കുന്നു, വചനം പങ്കുവയ്ക്കുന്നു. ഉത്തരേന്ത്യയിൽ മാത്രം ചെയ്തിരുന്ന ഈ രീതി ഇപ്പോൾ കേരളത്തിലും വ്യാപിപ്പിക്കുകയാണ്.

**സി. ത്രേസ്യാമ്മ:** ആളുകളോടും അവരുടെ പ്രശ്നങ്ങളോടും തുറവിയും താത്പര്യവും കാണിക്കണം. പരമ്പരാഗത സേവനമേഖലകൾ വേണ്ടതാണെങ്കിലും ശൈലിയിൽ മാറ്റങ്ങൾ അനിവാര്യമാണ്. ഉദാ: ഞങ്ങളുടെ സ്കൂളുകളിൽ 50% പാവങ്ങൾക്കു reserve ചെയ്യുക എന്ന ഒരു പുതിയ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പേര്, പ്രശസ്തി, വിജയം ഇവയ്



**സിസ്റ്റർ റോസ് കെയ്റ്റ്**
(ആരാധനസഭ)

**അംഗങ്ങൾ** : 4550
**പ്രൊവിൻസുകൾ** : 17
**രാജ്യങ്ങൾ** : ഇന്ത്യ, നേപ്പാൾ, സ്വിറ്റ്സർലണ്ട്, ഇറ്റലി, കെനിയ, ടാൻസാനിയ, ഇംഗ്ലണ്ട്, യുക്രയിൻ, ജർമ്മനി
**ശുശ്രൂഷാരംഗങ്ങൾ** : ദിവ്യകാരുണ്യ പ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷകൾ, സാമൂഹ്യസേവനം, മുദ്രാലയ പ്രേഷിതത്വം, മിഷൻ പ്രവർത്തനം



**സിസ്റ്റർ സിൻക്ലെയർ**
(ക്ലാരസഭ)

**അംഗങ്ങൾ** : 6910
**പ്രൊവിൻസുകൾ** : 20
**റീജിയൻ** : 4
**രാജ്യങ്ങൾ** : ഇന്ത്യ, ഇറ്റലി, ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലണ്ട്, അമേരിക്ക, കെനിയ, എത്യോപ്യ, ടാൻസാനിയ, പാപ്പുവഗിനിയ
**ശുശ്രൂഷാരംഗങ്ങൾ** : വിദ്യാഭ്യാസം, ആതുരശുശ്രൂഷ, കുടുംബപ്രേഷിതത്വം, വചനപ്രഘോഷണം, സാമൂഹ്യക്ഷേമം

www.malankaralibrary.com



**സിസ്റ്റർ സാൻക്ട**
(കർമ്മലീത്ത സഭ)

| | |
|---|---|
| **അംഗങ്ങൾ** | : 6350 |
| **പ്രൊവിൻസുകൾ** | : 20 |
| **റീജിയൻ** | : 6 |
| **രാജ്യങ്ങൾ** | : ഇന്ത്യ, ആഫ്രിക്ക, ജർമ്മനി, അമേരിക്ക |

**ശുശ്രൂഷാരംഗങ്ങൾ** : വിദ്യാഭ്യാസം, വിശ്വാസരൂപീകരണം, ആതുരശുശ്രൂഷ, അഗതിശുശ്രൂഷ, സാമൂഹ്യസേവനം

ക്കപ്പുറം കുട്ടികളുടെ പ്രശ്നങ്ങളിൽ ശ്രദ്ധിക്കുവാനും ആത്മാർത്ഥമായി സ്നേഹത്തോടെ സേവനം ചെയ്യുവാനും കഴിയണം.

**സി. റോസ് കെയ്റ്റ്:** മാധ്യമവികലതകളെയും വെല്ലുവിളികളെയും മാധ്യമങ്ങളിലൂടെ തന്നെ നേരിടാൻ നമ്മൾ പഠിക്കണം. ത്യാഗപൂർണ്ണമായ ജീവിതം നയിക്കുന്ന സന്യസ്തരെക്കുറിച്ചുള്ള കഥകൾ, സിനിമകൾ, അഭിമുഖങ്ങൾ തുടങ്ങിയവ ജനങ്ങൾക്ക് ലഭ്യമാക്കണം.

**സി. സാൻക്ട:** കുടുംബങ്ങളിൽ ക്രിസ്തീയ ചൈതന്യം നിലനിറുത്തുന്നതിന് മാതാപിതാക്കളെ സഹായിക്കണം. അതുകൊണ്ട് കുടുംബപ്രേക്ഷിതത്വത്തിന് എക്കാലത്തേക്കാളും പ്രാധാന്യം ഇന്നുണ്ട്. ഇടവകകളിൽ, ജനമധ്യത്തിൽ ലാളിത്യം നിറഞ്ഞ, പ്രാർത്ഥന ചൈതന്യമുള്ള സാന്നിധ്യം ആകണം. അവർക്കു നമ്മൾ പ്രാപ്യരാകണം. വിദ്യാഭ്യാസ മേഖലയിലുള്ളവരും കുട്ടികളിലൂടെ കുടുംബത്തിൽ നന്മയ്ക്കുള്ള സ്വാധീനമായി മാറണം.

**● കേരളത്തിലെ നമ്മുടെ ശുശ്രൂഷാരംഗം പുനർനിർണ്ണയിക്കേണ്ടതുണ്ടോ?**

**സി. സാൻക്ട:** സമഗ്രമായ ഒരു ചുവടുമാറ്റം ഇന്ന് സന്യസ്തരിൽ ആവശ്യമായിരിക്കുന്നു. ആളും അർത്ഥവും പുതിയമേഖലകളിൽ നിയോഗിക്കാൻ ധൈര്യം കാട്ടണം. കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചുള്ള പുതിയ സേവനമേഖലകളോടു തുറവി കാട്ടണം. എല്ലാവർക്കും ഇത്തരം മേഖലകളോടു മമത കാണണമെന്നില്ല. എന്നിരുന്നാലും താത്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കണം. പരിശീലനകാലത്ത് തുറവിയോടെ വളർത്തണം. വെല്ലുവിളികളോട് പ്രതികരിക്കുവാൻ പഠിപ്പിക്കണം.

**സി. റോസ് കെയ്റ്റ്:** സ്ഥാപനവത്ക്കരിക്കപ്പെട്ട ശുശ്രൂഷാരംഗം ഇന്നും ആവശ്യമാണെങ്കിലും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തണം. വ്യക്തിഗതമായ ശ്രദ്ധ കൊടുത്തുകൊണ്ട് ആളുകളെ ജീവിതധന്യതയിലേയ്ക്ക് കൂട്ടിക്കൊണ്ടുവരണം. ഈ ജാഗ്രത എല്ലാ അംഗങ്ങളിലും വളർത്തിയെടുക്കണം.

**സി. സിൻക്ലെയർ:** തീർച്ചയായും നമ്മുടെ സേവനമേഖലക



**സിസ്റ്റർ ബഞ്ചമിൻ പി**
(ബഥനിസഭ)

| | |
|---|---|
| **അംഗങ്ങൾ** | : 840 |
| **പ്രൊവിൻസുകൾ** | : 5 |
| **റീജിയൻ** | : 6 |
| **രാജ്യങ്ങൾ** | : ഇന്ത്യ, ആഫ്രിക്ക, ജർമ്മനി, അമേരിക്ക, ഇറ്റലി, ഇസ്രായേൽ, സ്വിറ്റ്സർലണ്ട്, |

**ശുശ്രൂഷാരംഗങ്ങൾ** : വിദ്യാഭ്യാസം, ആതുരശുശ്രൂഷ, അജപാലനം, സഭകളുടെ പുനരൈക്യം

www.malankaralibrary.com



**സിസ്റ്റർ ത്രേസ്യാമ്മ പി.**
(തിരുഹൃദയസഭ)

| | |
|---|---|
| **അംഗങ്ങൾ** | : 3546 |
| **പ്രൊവിൻസുകൾ** | : 11 |
| **രാജ്യങ്ങൾ** | : ഇന്ത്യ, ആഫ്രിക്ക, ജർമ്മനി |
| **ശുശ്രൂഷാരംഗങ്ങൾ** | : വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസേവനം |

ളെ പുനർനിർണ്ണയിക്കേണ്ടതുണ്ട്. പുതിയ സാമൂഹ്യ പ്രശ്നങ്ങൾ പുതിയ സേവനരീതികൾ ആവശ്യപ്പെടുന്നു. വ്യവസ്ഥാപിത സേവനമേഖലകളായ സ്കൂളിലും ആശുപത്രിയിലും പോലും സമീപനരീതി മാറേണ്ടിയിരിക്കുന്നു.

**സി. ത്രേസ്യാമ്മ:** നമ്മുടെ സുരക്ഷിത മേഖലകളിൽ ഒതുങ്ങിക്കൂടാതെ പാവങ്ങളോടു പക്ഷം ചേരുന്ന ഒരു ജീവിതശൈലി സ്വീകരിക്കണം. ഇതിന്റെ തുടക്കമെന്നോണം സ്കൂളിൽനിന്നും വിട്ട് പാവങ്ങളുടെ കൂടെ താമസമാക്കിയ ചിലർ ഞങ്ങൾക്കുണ്ട്.

**സി. ബഞ്ചമിൻ:** സന്യാസഭവനത്തിലെ ടൈംടേബിൾപോലുസരിച്ച് ക്രമീകരിക്കപ്പെടണം. കുടുംബങ്ങളിൽ പോയി ആളുകളുടെകൂടെ പ്രാർത്ഥിക്കുന്നത് വളരെ നല്ല ഒരു സേവനമാണ്.

**● കേരളത്തിലെ പുതിയ ശുശ്രൂഷാമേഖലകൾ ഏതൊക്കെയാണ് ?**

**സി. റോസ് കെയ്റ്റ്:** വർദ്ധിച്ചുവരുന്ന AIDS രോഗികൾ, ലൈംഗികതൊഴിലാളികൾ ഇവരുടെ ഇടയിലേയ്ക്ക് കൂടുതൽ ഇറങ്ങാൻ താത്പര്യപ്പെടുന്നവരുണ്ട്. കൂടാതെ ഞങ്ങളുടെ സ്കൂളുകളിലെ കുട്ടികളിലൂടെ അവരുടെ കുടുംബങ്ങളിലേയ്ക്ക് എത്തുന്നതിനും തകർച്ചകളിൽ താങ്ങായി അവരെ ഉദ്ധരിക്കുന്നതിനും പദ്ധതി ഉണ്ട്.

**സി. സിൻക്ലെയർ:** മുന്നിൽ കാണുന്ന ഒരു പ്രധാനമേഖലയാണ് മാധ്യമങ്ങളുടേത്. നമ്മുടെ സ്കൂളുകളിലും മാധ്യമവിദ്യാഭ്യാസം ആവശ്യമാണ്. കൗൺസിലിംഗ് തുടങ്ങിയ പ്രത്യേക സേവനങ്ങൾക്കും കൂടുതൽ പ്രസക്തി ഉണ്ട്.

**സി. സാൻക്ട:** സേവനരംഗത്ത് പുതിയ അന്വേഷണം ആവശ്യമാണ്. മാറ്റം അനിവാര്യമാണ്. ഓരങ്ങളിലെ ക്രൈസ്തവസാന്നിധ്യം ആയിക്കൊണ്ട് ജനങ്ങളുടെ മധ്യേ യേശുവിനെപ്പോലെ സംലഭ്യരാകുവാൻ കുറച്ചു സിസ്റ്റേഴ്സ് ശ്രമിക്കുന്നുണ്ട്. പുതിയ സേവനങ്ങൾക്ക് പുതിയ ആദ്ധ്യാത്മികതയും വേണം.

**● സന്യാസസഭയുടെ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ ?**

**സി. സിൻക്ലെയർ:** വിശുദ്ധിയിൽ വളരുന്ന ഒരു നല്ല സന്യാസസമൂഹത്തെ രൂപപ്പെടുത്തുക എന്നതാണ് എന്റെ സ്വപ്നം. ഇതിന് അർപ്പണ ബോധമുള്ള, ലാളിത്യത്തിലേക്കു തിരികെപോകുന്ന സാധാരണ ജനങ്ങളുമായി സംവേദിക്കുന്ന സിസ്റ്റേഴ്സ് ആവണം. ഞങ്ങളുടെ ആദ്യത്തെ 8 സിസ്റ്റേഴ്സിന്റെ ചൈതന്യത്തോടെ ദൈവജനത്തോടുകൂടി ആയിരിക്കുവാനുള്ള ശ്രമമാണാവശ്യം.

**സി. സാൻക്ട:** സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യം വച്ചു സ്ഥാപിതമായ ഞങ്ങളുടെ സഭയ്ക്ക് ഇന്നത്തെ സമൂഹം തരുന്ന വെല്ലുവിളികൾ ഏറെയാണ്. വികസനത്തെക്കുറിച്ച് വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ച് പറയുമ്പോഴും സ്ത്രീകളുടെ അവസ്ഥ ഇന്നും പ്രശ്നകലുഷിതമാണ്. അവർക്കുവേണ്ടി കാര്യമായ ഒരു പ്രവർത്തനം രൂപപ്പെടുത്തിയെടുക്കണം. ഇതിന് സേവനരംഗത്ത് പുനഃക്രമീകരണവും ആവശ്യമായി വരും.

**സി. ബഞ്ചമിൻ:** മറ്റു ക്രിസ്തീയ സഭകളുമായുള്ള ഐക്യം ഞങ്ങളുടെ ഒരു പ്രത്യേക അഭിലാഷമാണ്. ഞങ്ങളുടെ ഇടയിൽ മറ്റു ക്രിസ്തീയസഭകളിൽ നിന്നും, ഹൈന്ദവരിൽനിന്നും വളരെ റിസ്ക് എടുത്ത് വന്നുചേർന്ന സിസ്റ്റേഴ്സ് ഉണ്ടായിട്ടുണ്ട്. അവരുടെ ഒക്കെ ജീവിതമാതൃക സാക്ഷ്യമായി പുതിയതലമുറയ്ക്ക് എത്തിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിനായി മാധ്യമങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കുവാൻ ശ്രമിക്കും.

**സി. ത്രേസ്യാമ്മ:** സഭയുടെ ശതാബ്ദി ആഘോഷം ഒരു തിരിച്ചുപോകലിന്റെ ആവശ്യം ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. തീർച്ചയായും എല്ലാതരത്തിലും ഒരു നവീകരണം ഞങ്ങൾ ആഗ്രഹിക്കുന്നു.

www.malankaralibrary.com



# പ്രണയഗീതം

ഡോ. ഡേവിഡ് തെക്കേക്കര

പ്രണയഗീതമാണ് പാട്ടുകളുടെ പാട്ടെന്ന ഉത്തമഗീതം. ഇതിന്റെ അർത്ഥതലങ്ങളെ അന്വേഷിക്കുന്ന അക്കാദമിക് ലേഖനം.

പഴയനിയമത്തിലെ വിജ്ഞാന സാഹിത്യശാഖയിലാണ് ഉത്തമഗീതം എന്ന പുസ്തകത്തെ സാധാരണയായി ഉൾപ്പെടുത്തുന്നത്. മനുഷ്യനിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന സൃഷ്ടശക്തിയാണ് സ്നേഹം. കാമുകിയും കാമുകനും പ്രപഞ്ചവുമാകുന്ന ത്രിത്വസമുച്ചയത്തെ കൂട്ടിത്തുന്നുന്ന ദൈവിക ചൈതന്യമാണ് ഉത്തമഗീതത്തിലെ സ്നേഹം. അതിനെ 'കാമ'മെന്നോ 'പ്രണയ'മെന്നോ പേരിട്ടാലും അത് ദൈവത്തിന്റെ സത്തയും ആത്മാവും തന്നെയാണ്. മനുഷ്യനേയും പ്രപഞ്ചത്തേയും താളത്തിൽ നിർത്തുന്ന ദൈവിക ചൈതന്യത്തിന്റെ ആഘോഷമാണ് ഉത്തമഗീതത്തിലെ പ്രണയദർശനം. അതായത് ദൈവം തന്നെയാണ് പ്രണയം; പ്രണയം തന്നെയാണ് ദൈവം. ഉത്തമഗീതത്തെ രണ്ടുരീതിയിലാണ് വ്യാഖ്യാനിക്കുന്നത്. ആലങ്കാരിക വ്യാഖ്യാനവും (allagorical) വാചിക (literal) വ്യാഖ്യാനവും. ആലങ്കാരിക വ്യാഖ്യാനത്തിൽ സോളമൻ – ഇസ്രായേൽ; ദൈവം – ഇസ്രായേൽ; യേശുക്രിസ്തു – സഭ; ദൈവം – മനുഷ്യാത്മാവ് തുടങ്ങിയ ദ്വിബന്ധങ്ങളുടെ അവതരണമായിട്ടാണ് ഉത്തമഗീതം മനസ്സിലാക്കപ്പെട്ടത്. വാചാർത്ഥ്യ വ്യാഖ്യാനരീതിയിൽ ജനകീയ പ്രണയ കവിതകളുടെ സമാഹാരമായും വസന്തകാല സമൃദ്ധിയിലെ ഉദയഗീതമായും വിവാഹാഘോഷത്തിലെ കല്ല്യാണ മന്ത്രമായും ഉത്തമഗീതത്തെ വിശദീകരിക്കുന്നു. ഈ രണ്ടു വ്യാഖ്യാനങ്ങളുടെയും മിശ്രണമായിട്ടു മാത്രമേ ഉത്തമഗീതത്തിന്റെ വ്യാഖ്യാനം അഭികാമ്യമാകുകയുള്ളൂ. കേന്ദ്രകഥാപാത്രങ്ങളായ കാമുകന്റെയും കാമുകിയുടെയും സ്നേഹവർണ്ണനയിൽ നിന്ന് അനന്തമായ ദൈവികസ്നേഹത്തിന്റെ സ്വർഗ്ഗീയ സൗന്ദര്യത്തിലേയ്ക്ക് ആസ്വാദകൻ എത്തിപ്പെടുന്നില്ലെങ്കിൽ ഉത്തമഗീതത്തിന്റെ ആത്മീയനിവേശനം പൂർണ്ണമാകില്ല.

## കാമുകിയും കാമുകനും

സ്ത്രീയും പുരുഷനും അനുഭവിക്കുന്ന പരിപൂർണ്ണ സ്വാതന്ത്ര്യവും പരസ്പരാധിപത്യവുമാണ് ഉത്തമഗീതത്തിന്റെ കാതൽ. ഇവിടെ സ്വാർത്ഥമോഹിയായ ഭാര്യയോ അടിമയായ സ്ത്രീയോ അധികാരഭ്രമത്തനായ പുരുഷനോ ഇല്ല. പരസ്പരം സൗന്ദര്യത്തെ

www.malankaralibrary.com




വാഴ്ത്തിപ്പാടുന്ന ആരാധകർ മാത്രം. ഉത്തമഗീതത്തിലെ സ്ത്രീയും പുരുഷനും അനവദ്യമായ സ്നേഹത്തിന്റെ പൂരകകഥാപാത്രങ്ങളാണ്. ഒന്നില്ലാതെ മറ്റൊന്നില്ല. ഇവിടെ ആരും ആരേയും കുറ്റപ്പെടുത്തുന്നില്ല. പ്രപഞ്ചമാകുന്ന രംഗതളത്തിൽനിന്ന് പരസ്പരം ഘോഷിക്കുന്ന വാഴ്ത്തലുകൾ മാത്രമാണ് ഉത്തമഗീതം. കാമുകി കാമുകന്മാരുടെ ബന്ധം ക്രിയാത്മകവും പ്രകൃതിപരവുമാണ്. അതിനാൽ സ്വവർഗ്ഗരതികളുടെ ദർശനങ്ങൾക്ക് കടകവിരുദ്ധമാണ് ഉത്തമഗീതത്തിന്റെ തത്വചിന്തകൾ.

സ്ത്രീപുരുഷന്മാരുടെ സാമൂഹ്യചുറ്റുപാടുകളും കുടുംബബന്ധങ്ങളും ഇവിടെ അപ്രസക്തമാണ്. അമ്മയും സഹോദരങ്ങളും ജെറുസലേം പുത്രിമാരും കാമുകികാമുകന്മാരുടെ സ്നേഹബന്ധത്തിന് മിഴിവും തെളിവുമേകുന്ന നിഴലുകൾ മാത്രമാണ്. പരസ്പരം മനസ്സിലാക്കുന്ന പരസ്പരം ഇഷ്ടത്തെ ബലി കൊടുക്കുന്ന നിസ്വാർത്ഥതയുടെ പൂരകങ്ങളാണ് ഉത്തമഗീതത്തിൽ നൃത്തം ചവിട്ടുന്ന സ്ത്രീയും പുരുഷനും.

## ശരീരവും പ്രപഞ്ചവും

കാമുകികാമുകന്മാരുടെ പ്രണയനാടകം അരങ്ങേറുന്നത് പ്രപഞ്ചത്തിലാണ്. മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള താളാത്മകലയത്തിന്റെ നിർവൃതിയാണ് ഉത്തമഗീതത്തിൽ ഉടനീളം കാണുന്നത്. പ്രപഞ്ചത്തേയും മനുഷ്യശരീരത്തേയും രണ്ടുമാനത്തിൽ ചിട്ടപ്പെടുത്തിയാണ് ഉത്തമഗീതം മനുഷ്യപ്രപഞ്ച താളത്തിന്റെ സിംഫണി ഒരുക്കുന്നത്. മനുഷ്യശരീരത്തിൽ മുഴുവൻ പ്രകൃതിയും പ്രകൃതിയിൽ മുഴുവൻ മനുഷ്യശരീരവുമാണ്.

കാമുകിയുടെ ശരീരം കേദാറിലെ കൂടാരങ്ങളാണ് (1, 5); അവളുടെ കണ്ണുകൾ ഇണപ്രാവുകളാണ് (1, 15); ഷാരോണിലെ പനിനീർപൂവാണവൾ (2, 2); അവളുടെ മുടികൾ കോലാട്ടിൻ പറ്റമാണ് (4, 1); അവളുടെ കവിളുകൾ മാതളപഴ പകുതികളാണ് (4, 4). പുരുഷശരീരത്തിന്റെ വർണ്ണനയിലും പ്രപഞ്ച യാഥാർത്ഥ്യങ്ങൾ അലയടിക്കുകയാണ്. അവൻ ആപ്പിൾ മരമാണ് (2, 3) കുതിച്ചുചാടുന്ന ചെറുമാനാണ്. അവന്റെ തലമുടിയിഴകൾ തിരമാലയാണ് (5, 11); അവന്റെ കണ്ണുകൾ അരുവിക്കരയിലെ പ്രാവുകളാണ് (5, 12).

ഈ പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിച്ചുനില്ക്കുന്നത് സ്ത്രീപുരുഷ ശരീരമാണ്. "എന്റെ സ്വന്തം മുന്തിരിത്തോട്ടം ഞാൻ കാത്തുസൂക്ഷിച്ചില്ല" (1, 7) എന്ന് മണവാട്ടി കേഴുമ്പോഴും നമുക്ക് മുന്തിരിത്തോട്ടത്തിലേക്കു പോകാം, മുന്തിരി മൊട്ടിട്ടോ എന്നുനോക്കാം മുന്തിരിപ്പൂക്കൾ വിടർന്നോ എന്നുനോക്കാം. മാതളനാരകം പൂവിട്ടോ എന്നന്വേഷിക്കാം (7, 12) എന്ന് കാമുകൻ ക്ഷണിക്കുമ്പോഴും വർണ്ണനകളിൽ അന്തർലീനമായിരിക്കുന്ന ലൈംഗികചോദന പ്രപഞ്ചത്തെ മുഴുവൻ മനുഷ്യശരീരമായി നിലനിറുത്തുകയാണ്.

മനുഷ്യ-പ്രപഞ്ച ലയത്തിൽ നിലകൊള്ളുന്ന പ്ര

www.malankaralibrary.com



ണയം തന്നെയാണ് ഉത്തമഗീതത്തിലെ ദൈവം. "ദൈവം" എന്ന പദം ഉപയോഗിക്കപ്പെടാത്ത ബൈബിളിലെ ഏക ഗ്രന്ഥം ഉത്തമഗീതമായിരിക്കെത്തന്നെ ആദ്യവചനം മുതൽ ഈ ഗ്രന്ഥത്തിൽ നിറഞ്ഞുനില്ക്കുന്നത് മനുഷ്യനെയും പ്രപഞ്ചത്തേയും ചേർത്തുനിറുത്തുന്ന ജീവൻ ആണ്. അത് ദൈവം തന്നെയാണ്. പ്രണയജോഡികളില്ലാതെ പ്രപഞ്ചമോ പ്രപഞ്ചമില്ലാതെ പ്രണയമോ ഉണ്ടാകുന്നില്ല.

## നഗ്നതയും കൂദാശയും

സ്ത്രീ പുരുഷ ശരീരത്തിന്റെ നഗ്നത അനാവരണം ചെയ്യുന്ന നാലു ഗീതങ്ങൾ ഉത്തമഗീതത്തിലുണ്ട്. മൂന്നെണ്ണം സ്ത്രീ ശരീരത്തെക്കുറിച്ചും (4:1–15; 6:4–7; 7:1–9) ഒരെണ്ണം പുരുഷശരീരത്തെക്കുറിച്ചുമാണ്. ശരീരഭാഗങ്ങളെ അതിന്റെ പൂർണ്ണതയിലാണ് കാമുകികാമുകന്മാർ വർണ്ണിക്കുന്നത്. ഭാര്യ-ഭർതൃ ഉടമ്പടി ബന്ധത്തിലെ അനിവാര്യമായ സ്തുതിപ്പുകളാണ് ഈ വചനഭാഗങ്ങൾ. ഇവിടെ ഭാര്യയുടെ നഗ്നത ഭർത്താവിനോ ഭർത്താവിന്റേത് ഭാര്യയ്ക്കോ നാണം ജനിപ്പിക്കുന്നില്ല. നഗ്നത നാണമാകുന്നത് അത് കൂദാശയാകാത്തപ്പോഴാണ്. "നിന്റെ ഹൃദയത്തിൽ മുദ്രയായും നിന്റെ കരത്തിൽ അടയാളമായും എന്നെ പതിക്കുക" (8, 6) എന്ന് കാമുകൻ (ഭർത്താവ്) പ്രാർത്ഥിക്കുമ്പോൾ നിയമാവർത്തന പുസ്തകം 6:6–9 വരെ വിവരിക്കപ്പെടുന്ന ഉടമ്പടി കൈമാറ്റത്തിന്റെ ഓർമ്മയാണ് ആഘോഷിക്കപ്പെടുന്നത്. "ഞാൻ ഇന്നു കല്പിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടാകണം... അവ കൈയ്യിൽ ഒരടയാളമായും നെറ്റിത്തടത്തിൽ പട്ടമായും അണിയണം" (നിയ 6:6–9) എന്ന ആവർത്തന ഗ്രന്ഥത്തിന്റെ പാരമ്പര്യമാണ് ഉത്തമഗീതം 8, 6 ൽ പിന്തുടരുന്നത്.

ഉടമ്പടി ഇല്ലാതുള്ള എല്ലാ നഗ്നതയും അശ്ലീലമാണ്. പ്രണയവും നഗ്നതയും കൂദാശയാകുന്നത് ഉടമ്പടിയിലൂടെയാണ്. അതില്ലാത്തിടത്തോളം പ്രണയം അനാശാസ്യവും അവിവേകവുമാണ്.

## പ്രണയവും ഐക്യവും

പ്രണയം ഒരിക്കലും നിശ്ചലമല്ല. അത് ഇടമുറിയാത്ത മഴപെയ്ത്താണ്. ഈ ഒഴുക്ക് പൂർണ്ണമാകുന്നത് ഐക്യത്തിലും സംഗമത്തിലുമാണ്. മണവാട്ടി മണ

www.malankaralibrary.com

വാളനിൽ മാത്രമാണ് സമാധാനം കണ്ടെത്തുന്നത് (8, 6) ഐക്യത്തിലേക്കുള്ള ഈ യാത്രയിൽ തീവ്രങ്ങളായ ക്ഷണങ്ങളുണ്ട് (വേഗം പോകാം (1, 4), ഇറങ്ങി വരിക (2, 10)). അലയുന്ന അന്വേഷണങ്ങളുമുണ്ട് (അലഞ്ഞു നടക്കണം (1, 7) പിൻതുടരണം (1, 8), അന്വേഷിക്കണം (3:1-4)). കണ്ടുമുട്ടലിന്റെ സന്തോഷമുണ്ട് (5,3,4) വിരുന്നിന്റെ ആഘോഷവും (2,4; 2,5; 5,1)

> സ്ത്രീ പുരുഷ ശരീരത്തിന്റെ നഗ്നത അനാവരണം ചെയ്യുന്ന നാലു ഗീതങ്ങൾ ഉത്തമഗീതത്തിലുണ്ട്. മൂന്നെണ്ണം സ്ത്രീ ശരീരത്തെക്കുറിച്ചും ഒരെണ്ണം പുരുഷശരീരത്തെക്കുറിച്ചുമാണ്.

നഷ്ടപ്പെടലിന്റെ വേദനയും (5,6,7) വീണ്ടും കണ്ടുമുട്ടലിന്റെ ആനന്ദവും (6,12) അവസാനം സംഗമത്തിന്റെ നിർവൃതിയും (8,3) സമാധാനവുമുണ്ട് (8,10).

അവന്റെ ഇടതുകരം തലയിണയും വലതുകരം എനിക്ക് വലയവുമാകണമെന്ന് മണവാട്ടി സ്വപ്നം കാണുമ്പോൾ (2,6;8,3) ഹൃദയത്തിലെ മുദ്രയും കരത്തിലെ അടയാളവുമാക്കണമേ (8,6) എന്നാണ് മണവാളൻ പ്രാർത്ഥിക്കുന്നത്.

മനുഷ്യാത്മാവിന്റെ അടങ്ങാത്ത ആവേശത്തോടെയുള്ള തീർത്ഥയാത്രയാണ് ഉത്തമഗീതത്തിലെ പ്രണയസൗന്ദര്യം. ദൈവത്തിൽ വിലയം പ്രാപിക്കുന്നതുവരെ നഷ്ടപ്പെടലിന്റെ വേദനയും കണ്ടുമുട്ടലിന്റെ ആനന്ദവും ആ ആത്മാവ് അനുഭവിക്കുന്നു.

ആവിലായിലെ അമ്മ ത്രേസ്യായും കുരിശിന്റെ വി. യോഹന്നാനും തുടങ്ങി എല്ലാ വിശുദ്ധ ജന്മങ്ങളും അനുഭവിക്കുന്ന ആത്മനാഥനോടുള്ള പ്രണയ പാരവശ്യത്തിന്റെ മൂർത്തസങ്കല്പങ്ങളാണ് ഉത്തമഗീതത്തിൽ ചിത്രീകരിക്കപ്പെടുന്നത്. ഉത്തമഗീതത്തിന്റെ പ്രണയദർശനത്തെ ഈ മാനത്തിലൂടെ മാത്രമേ അളക്കാനാകൂ. ഇതു വെറും വൈകാരിക കാവ്യകല്പനയോ, സ്വപ്നശീലുകളുടെ ചിത്രീകരണങ്ങളോ അല്ല; മറിച്ച്, നാഥനെ തേടിയുള്ള ആത്മാവിന്റെ ദ്രുതഗമനങ്ങളാണ്. ഭൂമിയിലെ എല്ലാ പ്രണയത്തിലും ഉണ്ടാകേണ്ട ദൈവികപക്വതയെയാണ് ഉത്തമഗീതം പ്രഘോഷിക്കുന്നത്. പ്രണയം സ്വാർത്ഥമല്ല; അസൂയ ജനിപ്പിക്കുന്നതുമല്ല. അത് അഗ്നിയാണ്. ഭൂമിയിലെ ഒരു പ്രവാഹത്തിനും കെടുത്താനാകാത്തവിധം ശുദ്ധിചെയ്തുകൊണ്ടിരിക്കുന്ന പരിശുദ്ധിയുടെ അഗ്നിയാണത്. ഈ അഗ്നിയിലേക്കുള്ള സ്ത്രീയുടെയും പുരുഷന്റെയും യാത്രയും അവസാനം ഒന്നായി മാറുകയും സംഗമിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് പ്രണയം. ആ പ്രണയത്തിന്റെ മറ്റൊരു പേരത്രേ ദൈവം. ■


# ദിവ്യകാരുണ്യ യോഗാധ്യാനം
## (ഇടവകധ്യാനം)

ഭാരതീയ യോഗസാധനയെ ക്രിസ്തീയ മാനസിക പ്രാർത്ഥനയുമായി സമന്വയിപ്പിക്കുന്ന ആത്മീയകല. ശാരീരികവും, മാനസികവും, ആത്മീയവുമായ ആരോഗ്യം സംരക്ഷിക്കാനുള്ള ഉത്തമസാധന.

ഇടവകകളിൽ ഇടവകധ്യാനമായി നടത്തപ്പെടുന്നു. വ്യക്തിജീവിതവും കുടുംബജീവിതവും സമാധാനപൂർണ്ണമാക്കാനുള്ള മാർഗ്ഗം. താത്പര്യമുള്ള വികാരിയച്ചന്മാർ ബന്ധപ്പെടുക.

ഫാ. സൈജു തുരുത്തിയിൽ എം. സി. ബി. എസ്.
മൊബൈൽ 9447913526
ഫോൺ 0484 2462016

www.malankaralibrary.com



# ഔപചാരികമായി സഭ ഉപേക്ഷിക്കൽ

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

**● തോമസ് ഒരു കത്തോലിക്കാ യുവാവും ഷീല ഒരു ഹിന്ദു യുവതിയുമാണ്. ഇരുവരും സ്നേഹത്തിലാണ്. ഷീലയുടെ നിർബന്ധപ്രകാരം ഹിന്ദുനിയമപ്രകാരം (The Hindu Marriage Act) ഇവർ വിവാഹിതരാകാൻ ആഗ്രഹിക്കുന്നു. ഹിന്ദു വിവാഹനിയമമനുസരിച്ച് രണ്ടുപേരും ഹിന്ദുക്കളായിരിക്കണം. തന്മൂലം, തോമസിന് ഷീലയെന്ന ഹിന്ദുയുവതിയെ ഹിന്ദു വിവാഹനിയമപ്രകാരം വിവാഹം കഴിക്കണമെങ്കിൽ തോമസും ഹിന്ദുവാണെന്ന് തെളിയിക്കണം. അതനുസരിച്ച് തോമസ് ഹിന്ദുവാണെന്ന് തെളിയിക്കാനാവശ്യമായ പ്രഖ്യപനം നടത്തുകയും ഷീലയെ വിവാഹം കഴിക്കുകയും ചെയ്തു. എന്നാൽ ആ വിവാഹം അധികനാൾ നീണ്ടുനിന്നില്ല. തോമസിന് ഷീലയുമായുള്ള വിവാഹം സഭാകോടതി വഴി അസാധുവാക്കി വേറൊരു കത്തോലിക്കാ യുവതിയെ വിവാഹം കഴിക്കണം. ഹിന്ദുവാകാൻ യഥാർത്ഥത്തിൽ താൻ ആഗ്രഹിച്ചിരുന്നില്ലെന്നാണ് തോമസ് പറയുന്നത്. തോമസിന്റെ ഈ നടപടി; സഭ ഔപചാരികമായി ഉപേക്ഷിച്ചതിന് തുല്യമായി പരിഗണിക്കാമോ?**

**ഫാ. ലൂക്ക് പൂതൃക്കയിൽ**

ഔപചാരികമായ നടപടിക്രമം വഴി സഭ ഉപേക്ഷിക്കുക (Leaving the Church by a formal act) എന്ന സമ്പ്രദായം തീർത്തും നൂതനമായ ഒരു പ്രയോഗമാണ്. ഇത് നാം കരുതുന്നപോലെ ലളിതമായ കാര്യമല്ല. ഈ പ്രയോഗത്തിന്റെ ശരിയായ അർത്ഥവും വ്യക്തമല്ല. അർത്ഥം ശരിയായ വിധത്തിൽ മനസ്സിലാക്കുവാനുള്ള കൃത്യമായ നിർദ്ദേശങ്ങൾ ലത്തീൻ നിയമസംഹിതയോ, പൗരസ്ത്യ നിയമസംഹിതയോ നല്കുന്നില്ല. ഔപചാരിക നടപടിക്രമത്തിലൂടെ സഭ ഉപേക്ഷിക്കുക എന്ന പ്രയോഗത്തിന്റെ അർത്ഥവ്യാപ്തി വ്യക്തമാക്കുന്ന പുസ്തകങ്ങളും ലേഖനങ്ങളും വിരളമാണ്. ഒരു തരത്തിലല്ലെങ്കിൽ, മറ്റൊരുതരത്തിൽ കത്തോലിക്കാ സഭയിൽ നിന്ന് അകന്ന്

www.malankaralibrary.com



നില്ക്കുന്നവരുണ്ട്. എന്നാൽ അവർ ഔപചാരിക നടപടിയിലൂടെ സഭ ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്ന വരല്ല. സഭ ഉപേക്ഷിക്കുന്നതിനുള്ള ഔപചാരിക നട പടി എന്താണെന്ന് നിയമസംഹിതയും കൃത്യമായി വ്യക്തമാക്കിയിട്ടില്ല എന്നിരുന്നാലും മേല്പറഞ്ഞ പ്രയോഗത്തെ സംബന്ധിക്കുന്ന കാനോനയും അ തിന്റെ സാഹചര്യങ്ങളും ക്രമാനുഗതമായി വിശക ലനം ചെയ്യുമ്പോൾ ചില കാര്യങ്ങൾ മനസ്സിലാ ക്കുവാൻ കഴിയും.

## കത്തോലിക്കാസഭ ഉപേക്ഷിക്കുക

ലത്തീൻ നിയമസംഹിതയിൽ "ഔപചാരിക നടപ ടി ക്രമത്തിലൂടെ സഭ ഉപേക്ഷിക്കുക" എന്ന പ്രയോഗം രണ്ടു കാനോനകളിൽ കാണാവുന്നതാണ്. അതിൽ ആദ്യത്തേത് മേല്പറഞ്ഞ വിധത്തിൽ സഭ ഉപേ ക്ഷിച്ചു പോകുന്നവർ അക്രൈസ്തവരുമായുള്ള വിവാഹത്തിലേർപ്പെടുമ്പോൾ മതവ്യത്യാസം എന്ന വിവാഹതടസ്സത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നു എന്ന് പ്രതിപാദിക്കുന്നിടത്താണ്. മതവ്യത്യാസം ഒരു വിവാഹതടസ്സമായി പൗരസ്ത്യസഭകളിൽ കണക്കാ ക്കപ്പെടാൻ തുടങ്ങിയത് 692-ലെ ത്രുള്ളോ കൗൺ സിലിലാണ്. ഈ കൗൺസിലിന്റെ കാനോനകൾ പാ ശ്ചാത്യസഭയിൽ സ്വീകാര്യമായിരുന്നില്ലെങ്കിലും 7 മുതൽ 11 വരെയുള്ള നൂറ്റാണ്ടുകളിൽ മതവ്യത്യാസം വിവാഹതടസ്സമായിത്തന്നെ പാശ്ചാത്യസഭയിൽ പരിഗണിക്കപ്പെട്ടിരുന്നു. 1917-ലെ ലത്തീൻ നിയമസം ഹിത ഇത് അംഗീകരിക്കുകയും നിയമമാക്കുകയും ചെയ്തു. ഈ വിവാഹതടസ്സം കത്തോലിക്കരെ മാത്രം ബാധിക്കുന്നതാണ്. ലത്തീൻ നിയമസംഹിതയ നുസരിച്ച് ഔപചാരിക നടപടിയിലൂടെ സഭ ഉപേക്ഷിക്കുന്നവർ ഈ സഭാനിയമത്തിന് വിധേ യരല്ല (CIC. c. 1086/1).

രണ്ടാമത്തെ പരാമർശം മിശ്രവിവാഹത്തിനുള്ള അ നുവാദത്തെപ്പറ്റി പറയുന്നിടത്താണ്. മാമ്മോദിസ

www.malankaralibrary.com



സ്വീ കരിച്ച അകത്തോലിക്കരുമായി കത്തോലിക്കാ വിശ്വാസികൾക്ക് വിവാഹം നടത്തണമെങ്കിൽ കത്തോലിക്കാ വിശ്വാസിയുടെ രൂപതാദ്ധ്യക്ഷനിൽ നിന്ന് അനുവാദം ലഭിച്ചിരിക്കണം. എന്നാൽ ഔപചാരിക നടപടിക്രമം വഴി കത്തോലിക്കാവിശ്വാസം ഉപേക്ഷിച്ച കത്തോലിക്കന് ഈ നിബന്ധന ബാധകമല്ല (CIC. c. 1124). ലത്തീൻ നിയമസംഹിത, ഔപചാരികമായി സഭ ഉപേക്ഷിക്കുന്നതിനെപ്പറ്റി ഇപ്രകാരം പരാമർശിക്കുന്നുണ്ടെങ്കിലും പൗരസ്ത്യ നിയമത്തിൽ യാതൊരു പരാമർശങ്ങളുമില്ല.

## പൂർണ്ണക്കൂട്ടായ്മയിൽ നിന്ന് പുറത്താക്കപ്പെടുന്നു

ലത്തീൻ നിയമസംഹിതയിൽ ഉപയോഗിച്ചിരിക്കുന്ന 'Leaving the Catholic Church' എന്ന പദപ്രയോഗത്തിൽ നിന്നും ഔപചാരിക നടപടികൾ വഴി സഭ ഉപേക്ഷിക്കുന്നവർ കത്തോലിക്കാസഭയുമായിട്ടുള്ള പൂർണ്ണകൂട്ടായ്മ (Full Commmunion) ൽ നിന്ന് പുറത്താക്കപ്പെടുന്നുവെന്ന് വ്യക്തമാണ്. അതായത്, സഭയുമായിട്ടുള്ള വിശ്വാസപരമായ ബന്ധത്തിൽനിന്നും (Bonds of Faith) ആരാധനാക്രമത്തിൽനിന്നും (worship) സഭാഭരണ ബന്ധത്തിൽനിന്നും (governance) ഇക്കൂട്ടർ പുറത്താകുന്നു (CIC.c. 205; CCEO: c. 8). കാരണം, സഭയിൽ മാമ്മോദിസ സ്വീകരിച്ച വ്യക്തികൾ കത്തോലിക്കാസഭയുമായി പൂർണ്ണമായ കൂട്ടായ്മയിൽ എത്തിച്ചേരുന്നത്, വിശ്വാസം, കൂദാശകൾ, സഭാഭരണസംവിധാനം എന്നിവ വഴിയാണ്. അതുകൊണ്ടാണ് സഭ ഉപേക്ഷിക്കുന്ന വ്യക്തികൾ സഭയുടെ പൂർണ്ണക്കൂട്ടായ്മയിൽ നിന്ന് പുറത്താക്കപ്പെടുന്നുവെന്ന് പറയുന്നത്.

## സഭ ഉപേക്ഷിക്കുക നൈയ്യാമികമായ പ്രവൃത്തിയാണ്

സഭ ഉപേക്ഷിക്കുകയെന്നത് നൈയ്യാമികമായ ഒരു പ്രവൃത്തിയാണ് (juridical act). നിയമപരമായ പ്രവൃത്തിയെന്നതുകൊണ്ട് അതു തികച്ചും മാനുഷികമായ പ്രവൃത്തിയും അതിന് നിയമപരമായ പ്രത്യാഘാതങ്ങൾ ഉളവാകുന്നവയുമാണ്. ഒരു പ്രവൃത്തി മാനുഷിക പ്രവൃത്തിയാകണമെങ്കിൽ ചെയ്യുന്ന പ്രവൃത്തിയെപ്പറ്റി അറിവും (knowledge) ആ പ്രവൃത്തി ചെയ്യുവാനുള്ള സ്വാതന്ത്ര്യവും പക്വതയും (freedom and maturity) വ്യക്തികൾക്ക് ഉണ്ടായിരിക്കണം. മേല്പറഞ്ഞ ഘടകങ്ങളെ വ്യക്തിയുടെ ആന്തരികവും (Psychological) ബാഹ്യവുമായിട്ടുള്ള ഘടകങ്ങൾ (external factors) തടസ്സപ്പെടുത്തിയേക്കാം. അപ്പോൾ അവ മാനുഷിക പ്രവൃത്തി അല്ലാതാകാം. മാനുഷികമായ ഒരു പ്രവൃത്തിക്ക് നിയമപരമായ പരിണിതഫലങ്ങൾ ആരോപിക്കുമ്പോൾ മേല്പറഞ്ഞ മൂന്നു ഘടകങ്ങളും ഉണ്ടായിരിക്കണമെന്നാണ് വിവക്ഷിക്കുന്നത്.

മേല്പറഞ്ഞ നിയമപരമായ നിഗമനങ്ങൾ ഒരാളുടെ സഭ ഉപേക്ഷിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെടുത്തുകയാണെങ്കിൽ (apply) അയാൾ കത്തോലിക്കാസഭയുമായുള്ള പൂർണ്ണക്കൂട്ടായ്മയിൽ നിന്ന് വേർപെടുകയെന്ന കൃത്യമായ തീരുമാനത്തോടെയായിരിക്കണം ആ പ്രവൃത്തി ചെയ്തിരിക്കേണ്ടത്. ഈ അറിവ് ഇല്ലാതെയോ മറ്റുള്ളവരുടെ സമ്മർദ്ദത്തിന് വഴങ്ങിയോ ഒക്കെയാണ് സഭ ഉപേക്ഷിക്കുന്നതെങ്കിൽ ആ പ്രവൃത്തി നിയമദൃഷ്ട്യാ നിലനില്ക്കുന്നതല്ല. അതുപോലെതന്നെ സഭയ്ക്കു നല്കേണ്ട എന്തെങ്കിലും പിരിവുകളിൽ നിന്നോ മറ്റോ ഒഴിവാക്കപ്പെടുന്നതിനോ മറ്റ് മതവിഭാഗത്തിൽപ്പെട്ട ആരെയെങ്കിലും വിവാഹം കഴിക്കുകയെന്ന ലക്ഷ്യത്തോടെയോ മറ്റോ ആണ് സഭ ഉപേക്ഷിക്കാനിടവന്നതെങ്കിൽ ആ പ്രവൃത്തിയും നിയമദൃഷ്ടിയാലുള്ള സഭ ഉപേക്ഷിക്കലായി കണക്കാക്കപ്പെടുകയില്ല. ഇതിനെയൊക്കെ കൃത്യമായി പറഞ്ഞാൽ കപടനാട്യം (Simulation) എന്നേ കരുതാൻ കഴിയൂ. കപടനാട്യത്തിൽ മനസ്സിൽ സഭ ഉപേക്ഷിക്കാനുള്ള തീരുമാനമുണ്ടാകാതെ തന്നെ ബാഹ്യമായി

www.malankaralibrary.com

മാത്രം സഭ ഉപേക്ഷിക്കുന്നവരുണ്ടാകാം. ബാഹ്യമായി ഇപ്രകാരം ചെയ്യാനുള്ള കാരണങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെ സഭയുടെ നിയമങ്ങളിൽ നിന്നോ പിരിവുകളിൽ നിന്നോ ഒഴിവാക്കപ്പെടുകയോ എന്നൊക്കെയാവാം.

## ബാഹ്യമായ പ്രവൃത്തിയും ആന്തരിക തീരുമാനവും

ഒരു മാനുഷിക പ്രവൃത്തിയ്ക്ക് നിയമപരമായ ഫലം (efficacy) ഉളവാകണമെങ്കിൽ ആ വ്യക്തിയുടെ ബാഹ്യമായ പ്രവൃത്തി ആന്തരികമായ തീരുമാനത്തിന്റെ വെളിച്ചത്തിലായിരിക്കണം. ഇവിടെ ഒരു വ്യക്തി സഭ ഉപേക്ഷിക്കുന്ന നൈയ്യാമിക പ്രവൃത്തിയ്ക്ക് പാലിക്കേണ്ട നടപടിക്രമം എന്താണെന്നോ അത് എപ്രകാരം ചെയ്തിരിക്കണമെന്നോ കാനൻ നിയമത്തിൽ പ്രതിപാദിക്കുന്നില്ല. അതുകൊണ്ട് ഒരു നൈയ്യാമിക പ്രവൃത്തി സാധുവാകുന്നതിന് കാനൻ നിയമം അനുശാസിക്കുന്ന ഘടകങ്ങളായ ശരിയായ അറിവും സ്വാതന്ത്ര്യവും പ്രവൃത്തി ചെയ്യാനുള്ള പക്വതയും ഉള്ളയാൾ കത്തോലിക്കാസഭ വിട്ടുപോകണമെന്ന ഉദ്ദേശത്തോടെ വിശ്വാസത്തെയോ, സഭാഭരണ സംവിധാനത്തെയോ തള്ളിപ്പറയുമ്പോൾ അയാൾ സഭ വിട്ടുപോയതായി പരിഗണിക്കാവുന്നതാണ്.

## ഔപചാരികതയെന്ന വിശേഷണം

സഭ ഉപേക്ഷിക്കുന്ന നൈയ്യാമിക പ്രവൃത്തിയിലെ ഔപചാരികതയെന്ന നാമവിശേഷണമാണ് ഈ വിഷയത്തിലെ ഏറ്റം പ്രധാനപ്പെട്ട സംഗതി. ഈ നാമവിശേഷണം ലത്തീൻ നിയമസംഹിതയിൽ മൂന്ന് പ്രാവശ്യവും, പൗരസ്ത്യ നിയമസംഹിതയിൽ രണ്ടു പ്രാവശ്യവും ഉപയോഗിച്ച് കാണുന്നുണ്ട്.

1. ക്രിസ്തീയ വിശ്വാസികൾ രൂപംകൊടുക്കുന്ന പ്രൈവറ്റ് അസോസിയേഷൻ നൈയ്യാമിക വ്യക്തി (juridic personality) ആകണമെങ്കിൽ നിയമാനുസൃത അധികാരിയുടെ ഔപചാരികമായ ഒരു ഡിക്രി ഉണ്ടായിരിക്കേണ്ടതാണ് (CIC. c. 322/1). (പൗരസ്ത്യ നിയമസംഹിതയിൽ ഇതിന് തുല്യമായ കാനോനയില്ല).

2. രൂപതാ മെത്രാന് തന്റെ രൂപതാതിർത്തിക്കുള്ളിൽ ഔപചാരിക ഡിക്രി വഴി ഒരു സന്യാസസഭ സ്ഥാപിക്കാം. (പരിശുദ്ധ സിംഹാസനവുമായി ഇക്കാര്യം നേരത്തെ ആലോചിച്ചിരിക്കണം) (CIC. c. 579) cfr CCEO. c. 506/3).

3. ഒരു സന്യാസസഭയ്ക്ക് പൊന്തിഫിക്കൽ പദവി ലഭിക്കണമെങ്കിൽ പരി: സിംഹാസനത്തിന്റെ ഔപചാരിക ഡിക്രി (formal decree) ആവശ്യമാണ് (CIC.c. 589; cfr also CCEO. c. 505).

മേൽ പ്രസ്താവിച്ച സാഹചര്യങ്ങളിലെല്ലാം ഔപചാരികമായ എന്ന നാമവിശേഷണംകൊണ്ട് അർത്ഥമാക്കുന്നത് മേല്പറഞ്ഞ ഡിക്രികൾ ഒരു പ്രവൃത്തി ചെയ്യുന്നതിനുള്ള ബാഹ്യമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിരിക്കണമെന്നാണ്. എന്നാൽ ബാഹ്യമായി ഏതെല്ലാം നടപടിക്രമങ്ങളാണ് ഒരാൾ സഭ ഉപേക്ഷിച്ചു പോകുമ്പോൾ പൂർത്തിയാക്കേണ്ടതായോ പാലിക്കേണ്ടതായോ ഉള്ളതെന്ന് നിയമത്തിൽ പറഞ്ഞിട്ടില്ല. പരസ്യമോ (public) കുപ്രസിദ്ധമോ (notorious) ആയ ഒരു പ്രവൃത്തിയ്ക്ക് സാധ്യമായ തെളിവുകൾ ആവശ്യമാണ്. എന്നാൽ ഔപചാരികമായി സഭ ഉപേക്ഷിക്കുന്ന പ്രവൃത്തിയെ മേല്പറഞ്ഞ ഗണത്തിൽ നിന്ന് നിയമദാതാവ് വേർതിരിച്ചാണ് കാണുന്നത്. തന്മൂലം ഔപചാരികമായി സഭ ഉപേക്ഷിച്ചു എന്നതിന് ബാഹ്യമായ തെളിവുകൾ മാത്രം പോരാ എന്ന് വ്യക്തമാണ്. അതിൽ കൂടുതൽ എന്തോ 'formal' എന്ന നാമവിശേഷണം ലക്ഷ്യമാക്കുന്നുണ്ട്. അതനുസരിച്ച് ഒരാൾ ഔപചാരികമായി സഭ ഉപേക്ഷിക്കുന്ന പ്രവൃത്തി വ്യക്തിപരമായ ഒരു പ്രഖ്യാപനമായിരിക്കണം. ഈ പ്രവൃത്തി "ഞാൻ കത്തോലിക്കാസഭ ഉപേക്ഷിക്കുന്നു" എന്ന ഒരു പ്രഖ്യാപനമാകാം.

## വ്യക്തിപരമായ തീരുമാനം

ചുരുക്കത്തിൽ ഒരു പ്രവൃത്തി ഒരാളുടെ മനസ്സിന്റെ നിയതമായ നിശ്ചയപ്രകാരമായിരിക്കണം. ഇത് തികച്ചും വ്യക്തിപരമായ ഒരു തീരുമാനമായിരിക്കും. അതുകൊണ്ട് അത്തരമൊരു തീരുമാനം എടുക്കുന്ന വ്യക്തി ചെയ്യാൻ പോകുന്ന പ്രവൃത്തിയുടെ പ്രാധാന്യത്തെപ്പറ്റി അറിവും ആ പ്രവൃത്തി വഴി ആഗ്രഹിക്കുന്ന ലക്ഷ്യം നേടിയെടുക്കാനുള്ള മനസ്സിന്റെ നിശ്ചയവുമുണ്ടാകണം. മനസ്സിന്റെ ഈ നിശ്ചയമാണ് ഒരു പ്രവൃത്തിയുടെ ഔപചാരിക സ്വഭാവം നിർണ്ണയിക്കുന്നത്. മാത്രവുമല്ല, ഈ പ്രവൃത്തി സഭയുമായുള്ള അയാളുടെ കൂട്ടായ്മയെ ബാധിക്കുന്നതിനാൽ ആ പ്രവൃത്തിയുടെ സത്യാവസ്ഥ അഥവാ വസ്തുനിഷ്ഠത ഉറപ്പുവരുത്തിയിരിക്കണം. ഇത് ഉറപ്പുവരുത്താൻ

www.malankaralibrary.com

നിയമാനുസൃതമായ സഭാധികാരിയുടെ ഇടപെടൽ ആവശ്യമാണ്. എന്നിരുന്നാലും ഇതിനൊക്കെ എന്തെല്ലാം ഔപചാരിക നടപടികളാണ് പാലിക്കേണ്ടതെന്ന് നിയമത്തിൽ പറഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് നിയമദാതാവുതന്നെ നിയമവ്യാഖ്യാനം വഴിയോ Complimentary legislation വഴിയോ സഭ ഉപേക്ഷിക്കുന്നതിന് നിയതമായ നടപടിക്രമം ഉണ്ടാക്കേണ്ടതാണ്.

## പൊന്തിഫിക്കൽ കൗൺസിലിന്റെ വ്യാഖ്യാനം

നിയമത്തിന്റെ അപര്യാപ്തതയും സംഗതിയുടെ ഗൗരവവും കണക്കിലെടുത്ത് 2006 മാർച്ച് 13-ാം തീയതി പരി. പിതാവ് ബനഡിക്ട് 16-ാമൻ പാപ്പായുടെ അനുമതിയോടെ, നിയമവ്യാഖ്യാനത്തിനുള്ള പൊന്തിഫിക്കൽ കൗൺസിൽ, സഭ ഉപേക്ഷിച്ചുപോകുമ്പോൾ പാലിക്കേണ്ട ഔപചാരിക നടപടിക്രമം എന്തെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കത്തോലിക്കാസഭ ഉപേക്ഷിക്കുന്ന പ്രവൃത്തി സാധുവായ ഉപേക്ഷിക്കൽ ആകണമെങ്കിൽ പ്രധാനമായും മൂന്ന് കാര്യങ്ങൾ ഉണ്ടായിരിക്കണം. അവ താഴെ ചേർക്കുന്നു:-

1. കത്തോലിക്കാസഭ ഉപേക്ഷിക്കണമെന്ന ആന്തരിക തീരുമാനം (Internal decision) ഉണ്ടായിരിക്കണം.
2. പ്രസ്തുത തീരുമാനം ബാഹ്യമായി പ്രകടിപ്പിച്ചിരിക്കണം
3. പ്രസ്തുത തീരുമാനം നിയമാനുസൃത സഭാധികാരി അംഗീകരിച്ചിരിക്കണം.

സഭ ഉപേക്ഷിക്കുന്നവർക്ക് ശിക്ഷയും നല്കാവുന്നതാണ്

സഭ ഉപേക്ഷിക്കുന്ന പ്രവൃത്തി സാധുവായ ഒരു നൈയ്യാമിക പ്രവൃത്തിയാകണമെങ്കിൽ അതുചെയ്യുന്നയാൾ കാനോനികമായി ആ പ്രവൃത്തി ചെയ്യുവാൻ പ്രാപ്തനായിരിക്കണം. വ്യക്തിപരമായി വേണം ഈ പ്രവൃത്തി ചെയ്യുവാൻ. സ്വതന്ത്രമായിട്ടും പൂർണ്ണബോധത്തോടുകൂടിയും ആയിരിക്കണം. കൂടാതെ സഭ ഉപേക്ഷിക്കാനുള്ള തീരുമാനം രേഖാമൂലം നിയമാനുസൃത അധികാരിയുടെ മുമ്പിൽ സമർപ്പിക്കണം. രൂപതാമെത്രാനോ ഇടവകവികാരിയോ ആണ് ഈ അധികാരി. ഇദ്ദേഹമായിരിക്കും ഒരു വ്യക്തി സഭ ഉപേക്ഷിക്കുവാനുള്ള തീരുമാനം മനസ്സിന്റെ നിയതമായ നിശ്ചയപ്രകാരമാണോ എടുത്തിട്ടുള്ളത് എന്ന് നിർണ്ണയിക്കുന്നത്. തന്മൂലം മനസ്സിന്റെ നിയതമായ നിശ്ചയവും ആ നിശ്ചയത്തിന്റെ ബാഹ്യപ്രകാശനവുമാണ് സഭ ഉപേക്ഷിക്കുന്ന പ്രവൃത്തിയിലെ പ്രധാന ഘടകങ്ങൾ. സഭാവിശ്വാസവും സഭയുമായുള്ള കൂട്ടായ്മയും ഉപേക്ഷിക്കുന്നവർക്കുള്ള ശിക്ഷയും ഇക്കൂട്ടർക്ക് നല്കാവുന്നതാണ് (CIC. c. 1364/1).

> നിയമവ്യാഖ്യാനത്തിനുള്ള പൊന്തിഫിക്കൽ കൗൺസിൽ, സഭ ഉപേക്ഷിച്ചുപോകുമ്പോൾ പാലിക്കേണ്ട ഔപചാരിക നടപടിക്രമം എന്തെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രസ്താവിച്ച പ്രകാരം ആരെങ്കിലും ഔപചാരികമായി സഭ ഉപേക്ഷിക്കുന്ന പക്ഷം പ്രസ്തുത വിവരം കൃത്യമായി മാമ്മോദിസ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഒരാൾ ഔപചാരിക നടപടി ക്രമങ്ങളിലൂടെ കത്തോലിക്കാസഭ ഉപേക്ഷിച്ചാലും മാമ്മോദിസ വഴി സഭയുമായി ഉണ്ടാകുന്ന അയാളുടെ ബന്ധം നിലനില്ക്കുകതന്നെ ചെയ്യുമെന്നാണ് നാം മനസ്സിലാക്കേണ്ടത്.

മേല്പറഞ്ഞ വസ്തുതകളിൽനിന്ന് ഷീലയെ ഹിന്ദുനിയമപ്രകാരം വിവാഹം കഴിക്കാൻ മാത്രമായി തോമസ് ഹിന്ദുവാണെന്ന് ഏറ്റുപറയുന്നത് ഔപചാരികമായി സഭ ഉപേക്ഷിച്ചതിന് തുല്യമായി പരിഗണിക്കാൻ പാടുള്ളതല്ല.



**ഡോ. ജോസ് ചിറമേൽ**

റോമിലെ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ 1990ൽ ഡോക്ടറേറ്റ്. ഗ്രിഗോരിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1992-ൽ പോസ്റ്റ്-ഡോക്ടറൽ ഡിപ്ലോമ. വിവിധ സെമിനാരികളിൽ കാനൻ നിയമത്തിന്റെ പ്രൊഫസർ.

www.malankaralibrary.com

# നേർമൊഴി



"തൊഴിൽ തേടുന്നവരാകാതെ തൊഴിൽ ദാതാക്കളായി യുവാക്കൾ മാറണം"

**എ.പി.ജെ അബ്ദുൾകലാം.** കുട്ടികളുടെ സയൻസ് കോൺഗ്രസ് തിരുവനന്തപുരത്ത് ഉത്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞത്. സ്വയം ചോദ്യങ്ങൾ ചോദിക്കാനും ഉത്തരം കണ്ടെത്താനുമുള്ള കഴിവാണ് കുട്ടികൾക്ക് വേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

"പ്രകോപനങ്ങളിൽ നിന്നും കോലാഹലങ്ങളിൽ നിന്നും മുസ്ലിങ്ങൾ പിന്മാറുകയാണ് വേണ്ടത്"

**നിക്കോളാസ് സർക്കോസി.** ഫ്രഞ്ച് പ്രസിഡന്റ്. സ്വിറ്റ്സർലണ്ടിലെ സമ്മതിദായകരുടെ തീരുമാനത്തെ പിന്തുണച്ചുകൊണ്ട് എഴുതിയ എഡിറ്റോറിയലിൽ പറഞ്ഞത്.

"ഇറാഖ് ഇന്നലത്തെ യുദ്ധമാണ്. ഇന്നത്തെ യുദ്ധം അഫ്ഗാനിസ്ഥാനിലാണ്. ചടുതലയോടെ നാം പ്രവർത്തിച്ചില്ലെങ്കിൽ യമനിലായിരിക്കും നാളത്തെ യുദ്ധം"

**സെനറ്റർ ജോലീബർമാൻ.** അൽ ഖായിദ വിഭാഗങ്ങളെ ഇല്ലായ്മ ചെയ്യേണ്ടതിനെക്കുറിച്ച് പ്രസംഗിച്ചത്.

"സന്തോഷം കൊണ്ട് എനിക്ക് ഇരിക്കാനും നിൽക്കാനുമാവുന്നില്ല"

**ഗ്രേ മൂർ.** ഒരുവർഷത്തോളം ഇറാഖിൽ തടവിലായിരുന്ന പീറ്റർ മൂറെന്ന ഐ.റ്റി വിദഗ്ദന്റെ പിതാവ്. മകനെ വിട്ടയച്ചതറിഞ്ഞ് പ്രതികരിച്ചത്.

"വിറച്ചിട്ട് എന്റെ കാൽമുട്ടുകൾ കൂട്ടിയിടിക്കുന്നത് ഇതുവരെയും നിന്നിട്ടില്ല"

**ഹൊസേ മരിയ ഡിബല്ലോ.** അർജന്റീനക്കാരൻ, തെക്കേ അമേരിക്കയിലെ ആദ്യത്തെ സ്വവർഗ്ഗ വിവാഹം ഇദ്ദേഹവും കൂട്ടുകാരനുമായിട്ടായിരുന്നു.

"പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണം ഇന്ത്യയെ കൂടുതൽ പ്രവർത്തനക്ഷമമാക്കും. ഒപ്പം അരാജകത്വം കുറയുകയും ചെയ്യും"

**സലിൽ ത്രിപ്പതി.** പത്രപ്രവർത്തകൻ. തെലുങ്കാന സംസ്ഥാനം രൂപീകരിക്കുന്നതിനെക്കുറിച്ച് പ്രതികരിച്ചത്.

"പിണറായി വിജയന്റെ വീടുകാണാൻ നാലു ഡി.വൈ.എഫ് ഐ ക്കാർ പോയതാണ്. പക്ഷേ ഇതുവരെ ആശുപത്രിയിൽ നിന്നിറങ്ങിയിട്ടില്ല"

**പി. സി. ജോർജ്.** കേരള കോൺഗ്രസ് നേതാവ്.

"ഈയിടെ കേരളത്തിലെത്തിയ ഒരു വിദേശ വനിത ചോദിച്ചു. ഇത് സ്വവർഗ്ഗ രതിക്കാരുടെ നാടാണോയെന്ന്"

**സിവിക് ചന്ദ്രൻ.** മലയാളിയുടെ കപടതയെയും സൗഹൃദമില്ലായ്മയേയും കളിയാക്കി സംസാരിച്ചത്.

"വത്തിക്കാൻ കൗൺസിലിന്റെ ഇരട്ട ലക്ഷ്യങ്ങളെ ഫലപ്രദമായി സമന്വയിപ്പിച്ചതായിരുന്നു ഷില്ലബെക്കിന്റെ വിജയം. ഉറവിടങ്ങളിലേക്കുള്ള തിരിച്ചുപോക്കും നവീകരണവുമായിരുന്നു കൗൺസിൽ ലക്ഷ്യങ്ങൾ"

**ജന്നിഫർ കൂപ്പർ.** ഓക്സ്ഫോർഡ് ദൈവശാസ്ത്രജ്ഞൻ. ഈയിടെ അന്തരിച്ച ദൈവശാസ്ത്രജ്ഞൻ ഷില്ലബെക്കിനെക്കുറിച്ച് പറഞ്ഞത്.

"ദൈവം നമ്മുടെ പക്ഷത്താണെന്ന് അവകാശപ്പെടാതെ, എപ്പോഴും നമ്മൾ ദൈവത്തിന്റെ പക്ഷത്തായിരിക്കാൻ പ്രാർത്ഥിക്കണം"



**പ്രസിഡന്റ് ബറാക് ഒബാമ.** ടെക്സാസിൽ കൊല്ലപ്പെട്ട ജവാൻമാരുടെ സംസ്ക്കാര ശുശ്രൂഷയിൽ പറഞ്ഞത്.

www.malankaralibrary.com



# പിള്ള മനസ്സിൽ...

മനുഷ്യപുത്രൻ

മൂന്നു ദിവസം പ്രായമായ ബസ് സമരം പിൻവലിച്ചിരിക്കുന്നു. ഇതാണ് ജനുവരി 7-ാം തീയതിയിലെ പ്രധാന വാർത്ത.

ഈ സമരദിനങ്ങളിൽ ഏറ്റവും ശ്രദ്ധേയനായത് ശ്രീ ആർ. ബാലകൃഷ്ണപിള്ളയായിരുന്നു. പഞ്ചാബ് മോഡൽ മുതൽ ഇങ്ങോട്ട് പിള്ളയുടെ വാക്കുകളിൽ ജനം ആർത്മാർത്ഥത തൊട്ടറിഞ്ഞിട്ടുണ്ട്. ഇത്തവണ കൃത്യമായ ഒരു പ്രവചനവുമായിട്ടായിരുന്നു പിള്ള രംഗത്തു വന്നത്. ബസ്സ് സമരത്തിന്റെ രണ്ടാം ദിനമായിരുന്നു അന്ന്. പ്രവചനം ലളിതമായിരുന്നു: "നാളെ സമരം അവസാനിക്കും!" എങ്ങനെ? എന്തുകൊണ്ട്? എന്തുറപ്പ്? ചാനലുകൾ തിരിച്ചും മറിച്ചും ചോദിച്ചു. പിള്ള വിട്ടുകൊടുത്തില്ല: "എനിക്കറിയാം; എന്നാൽ ഞാൻ പറയില്ല."

പിള്ളയുടെ പ്രസ്താവന വെറും വീമ്പിളക്കാണെന്ന് കരുതിയവർക്ക് തെറ്റി. അദ്ദഹം പറഞ്ഞപോലെ പറഞ്ഞ നേരത്ത് സമരം അവസാനിച്ചു.

ഇവിടെ ഒരു കാര്യം വ്യക്തമാകുന്നു. ആത്മാർത്ഥതക്കുള്ള ക്രെഡിറ്റ് വീണ്ടും ബാലകൃഷ്ണപിള്ളക്കു തന്നെ പോകുന്നു. സമരം 7-ാം തീയതി തീരുമെന്ന് ചങ്കൂറ്റത്തോടെ ചാനലുകളുടെ മുമ്പിൽ പ്രവചിക്കാൻ പിള്ളക്കു കഴിഞ്ഞത് അദ്ദേഹത്തിനത് അറിയാമായിരുന്നതുകൊണ്ടാണ്. പിള്ളക്ക് അറിയാമെങ്കിൽ ശ്രീ ഉമ്മൻചാണ്ടി വരെയുള്ളവർക്ക് അറിയാമായിരുന്നു. പ്രതിപക്ഷത്തിനറിയാമായിരുന്നെങ്കിൽ 101 ശതമാനം ഉറപ്പ് സർക്കാരിനും മന്ത്രി തെറ്റയിലിനും എന്തിന് പാവം വി. എസ്സിന് പോലും അറിയാമായിരുന്നു. ഇവർക്കെല്ലാം പകലുപോലെ അറിയമായിരുന്ന കാര്യം ഇവിടുത്തെ മാധ്യമങ്ങൾക്ക് അറിയില്ലായിരുന്നെന്നോ?

തുടക്കം മുതൽ രാഷ്ട്രീയ നേതാക്കൾക്കും മാധ്യമങ്ങൾക്കും സമരത്തിന്റെ പിന്നറ രഹസ്യങ്ങൾ കൃത്യമായി അറിയാമായിരുന്നു. എന്നിട്ടും അത് തുറന്ന് പറയാൻ ആർജവം കാണിച്ചത് ശ്രീ പിള്ളമാത്രമായിരുന്നു. ഒരിക്കൽ കൂടി കേരള ജനത ഈ നേതാവിന് കൈകൂപ്പി പ്രണാമം പറയേണ്ടിയിരിക്കുന്നു. ജനത്തോട് അല്പമെങ്കിലും നെറിവ് കാണിച്ചതിന്.


ജനങ്ങളോട് നെറികേട് കാണിച്ചത് ആരാണ്? സംശയമില്ല; പിള്ള ഒഴിച്ചുള്ള എല്ലാവരും അക്കൂട്ടത്തിൽ പെടും, മാധ്യമങ്ങൾ വരെ. ഇത്രവലിയൊരു കള്ളക്കളിക്ക് മാധ്യമങ്ങളും കുടപിടിക്കുമ്പോൾ സാധാരണ ജനത്തിന്റെ അവസാനത്തെ പ്രത്യാശ കൂടിയാണ് കരിഞ്ഞമരുന്നത്.

മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കുമ്പോഴാണ് പിള്ളയോടുള്ള കടപ്പാടിന്റെ വലിപ്പം നമ്മൾ തിരിച്ചറിയുന്നത്. ബസ്സ് സമരം കൊണ്ട് ക്ലേശിച്ചത് ആരൊക്കെയാണ്? സ്കൂളിൽ പോകുന്ന പിള്ളേരും, യാത്രചെയ്യുന്ന മുതിർന്നവരും. അൽപംകൂടെ വ്യക്തത ആവശ്യമാണെന്ന് തോന്നുന്നു. എല്ലാ സ്കൂൾ കുട്ടികളുമല്ല, മറിച്ച് സ്കൂൾ ബസ്സില്ലാത്ത പള്ളിക്കൂടത്തിലെ കുട്ടികൾ മാത്രം. അതായത് സർക്കാർ സ്കൂളിലെയും എയ്ഡ്ഡ് സ്കൂളിലേയും പിള്ളേർ. മുതിർന്നവരുടെ കാര്യമോ? ഒരു സ്കൂട്ടർപോലും സ്വന്തമായിട്ടില്ലാത്ത സാധാരണക്കാരും ദരിദ്രരും. ഇവരോടൊക്കെ നെറിവ് കാണിക്കാനുള്ള മാന്യതയാണ് ശ്രീ ബാലകൃഷ്ണപിള്ള കാണിച്ചത്. ഇവരോടൊക്കെ തന്നെയാണ് ബാക്കിയെല്ലാവരും നെറിവ് കേട് കാണിച്ചത്.

ഒരു പിൻകുറിപ്പ് കൂടി. തമിഴ്നാടുപോലുള്ള അയൽ സംസ്ഥാനങ്ങളിൽ രണ്ട് രൂപയാണ് മിനിമം ബസ്സ് ചാർജ്. കേരളത്തിൽ ഇപ്പോൾ തന്നെ മൂന്നര രൂപയാണ്. അതാണ് നാലാക്കാൻ പോകുന്നത്! ഷെയ്ക്സ്പിയറിന്റെ ഷൈലോക്കിനെ ഓർക്കുന്നില്ലേ? അന്റോണിയോയെന്ന ക്രിസ്ത്യാനിയുടെ മാംസത്തിനായി കരാർ വ്യവസ്ഥ നിഷ്ക്കർഷിച്ച യൂദ ബ്ലയിഡുകാരനെ. അയാൾ അന്യന്റെ ചങ്കിലേക്കായിരുന്നു കത്തിയിറക്കിയത്. നമ്മുടെ നാട്ടിലെ നെറികെട്ടവരോ? സ്വന്തം ജനത്തിന്റെ ചങ്കിലേക്കു തന്നെ യാണിവർ കത്തിയിറക്കുന്നത്. എല്ലും തോലുമായിരിക്കുന്നവനിലേക്ക് കത്തിയിറക്കിയാലോ? നെറികേടുകാരന്റെ കത്തിയും പോകും, മറ്റവന്റെ ജീവനും പോകും. ■

www.malankaralibrary.com

January 2010 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment




Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at Anaswara Offset (P) Ltd., 48/2123-C Perandoor Jn., Elamakara, Kochi-682026, Editor: Fr.Jacob Naluparayil